പുസ്തകം 10 ലക്കം 2
ജനുവരി 2020
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക



## പരക്കം പാച്ചിൽ...

# ഡിസംബർ മാസത്തിൽ ഏക തത്ത്വ പബ്ലിക്കേഷൻസ് മൂന്നു പുസ്തകങ്ങൾ പുറത്തിറക്കി...



'ഭുർഗ്യാംലൊ സംസാർ' എന്ന പേരിൽ കൊങ്കിണി ഭാഷയിൽ ശ്രീമതി. സൂര്യ അശോക് രചിച്ച ബാലസാഹിത്യത്തിന്റെ മലയാള പരിഭാഷ ശ്രീമതി. പുഷ്പാ നവീൻ 'കുട്ട്യോളുടെ ലോകം' എന്ന പേരിൽ തയ്യാറാക്കിയ കൃതി ശ്രീമതി. രാധിക ഷേണായിയിൽ നിന്നും ശ്രീമതി. സൂര്യ അശോകിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. രണ്ടുപേരും കൊങ്കിണി എഴുത്തുകാരികളാണ്. മൂല്യകൃതിയ്ക്ക് കേരള സാഹിത്യ അക്കാദമി ബാലസാഹിത്യ പുരസ്കാരം ലഭിച്ചിട്ടുണ്ട്. പ്രസാധകർ ഏക തത്ത്വ പബ്ലിക്കേഷൻസ്.



ഡോ. ആശ ജയകുമാർ രചിച്ച യാത്രാവിവരണം 'കെനിയൻ സഫാരി-ഹക്കുനാ മട്ടാട്ടാ' കൊങ്കിണി എഴുത്തുകാരനും സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ ശ്രീ. ശരത്ചന്ദ്ര ഷേണായി റിട്ട. ജോയിന്റ് ഡയറക്ടർ, കേരള അനിമൽ ഹസ്ബന്ററി ഡോ. നവീനിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. പ്രസാധകർ ഏക തത്ത്വ പബ്ലിക്കേഷൻസ്. ഡോ. നവീനിന്റെ 'വെറ്ററിനറി ഹോമിയോപതി' എന്ന ഏറെ ശ്രദ്ധ നേടിയ ഗ്രന്ഥം അമസോണിൽ ലഭ്യമാണ്.



പറളി ഹയർ സെക്കണ്ടറി സ്കൂളും ഏക തത്ത്വ പബ്ലിക്കേഷൻസും സംയുക്തമായി പൂർവ്വ വിദ്യാർത്ഥി സംഗമവും പുസ്തക പ്രകാശനവും നടത്തി. ഓയിസ്കാ ഇന്റർനാഷണൽ വൈസ് പ്രസിഡന്റ് ഡോ. പാർവ്വതി വാരിയർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പൂർവ്വ വിദ്യാർത്ഥികളായ ശ്രീ. പാലാട്ട് മോഹൻദാസ് IAS മുൻ സ്റ്റേറ്റ് ചീഫ് സെക്രട്ടറി, ഡോ. സി. സുന്ദരൻ റിട്ട. വിങ് കമാൻഡർ, ശ്രീ. മുണ്ടൂർ സേതുമാധവൻ സാഹിത്യകാരൻ എന്നിവരെ ആദരിച്ചു. പൂർവ്വ വിദ്യാർത്ഥി ശ്രീ. ഈശ്വർകുമാർ തരവത്തിന്റെ 'ദേവഭൂമിയിലെ ദേവദാരുക്കൾ' എന്ന യാത്രാവിവരണ പുസ്തകം ഡോ. രാജൻ ചുങ്കത്ത് ശ്രീ. മുരളീധർ കൊല്ലത്തിന് നല്കി പ്രകാശനം ചെയ്തു. കഥാകൃത്ത് ശ്രീ. സുരേഷ് തെക്കീട്ടിൽ പുസ്തകപരിചയം നടത്തി. ഏക തത്ത്വ മാസിക എഡിറ്റർ ശ്രീ. ഇ. ടി. മുരളീധരൻ, പ്രിൻസിപ്പാൾ ശ്രീമതി. രേണുക തുടങ്ങിയവർ പ്രസംഗിച്ചു. കവയിത്രി തുളസി കേരളശ്ശേരിയുടെ കാവ്യാർച്ചനയുമുണ്ടായി.

₹ 15

# ഏക തത്ത്വ

## മാസിക

**പുസ്തകം 10 ലക്കം 2**
**ജനുവരി 2020**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**കവർ ചിത്രം**
ഉല്ലാസ് ഗോവർദ്ധൻ ആർ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

You can also use KSFE Palakkad Branch II, Sugama A/c No.3337

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**
7 - പ്രകൃതിയും പെരുമാറ്റവും - എം. എം. മേനോൻ
25 - മതസാഹോദര്യത്തിന്റെ മകരപൗർണ്ണമി - മുകേഷ് കണ്ണത്ത്
31 - ചന്തകൾ... ചന്തകൾ - ഏഴംകുളം മോഹൻകുമാർ

**കഥ**
28 - തെറ്റാകുന്ന കണക്കുകൾ - ബി. ദിനേഷ്
31 - പ്രതിഭാസം, മനസ്സിലിരുപ്പ്, അനുസ്മരണം - സുരേഷ് തെക്കീട്ടിൽ
32 - പിതൃയാനം - സുഗുണ സന്തോഷ്
34 - വകതിരിവ് - വാസുദേവൻ തച്ചോത്ത്
38 - പാസ്പോർട്ട് - സൈനുദീൻ മുണ്ടക്കയം
41 - ദൈവങ്ങളുടെ അവകാശികൾ - ശ്രീജ ജയചന്ദ്രൻ
41 - മോക്ഷം - ആർ. സി. നായർ

**കവിത**
8 - ശിഷ്ടം - രാജീവ് മാമ്പുള്ളി
12 - അവൻ - ഷൈലജ മോഹൻ
15 - ഒരു പൊൽക്കൊടിയുടെ ചിന്ത - നന്ദിനി പുത്തൻവീട്
16 - കുശവൻ - ജോസഫ് പൂതക്കുഴി
16 - എന്നെ വായിക്കേണ്ടത് - ജലജാപ്രസാദ്
16 - ഓർമ്മയുടെ വനം - നാസർ മതിലഞ്ചേരി
18 - ചില നേരം ഭ്രമരങ്ങൾ - ഹരി കെ. പുരയ്ക്കൽ
21 - ചില ഉള്ളുറപ്പുകൾ - രജീഷ് കാളികാവ്
25 - കല്യാണമഹോത്സവം - ബിബിത് പാലക്കാട്
28 - ഏകാന്ത താരകം - സ്നേഹ ഉണ്ണി
32 - അത്രമേൽ പ്രിയങ്കരിയുടെ എഴുത്തിലെ നിഗൂഢതകൾ തിരയുന്നവൻ - തുളസി കേരളശ്ശേരി
37 - തിരകൾ പറയുന്നത് - ശുഭ കൊടക്കാട്
38 - (വ്യാ)മോഹം - ബിതാ ദാസ്
40 - ചൂണ്ട - ദിലീപൻ
41 - പുതുവത്സരക്കുറിപ്പുകൾ - മുകുന്ദൻ കുറുവട്ടൂർ

**അനുഭവം**
8 - നല്ല മലയാളത്തിനും കഷ്ടകാലം - ടി. ജെ. നായർ
11 - എന്റെ സഹോദരങ്ങൾ - പ്രേമ . ആർ
18 - വ്യത്യസ്തനായൊരു വ്യക്തി - ഭാസ്കരൻ പൂവ്വത്തിങ്കൽ
23 - അരിയിൽ ഹരിശ്രീ ഈ മുഖശ്രീ - മുരളീധർ കൊല്ലത്ത്

**ഓർമ്മച്ചിത്രങ്ങൾ**
9 - ചുണ്ടങ്ങാവേര് തേടി - മുക്കം ഭാസി

**കാഴ്ചപ്പുറങ്ങൾക്ക(ഇ)പ്പുറം**
10 - ഇവിടമാണദ്ധ്യാത്മ വിദ്യാലയം - രാജേന്ദ്രൻ വയല

**ഗായകരത്നങ്ങൾ**
13 - മലയാള സിനിമ പിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ - ടി. വി. നാരായണൻ കുട്ടി

**ആരോഗ്യം**
15 - അപസ്മാരം - ഡോ. സി. രാമകൃഷ്ണൻ

**പാചകം**
17 - കൂവ കിണ്ടിയത് - ജയ ചന്ദ്രൻ

**ദൈവനാമത്തിൽ**
17 - അത്ഭുതവും മഹാത്ഭുതവും - മുഹമ്മദ് കനി

**വിജ്ഞാനച്ചെപ്പ്**
19 - നാടിനെ അറിയാം, നാട്ടാരേം - ഡോ. ഒ. സി. പ്രമോദ്

**പൊതുവിജ്ഞാനം**
24 - പൊതുവിജ്ഞാനം - നൗഷാദ് ഖാൻ

**യാത്രകളിലൂടെ**
26 - ബേലം ഗുഹാലു - ഡോ. സുനീത് മാത്യു

**പുസ്തകാസ്വാദനം**
27 - കാത്തിരിപ്പ് - കെ. പി. ശ്രീകുമാരി

**ദർശനഭൂമിയിലൂടെ**
42 - വേഷങ്ങൾ - ജയൻ പുതുമന



ഇ. ടി. മുരളീധരൻ

# പരക്കം പാച്ചിൽ...

**പ**ണ്ട് കിട്ടിയിരുന്ന മുഴുവൻ ടി. വി. ചാനലുകളും ഇന്ന് ലഭിക്കണമെങ്കിൽ അന്ന് കൊടുത്ത പണത്തിന്റെ മൂന്നിരട്ടി പണം കൊടുക്കേണ്ടിവരും. നമ്മൾക്ക് ഇഷ്ടപ്പെട്ട ഓരോ ചാനലും ഓരോ പ്ലാനുകളിലാണുള്ളത്. ഒരു പ്ലാനിനോടൊപ്പം ആവശ്യമില്ലാത്ത നൂറോളം ചാനലുകൾ ലഭിക്കും. ആവശ്യമുള്ളവയെ തിരഞ്ഞെടുത്ത് ഒരു പ്ലാനിനോടൊപ്പം ചേർക്കാം. അപ്പോൾ കൊടുക്കേണ്ട തുക ഇരട്ടിയിലധികമാവും. എന്താല്ലേ ഓരോ പ്ലാനുകൾ ? ഇന്ന് എന്തിനും ഏതിനും പ്ലാനുകൾ ഉണ്ട് ? കേബിൾ കണക്ഷന് മാത്രമല്ല, മൊബൈലിന് പ്ലാൻ, മെഡിക്കൽ ലാബോറട്ടി ടെസ്റ്റുകൾക്ക് പ്ലാൻ, ചികിത്സയ്ക്കായി ഹോസ്പിറ്റലിലെത്തിയാൽ അവിടേയും പ്ലാൻ(പാക്കേജ്)... എന്തായാലും എല്ലാവരേയും പറ്റിക്കാൻ മാത്രമായി കുറേയേറെ പ്ലാനുകൾ. പണ്ട് സാങ്കേതികവിദ്യ ഇത്രയും വളർന്നിട്ടില്ലാത്ത കാലത്ത് കിട്ടിയിരുന്ന സർവ്വീസൊന്നും ഇന്ന് ഒരു മേഖലയിൽ നിന്നും പ്രതീക്ഷിക്കേണ്ട. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ പ്ലാനൊന്ന് മാറ്റിയാൽ മതി. അതിനുള്ള സൗകര്യമുണ്ട്. ഒരു എസ്. എം. എസ്. മാത്രം അയച്ചാൽ മതിയത്രെ. ഒരു തട്ടിപ്പിൽ നിന്നും മറ്റൊരു തട്ടിപ്പിലേയ്ക്ക് ചെന്നുപെടാൻ ഇരുന്നിടത്ത് തന്നെ ഇരുന്ന് സാധിക്കും, ഡിജിറ്റൽ യുഗമാ...

ഈ പ്ലാനെടുത്താൽ ഇന്നതെല്ലാം ഫ്രീയാണ് കേട്ടോ. ഫ്രീയെന്ന് കേട്ടാൽ പിന്നെ പറയണോ... ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും പ്ലാനിങ്ങില്ലാതെ പ്ലാനിൽ ചെന്ന് ചേരും. പ്ലാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കണം. പുതിയ പ്ലാൻ വരുമ്പോൾ അതിലേയ്ക്ക് ചാടണം.

ഒരു കാൽമുട്ടിന് തേയ്മാനമുണ്ട്. ഒരു കാൽമുട്ടായി മാറ്റുന്നതിന് പകരം രണ്ട് കാൽമുട്ടുകളും മാറ്റുന്നതാണത്രെ നല്ലത്. അതുപോലെ ഒരു കണ്ണിന് തിമിരമുണ്ടെങ്കിൽ രണ്ട് കണ്ണും കൂടി ശസ്ത്രക്രിയ ചെയ്യുന്നതാണ് നല്ലത്. കാരണം അതിനായി നിരവധി പ്ലാനുകളുണ്ട്. ചില പ്രത്യേക ഓഫറുകളുണ്ട്. ഒന്നിന് സംഭവിച്ചതുപോലെ അടുത്തതിനും സംഭവിച്ചേക്കാം, പ്രായമായില്ലേ എന്നെല്ലാം പറഞ്ഞ് എങ്ങനെയെങ്കിലും നമ്മളെ പ്ലാനിൽ കുടുക്കും. ഒറ്റ വിശ്രമത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാം എന്നത് ചൂണ്ടിക്കാണിച്ച് മുതലെടുക്കും കാലം.

പല പൊതുമേഖലാ സ്ഥാപനങ്ങളും വിൽക്കാൻ പോകുന്നു. അതിനു മുന്നോടിയായി ചില ഓഫറുകൾ വന്നിട്ടുണ്ട്. പുതിയ വി. ആർ. എസ്. പ്ലാനുകൾ. പറഞ്ഞുവിടും മുമ്പ് അതെടുക്കുന്നതാണ് ബുദ്ധി. കുറേപേർ വി. ആർ. എസ്. എടുത്ത് നാട്ടിനും വീട്ടിനും ഗുണമില്ലാതെ വീട്ടിലിരുപ്പായി. തൊട്ടടുത്തിരുന്ന ഫോൺ ശബ്ദിച്ചാൽ പോലും എടുക്കണമെങ്കിൽ അടുക്കളയിൽ പണി ചെയ്തുകൊണ്ടിരിക്കുന്ന ഭാര്യ വരണം. ഉദ്യോഗത്തിലിരുന്ന് പണിയെടുത്ത് വിരമിച്ച് ക്ഷീണിച്ചിരിക്കുകയല്ലേ. സ്ത്രീജനങ്ങൾക്കുണ്ടോ വിശ്രമവും വീട്ടുജോലിയിൽ നിന്നൊരു വിരമിക്കലും ?

പ്രേമിക്കുന്നവർക്ക് ഹെൽമറ്റ് നല്ലതാണ്. ആരുടേയും കണ്ണിൽ പെടാതെ കറങ്ങിനടക്കാം. പക്ഷെ മുതിർന്നവർക്കു തന്നെ ഹെൽമറ്റ് ഇട്ടാൽ കഴുത്തിന് പല അസ്വസ്ഥതകളും ഉണ്ടാകും. പിന്നെ കുട്ടികളുടെ കാര്യം പറയാനുണ്ടോ. ഒന്നും ചോദിക്കാനും പറയാനും പാടില്ല അതാണ് കാലം... പല പ്രായത്തിലുള്ളവർക്കുള്ള ഹെൽമറ്റുകൾ മാർക്കറ്റിൽ എത്തിച്ചതിനു ശേഷം വേണം പരിശോധന ശക്തമാക്കാൻ. പക്ഷേ അപ്പോൾ പിന്നെ അനധികൃതമായ പണം സമ്പാദിക്കുക സാധ്യമല്ലല്ലോ ? നോട്ടുനിരോധനവും ജി. എസ്. ടി.യുമെല്ലാം ഇതുപോലെ യഥാർത്ഥത്തിൽ പഠിക്കാതെയാണ്, അതിനുവേണ്ട സൗകര്യം ഒരുക്കാതേയാണ് നടപ്പിലാക്കാൻ ശ്രമിച്ചത്. അതിന്റെയൊക്കെ ബുദ്ധിമുട്ടുകൾ ഇന്നും തുടരുന്നുമുണ്ട്. അതുപോലെ സീറ്റ് ബെൽറ്റ് പിടിപ്പിക്കാൻ സംവിധാനമില്ലാത്ത പഴയകാല വണ്ടികളുണ്ടെന്ന് മനസ്സിലാക്കി വേണം സീറ്റ് ബെൽറ്റ് നിർബന്ധമാക്കാൻ. സീറ്റ് ബെൽറ്റ് കേടുവരാത്തതും, കേടുവന്നാൽത്തന്നെ ആരും മാറ്റാൻ ശ്രമിക്കാത്ത ഒന്നായതിനാൽ ഇത് മാത്രമായി ലഭിക്കുക വലിയ ബുദ്ധിമുട്ടാണ്. കിട്ടിയാൽ തന്നെയും നല്ല വില കൊടുക്കേണ്ടിവരും. ഇന്ന് മിക്ക ആളുകളുടെ കൈയിലും വില കൂടിയ കാറുകളാണ്. അതിലെന്തായാലും ഈ സംവിധാനം ഉണ്ടാവുകയും ചെയ്യും. പഴയ വാഹനങ്ങളുമായി മീൻ വിറ്റ് ഉപജീവനത്തിനിറങ്ങുന്ന പാവങ്ങളുടെ മീതെയാണ് പല നിയമങ്ങളും അടിച്ചേൽപ്പിക്കപ്പെടുന്നത്. പതിനഞ്ച് വർഷം കഴിഞ്ഞ വണ്ടിയ്ക്കിനി നിരത്തിലിറങ്ങാൻ പാടില്ല എന്നുപറഞ്ഞാലും ബുദ്ധിമുട്ടുക ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ടരാണ്. അവന് പുതിയ വണ്ടി വാങ്ങാൻ ലോൺ എടുക്കേണ്ടിവരും. ജീവിക്കാനുള്ള പണം ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാലത്ത് എങ്ങിനെ ലോൺ അടച്ചുതീർക്കും ? അല്പനാളുകൾക്കു

ള്ളിൽ അവരുടെ ജീവിതവും വഴിമുട്ടും. അതേക്കുറിച്ചൊന്നും മനുഷ്യത്വമില്ലാത്ത ഭരണാധികാരികൾക്ക് വേവലാതിയില്ല.

GPS സംവിധാനം ഉള്ളതിനാൽ ആരോടും വഴി ചോദിക്കാതെ ത്തന്നെ നമുക്ക് ഉദ്ദേശിച്ച സ്ഥലത്തെത്താം എന്നതുകൊണ്ടുതന്നെ നമ്മൾ വഴിചോദിക്കാനായി വണ്ടി നിർത്തി തദ്ദേശവാസികളോട് സംസാരിക്കുന്ന ശീലം പോയി. അതോടെ കുറേ മനുഷ്യസമ്പർക്കവും കുറഞ്ഞു. അതുപോലെ തല സംരക്ഷിക്കാനായി ഹെൽമറ്റ് നിർബന്ധമാക്കി. അതും ഒരാൾക്കുപോരാ, ഇരുചക്രവാഹനത്തിൽ സഞ്ചരിക്കുന്ന ഇരുവർക്കും വേണം. കൂട്ടത്തിൽ നാല് വയസ്സിനുമേലുള്ള കുട്ടികളുണ്ടെങ്കിൽ ആ കുട്ടിയ്ക്കും വേണം ഹെൽമറ്റ്. പച്ചക്കറി വാങ്ങാൻ പോകുമ്പോഴും ഹോസ്പിറ്റലിലേയ്ക്കോ മറ്റോ പോകുമ്പോഴും ഹെൽമറ്റ് ചുമക്കാൻ ഒരു വലിയ ബിഗ്ഷോപ്പർ കൂടി കരുതേണ്ട സ്ഥിതിയായി. പഴയതുപോലെ വണ്ടിയിൽ ഹെൽമറ്റ് വെച്ച് പോകാനാവില്ല. പോയാൽ പിന്നെ തിരിച്ചുവരുമ്പോഴേയ്ക്ക് വേണ്ടവർ അത് അപഹരിച്ചിട്ടുണ്ടാകും. എന്തായാലും മനുഷ്യബന്ധവും മനുഷ്യത്വവും വീണ്ടും കുറച്ചു ഈ ഹെൽമറ്റ്. എങ്ങിനെയെന്നോ ? നമ്മൾ വണ്ടിയിൽ ഹെൽമറ്റ് ഇട്ട് ഒറ്റയ്ക്ക് പോകുമ്പോൾ ആരെങ്കിലും കാലിനുവയ്യാതെയോ ബസ് കിട്ടാതെയോ മറ്റോ വഴിയിൽ കണ്ടാൽ പണ്ടത്തേതുപോലെ വാഹനത്തിന് പുറകിൽ കയറ്റാനാവില്ല. കയറ്റിയാൽ പിഴ വരും. അതും ഡിജിറ്റൽ സംവിധാനം ഉപയോഗിച്ച് ക്യാമറയിലൂടെയാണ് ഇപ്പോൾ ഹെൽമറ്റ് ഇടാത്തവരെ പിടിക്കുന്നത്. പിഴ കിട്ടുമെന്നതിനാൽ നമുക്കിനി ആർക്കും ലിഫ്റ്റ് കൊടുക്കാനാകില്ല. വിദ്യാഭ്യാസ സമ്പ്രദായത്തിലെ മൂല്യച്യുതിയ്ക്കു പുറമേ പലവിധ കണ്ടുപിടുത്തങ്ങളും നിയമങ്ങളും മനുഷ്യരുടെ മാനുഷിക ബന്ധവും മൂല്യവും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഇവിടെ ഭയങ്കര സാമ്പത്തിക മാന്ദ്യമുണ്ട്. പക്ഷെ അങ്ങിനെ പറയാൻ പാടില്ല. ലോകത്തുമുഴുവൻ സാമ്പത്തിക മാന്ദ്യമുണ്ട്. അതുനോക്കുമ്പോൾ അത്രയ്ക്ക് മാന്ദ്യം നമ്മുടെ രാജ്യത്തില്ല. അങ്ങനെ വേണം പറയാൻ, അങ്ങിനെയേ പറയാവൂ... ദേശസ്നേഹം വേണ്ടേ... സ്വൈര്യജീവിതവും സമാധാനാന്തരീക്ഷവും ദിനംപ്രതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നും പറയരുത്. ഇവിടെ ഒന്നും സംഭവിച്ചിട്ടില്ല എന്നേ പറയാവൂ.

കുറ്റപ്പെടുത്തുകയാണെന്ന് കരുതരുത്, വർഗ്ഗീയതയാണെന്ന് പറയരുത്, നല്ല വില കൂടിയ സ്ഥലങ്ങളെല്ലാം അവരുടെ കൈകളിലാണല്ലോ. ആലോചിച്ചുനോക്കിയാൽ ശരിയാണുതാനും. പക്ഷേ, സ്വന്തബന്ധങ്ങൾക്കും ബന്ധുമിത്രാദികൾക്കും സ്ഥലം കൊടുക്കാതെ നല്ല വിലയ്ക്ക് അന്യർക്ക് സ്ഥലം വിൽക്കുമ്പോൾ ഉണ്ടാകാത്ത ദേശ, വർഗ്ഗ ബോധം എങ്ങിനെയാണിപ്പോൾ പെട്ടെന്ന് ഉടലെടുത്തത് ? ആരാണിങ്ങനെ വഴി മാറി ചിന്തിക്കാൻ പ്രേരിപ്പിച്ചത് ? ആവശ്യപ്പെട്ട തുക മുഴുവനായും തന്ന് സ്ഥലം വാങ്ങിയവരെ കുറ്റപ്പെടുത്തുന്നത് ശരിയാണോ ? ആ പണം കൊണ്ടല്ലേ അന്നത്തെ പ്രതിസന്ധി പരിഹരിച്ചത്. ആ സ്ഥലം ഇന്നുണ്ടായിരുന്നെങ്കിൽ എന്ന് ചിന്തിക്കുന്നതിലെന്ത് പ്രസക്തി ? പണിയെടുക്കുന്നവർക്കാണ് ഭൂമി വേണ്ടത്. പാട്ടത്തിന് കൊടുത്ത് പണിയെടുക്കാതെ പാട്ടക്കാരന്റെ കൈയിൽ നിന്ന് പണം പറ്റി ജീവിക്കുന്നവനും അതുമല്ലെങ്കിൽ നല്ല വിലയ്ക്ക് സ്ഥലത്തെ വിറ്റ് ആ പണത്തെ ബാങ്കിലിട്ട് അതിന്റെ പലിശ കൊണ്ട് ജീവിക്കുന്നവനും എന്തിനാ ഇപ്പോൾ ഒരു വേവലാതി ?

നമ്മളെ ആരെങ്കിലും നിർബന്ധമായി ഒരുനാൾ മതം മാറ്റും എന്നതാണോ ഭീതി. ശരി, അതവിടെ ഇരിക്കട്ടെ. ഇതുവരേയും നിങ്ങൾ എത്രയെത്ര ജോലി മാറി. ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്നിടത്ത് സംതൃപ്തിയുണ്ടോ ? ഉണ്ടെങ്കിൽത്തന്നെയും നാളെ ആ ജോലിയും ഉപേക്ഷിച്ച് കൂടുതൽ പണവും സൗകര്യവും ഉള്ള മറ്റൊരു ജോലിയിലേയ്ക്ക് മാറില്ലെന്ന് ഉറപ്പുണ്ടോ ? അതുപോലെ തന്നെയാണ് ഓരോരുത്തർക്കും വീടും നാടും മതവും. സംരക്ഷണവും സന്തോഷവും സമാധാനവും സാമ്പത്തിക ലാഭവും ലഭിക്കുന്നിടത്തേയ്ക്ക് പോകും. നാം സ്വാർത്ഥരാണ്, ആദർശമില്ലാത്തവരാണ്. എല്ലാത്തിന്റേയും ഒരു പുറം മാത്രം കാണാതെ ഇരുപുറവും കാണുന്നവർ പക്വതയുള്ളവരായിരിക്കും. അവർക്കേ ഇലയ്ക്കും മുള്ളിനും കേടില്ലാത്ത നല്ല തീരുമാനങ്ങൾ എടുക്കാനും പ്രവർത്തിക്കാനുമാകൂ...

ഏറെപേർക്കും ഇഷ്ടം ആക്ഷൻ സിനിമ കാണാനാണ്. അത്തരത്തിലൊരുവൻ നേതാവായാൽ ഇങ്ങിനെയിരിക്കും. ആകെപ്പാടെ ആക്ഷൻ. അടിപിടി ബഹളമയം. നിങ്ങൾ അമ്യൂസ്മെന്റ് പാർക്കിലുള്ള ഒരു സാഹസിക റെയ്ഡിൽ പണം കൊടുത്ത് ആസ്വദിക്കാനായി കയറി എന്ന് കരുതുക. ആദ്യം വളരെയധികം സന്തോഷം തോന്നും. പിന്നെപ്പിന്നെ അല്പം ഭയം തോന്നും പ്രത്യേകിച്ച് ഈ യന്ത്രം നിർത്താനാകില്ല എന്തോ തകരാറ് സംഭവിച്ചിരിക്കുന്നു, ഊരിത്തെറിക്കാൻ സാധ്യതയുണ്ട് എന്നെല്ലാം അതിന്റെ ഓപറേറ്റർ താഴെ നിന്ന് വിളിച്ചുപറഞ്ഞാൽ എന്താവും സ്ഥിതി? അതുപോലൊരു അവസ്ഥയിലാണ് നമ്മുടെ പോക്ക്. എല്ലാം കൈവിട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. നമ്മൾ ജീവിച്ചിരിക്കുന്നു എന്നും നമ്മുടെ പൂർവ്വീകർ ഈ സ്ഥലത്ത് ജീവിച്ചിരുന്നു എന്നും തെളിയിക്കേണ്ട കാലം. പലവിധത്തിലുള്ള പ്രശ്നങ്ങളുണ്ടിവിടെ. ഉള്ളി വിലയും പെട്രോൾ വിലയും ഡീസൽ വിലയും അവശ്യ സാധനങ്ങളുടെയെല്ലാം വില വർദ്ധിച്ചുകൊണ്ടേ പോകുന്നു. പൊതുവെ സാമ്പത്തിക മാന്ദ്യവും തൊഴിലില്ലായ്മയും രൂക്ഷമായി തുടരുന്നു. ഇത്തരം പ്രശ്നങ്ങളെല്ലാം മറക്കാനായി മെനഞ്ഞ പുതിയ തന്ത്രങ്ങൾ പരാജയപ്പെട്ടതോടെ ദിനവും നിരവധി ജീവനുകൾ പൊലിഞ്ഞുകൊണ്ടേയിരിക്കുന്നു.

നമ്മുടെ നാട്ടിലെ ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നം മാറാൻ ഒരു യുദ്ധഭീതി സൃഷ്ടിച്ചാൽ മാത്രം മതി. ഓന്ത് ഓടിയാൽ ഏതുവരെ പോകുമെന്ന് അറിയുന്നവരാണ് തന്ത്രശാലികളായ നേതാക്കൾ. പക്ഷെ, ഇത്തവണ കാര്യങ്ങൾ ഒരുപക്ഷേ അവരുടെ കൈവിട്ട് പോകും. മതേതര രാജ്യത്ത് എങ്ങനെ ഒരു മതത്തെ മാത്രം മാറ്റി നിർത്തി തീരുമാനങ്ങൾ എടുക്കും ? അതെന്തായാലും നീതിയല്ലല്ലോ ? ഏറ്റവും കൂടുതൽ തീവ്രവാദികളുള്ളത് ഇന്ന മതത്തിലാണ് എന്ന് പറയുന്നത് ഒരുപരിധി വരെ ശരിയാവാം. കാരണം അഞ്ചും മൂന്നും എട്ടുപേരുള്ള രാഷ്ട്രീയ പാർട്ടികളിൽ ഉള്ള അഴിമതിക്കാ

രെക്കാളും എന്തുകൊണ്ടും അഞ്ഞൂറ് പേരുള്ള രാഷ്ട്രീയ പാർട്ടിയിൽ ഉണ്ടാകുമെന്നത് സ്വാഭാവികം മാത്രം. അവരെ കണ്ടെത്തി ഒറ്റപ്പെടുത്തുകയോ പറഞ്ഞുമനസ്സിലാക്കുകയോ ചെയ്യണം. അതുപോലെ മതം വലുതാകുമ്പോൾ അതിനകത്ത് യഥാവണ്ണം പഠിക്കാതെ ആരാന്റെ വാക്കുകേട്ട് വാളെടുക്കുന്നവർ ഉണ്ടാകാം. അത് ആ മതത്തിന്റെ പോരായ്മയായിട്ടല്ല നാം കാണേണ്ടത്. ഓരോ മതത്തിലേയും നന്മകളേയാണ്, നന്മ നിറഞ്ഞവരേയാണ് കാണേണ്ടത്. എല്ലാ മതത്തിലും രാഷ്ട്രീയ പാർട്ടികളിലും കുഴപ്പക്കാരുണ്ട്. മതത്തിന്റെ, രാഷ്ട്രീയ പാർട്ടിയുടെ വലിപ്പത്തിന് ആനുപാതികമായി ഇത്തരം വൃത്തികെട്ടവരെ കാണാം. അവരെ നേരായ ദിശയിലേയ്ക്ക് എത്തിക്കുക എന്നത് അതാത് വിഭാഗത്തിൽപെട്ടവരുടെ കർത്തവ്യമാണ്.

ഒരു രാജ്യം, ഒരു മതം, ഒരൊറ്റ നിയമം - കേൾക്കാൻ നല്ല രസമുണ്ട്. പക്ഷേ, നാനാത്വത്തിൽ ഏകത്വമെന്ന് പുകഴ്പെറ്റ നാട്ടിൽ എല്ലാറ്റിനേയും ഏകീകരിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ ചോരപ്പുഴ ഒഴുക്കും എന്നത് ഉറപ്പല്ലേ. ഒരു മതം മാത്രമുള്ള രാജ്യങ്ങളെ നോക്കുക. അവിടെ ഇപ്പോഴും പ്രശ്നങ്ങളാണ്. കാരണം അവരിപ്പോൾ ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും പേരിലാണ് തമ്മിൽത്തല്ലുന്നത്. ജാതിയാണ് പ്രശ്നം.

ഒരു മതത്തിനകത്തുതന്നെ പല ജാതികൾ. ഈ ജാതികളെയൊക്കെ ഒന്നാക്കണം. അതിന് വളരെയധികം ശ്രമം വേണ്ടിവരും. ശ്രീനാരായണ ഗുരു ജീവിച്ചിരുന്ന കാലമത്രയും ജാതിയും മതവും മറന്ന് മനുഷ്യനായി ജീവിക്കാൻ ഉപദേശിച്ചുകൊണ്ടേയിരുന്നു. ആര് കേൾക്കാൻ ? ഒരു പ്രത്യേക മതമോ ജാതിയോ ഉള്ളവരെ ഒഴിച്ച് മറ്റുള്ളവരെ അന്യരാജ്യങ്ങളിലേയ്ക്ക് അയക്കുക അതുമല്ലെങ്കിൽ അവരെ കൊലപ്പെടുത്തുക എന്നത് എത്ര ബാലിശമായ പ്രവൃത്തികളാണ്. പല രാജ്യത്തും അത്തരത്തിലുള്ള സംഭവങ്ങൾ നടക്കുന്നുണ്ട്. ഭൂമി കുലുക്കവും വെള്ളപ്പൊക്കവും കൊടുംകാറ്റും സുനാമിയും പോലുള്ളവ ഇടയ്ക്കിടെ വരാനുള്ള കാരണവും ഒരുപക്ഷേ നമ്മുടെ മനസ്സിൽ കുടിയേറിയ വർണ്ണ വർഗ്ഗീയ മത- രാജ്യചിന്തകൾ മാറ്റിയെടുക്കാനാവാം. മരണം വരെ ജീവിക്കാൻ വേണ്ടി വേറൊരാളെ ഉപദ്രവിക്കാതിരിക്കുക. എന്തൊക്കെ നേടിയാലും ഒരുനാൾ എല്ലാം ഉപേക്ഷിച്ചിട്ട് പോകേണ്ടവരാണ് നാം എന്ന ചിന്ത എന്നും നല്ലതാണ്.

ഒരു മതേതര രാഷ്ട്രത്തിൽ, ബഹുസ്വരതയുള്ള നാട്ടിൽ പരിഷ്കാരങ്ങൾ അത്രയ്ക്ക് എളുപ്പമല്ല. ഏതൊരു നിയമം കൊണ്ടുവരുമ്പോഴും ചർച്ച ചെയ്തും അതേക്കുറിച്ച് പൊതുജനത്തിന് മനസ്സിലാക്കിക്കൊടുത്തും മാത്രമേ അത് പ്രാവർത്തികമാക്കാൻ ശ്രമിക്കാവൂ. ഇവിടെ നടന്ന ഓരോ നല്ല മാറ്റങ്ങളും സാവധാനം സംഭവിച്ചതാണ്. ഇരിക്കപ്പൊറുതിയില്ലാതെ കാര്യങ്ങൾ സൂക്ഷ്മതയില്ലാതെ പെട്ടെന്ന് പെട്ടെന്നു ചെയ്യുന്നവന് കൊടുക്കേണ്ട പണി വേറെയാണ്... ക്ഷമയുള്ളവർക്ക് കൊടുക്കേണ്ടത് ഉത്തരവാദിത്വമുള്ള പദവികളാണ്. പ്രൈവറ്റ് കമ്പനിയിൽ ഉദ്യോഗാർത്ഥിയുടെ സൈക്കോളജിക്കൽ ടെസ്റ്റ് കൂടി നടത്തിയാണ് ജോലിക്കെടുക്കുന്നത് പക്ഷെ ഗവൺമെന്റ് ജോലിക്കോ പ്രത്യേകിച്ച് ഭരണകർത്താവായി തിരഞ്ഞെടുക്കുന്നവനോ ഈ ടെസ്റ്റ് ആരെങ്കിലും ചെയ്യാറുണ്ടോ ? ഇല്ല, അതുതന്നെയാണ് പല കുഴപ്പങ്ങൾക്കും കാരണം. അങ്ങിനെ ഒരു സ്ക്രീനിങ്ങ് കൂടി ഉൾപ്പെടുത്തണം. വെറുതെ ചുളിവിൽ രാഷ്ട്രീയം കളിച്ചും കാണാതെ പഠിച്ചുമെല്ലാം ഒപ്പിച്ചെടുക്കുന്ന ജോലിയിലിരുന്ന് എങ്ങിനെ അവർ നേരാംവണ്ണം, പക്വതയോടെ ജോലി ചെയ്യും ? അതുകൊണ്ടാണ് ചിലർ ചില ജോലിയിൽ ശോഭിക്കുന്നതും മറ്റുചിലർ ശോഭിക്കാതെ പോകുന്നതും.

മരിക്കും മുൻപ് ഒരുപാട് കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ടെന്ന് പറഞ്ഞ് എൽ. കെ. ജി. കുട്ടി പ്രവർത്തിക്കാൻ തുടങ്ങിയാൽ എന്താവും സ്ഥിതി ? യു. കെ. ജി. ആവുമ്പോഴേയ്ക്കും ആരേയെങ്കിലും പീഡിപ്പിച്ചുവെന്നുവരും. ഇതുകണ്ട് അറുപതും എൺപതും വയസ്സായ അനുഭവസ്ഥർ എന്താണ് ചെയ്യേണ്ടതെന്ന് അറിയാതെ പകച്ചുനിന്നെന്നും വരും. കുറേയായിട്ട് നമ്മുടെ നാട്ടിൽ അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അനുഭവസ്ഥർ പ്രതികരിക്കുന്നില്ല. അവരുടെ മൗനവും രാജ്യത്തിന് ദോഷം ചെയ്യും.

രാജാവ് സമാധാനപ്രിയനാകണം അല്ലാത്തപക്ഷം രാജ്യത്ത് എന്നും അശാന്തി നിലനിൽക്കും. കാലാൾപ്പടയാണ് ആദ്യം യുദ്ധമുഖത്തെത്തുന്നതും മരണം വരിക്കുന്നതും. അവരാണ് യുദ്ധത്തെ വിജയിപ്പിക്കുന്ന ധീരന്മാർ. ഒരു പരിധി കഴിഞ്ഞാൽ അവർ ചിന്തിക്കും മറുപക്ഷത്തേയ്ക്ക് മാറും. രാജാവ് കുടുങ്ങും. നീതിയുടെ കൂടെയാണ് ദൈവം. ഭൂരിപക്ഷത്തിനൊപ്പമല്ല. കൗരവരുടേയും പാണ്ഡവരുടേയും കഥ നോക്കുക. അതിൽ ആരുടെ പക്ഷത്തായിരുന്നു ദൈവം ? ന്യൂനപക്ഷം വിജയിക്കുമ്പോൾ ഭൂരിപക്ഷമാളുകളും മറുപുറം വരും. അങ്ങിനെ ന്യൂനപക്ഷം ഭൂരിപക്ഷമാകും. അവർക്കും പറ്റും തെറ്റുകൾ. വീണ്ടും ന്യൂനപക്ഷം പ്രതികരിക്കും. മാറ്റം വരും. ഇവിടെ ആരും ജയിക്കുന്നില്ല, തോല്ക്കുന്നില്ല. അറിവിലേയ്ക്ക് മുന്നേറുകയാണ് ചെയ്യുന്നത്.

എല്ലാവരും പരക്കം പാച്ചിലിലാണ് പക്ഷേ ഓരോ ദിവസവും നിമിഷവും പുതിയതാണ്. ഇന്നലെകളെപ്പോലെ വിവരമില്ലാതെ പ്രവർത്തിച്ച് നാളേയും ദുഃഖങ്ങൾ വരുത്തരുത്. ഇന്നലെകളിലെ നല്ലപാഠം ഉൾക്കൊണ്ട് ഇന്നിനെ അഭിമുഖീകരിക്കുക. ഈ നിമിഷത്തിൽ ഉള്ളതുവച്ച് നന്മയുള്ളവരായി ജീവിച്ച് സന്തോഷം മാത്രം പങ്കുവെയ്ക്കുമ്പോൾ ജീവിതം സന്തോഷപൂർണ്ണമാകും. നേരേമറിച്ചെങ്കിൽ ദുഃഖവും. ജാതിയും മതവും രാഷ്ട്രവുമല്ല അറിവാണ് പ്രധാനം. നാളെ വേണമെങ്കിൽ മതം മാറാം, വേറൊരു രാജ്യത്തിലെ പൗരനായി തീരാം, പേരു മാറാം പക്ഷേ അപ്പോഴും ജാതി മാറാനാവില്ല എന്നതുപോലെ ബാഹ്യമായി എന്തുമാറിയാലും നമ്മുടെ ഉള്ള് മാറില്ല. അതുമാറണമെങ്കിൽ ഗുരുത്വം വേണം. അത് ലഭിക്കാനായി ഒരുപാട് ത്യാഗങ്ങൾ സഹിക്കണം. ഈ ജീവിതത്തിന് അപ്പുറവും ഇപ്പുറവും ജീവിതങ്ങളുണ്ടെന്ന് കാണാത്തവർ, ചിന്തിക്കാത്തവർ ഇവിടെ പല വേഷങ്ങളും കെട്ടി ജീവിക്കുന്നു, പലതും പറഞ്ഞ് നിലവിളിച്ചുകൊണ്ട് മറ്റുള്ളവർക്ക് ശല്യമായി ജീവിച്ചുകൊണ്ടിരിക്കുന്നു. നാം അതെല്ലാം മനസ്സിലാക്കുകയും ക്ഷമിച്ചും ജീവിക്കുന്നുണ്ടെങ്കിൽ നമുക്ക് ലഭിക്കും ശാന്തിയും സമാധാനവും.

●

# പ്രകൃതിയും പെരുമാറ്റവും



എം. എം. മേനോൻ
0491 – 2572939

നമ്മൾ സാധാരണയായി അന്യരെക്കുറിച്ച് ഉപയോഗിക്കുന്ന പദങ്ങളാണ്, 'അഹങ്കാരി, മുൻശുണ്ഠിക്കാരൻ, പിടിവാശിയുള്ളവൻ, ക്ഷമകെട്ടവൻ, മര്യാദക്കാരൻ, സഹായമനസ്ഥിതിക്കാരൻ, വിശാലമനസ്ക്കൻ...' തുടങ്ങിയവ. (എല്ലാറ്റിനും പുല്ലിംഗം ഉപയോഗിച്ചത് അനാവശ്യതർക്കങ്ങളൊഴിവാക്കാൻ!) ഈ പദങ്ങൾ കുറിക്കുന്നത് മനുഷ്യപ്രകൃതിയെയാണ്. നമ്മൾ സംഭവങ്ങളെ മനസ്സിലാക്കുന്നതും അപ്രകാരം പ്രതികരിക്കുന്നതും തത്സമയ പ്രകൃതിയനുസരിച്ചാണ്. പ്രത്യേകിച്ച് തിരക്കുപിടിച്ചുപായുന്ന ഈ യുഗത്തിൽ, സ്വതവെ, ഉടൻ മനസ്സിലാക്കുന്നതും പെട്ടെന്ന് ചൊടിക്കുന്നതും (ഉരുളയ്ക്ക് ഉപ്പേരി!!) പ്രവർത്തിക്കുന്നതും, കൂത്ത് പാവകളെ പോലെയാണ്. ചരട് വലിക്കുന്നത് പ്രകൃതിയും അതുപോലെ കളിക്കുന്നത് നമ്മളും ! ഇതിൽ അതിശയിക്കാനൊന്നുമില്ല. ഭഗവദ് ഗീത അധ്യായം III ശ്ലോകം 27 നോക്കുക. 'പ്രകൃതേഃ ക്രിയമാണാനി ഗുണൈഃ കർമ്മാണി സർവ്വശഃ, അഹങ്കാരവിമൂഢാത്മാ കർത്താഹം ഇതി മന്യതെ.' (നമ്മൾ ചെയ്യുന്ന കാര്യങ്ങൾ എല്ലാം പ്രകൃതി ഗുണങ്ങളനുസരിച്ചാണ്. എന്നാൽ അഹങ്കാരത്താൽ കബളിക്കപ്പെട്ട നമ്മൾ, സ്വന്തം വകതിരിവോടുകൂടെ, വിവേചനശക്തി ഉപയോഗിച്ചു, ചെയ്യുന്നു എന്ന് നിശ്ചയിക്കുന്നു.)

പ്രകൃതി എന്നത് ജനനം തൊട്ട്, പാറയിൽ കൊത്തിവെച്ച, മാറ്റമില്ലാത്ത ഒന്നല്ല. നമ്മുടെ ചഞ്ചലമനസ്സ്, ജീവിതയാത്രയിൽ ലഭിക്കുന്ന അനുഭവങ്ങളും അവയെക്കുറിച്ച് നമുക്ക് വ്യാഖ്യാനിച്ചുതരുന്നതും, അവയനുസരിച്ച് സ്വയം മാറിക്കൊണ്ടിരിക്കുന്നതുമായ ഒന്നായതിനാൽ, ഗുണദോഷവിവേചന ശക്തി ഉപയോഗിച്ചു പരിശോധിച്ചില്ലെങ്കിൽ നമ്മളെ 'കുരങ്ങു കളിപ്പിക്കാൻ' സാധ്യതയുണ്ട്. പ്രകൃതി എന്നത് പുറത്ത് പ്രകടമാകുന്നത് നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ വഴിയാണ്. ഇഷ്ടാനിഷ്ടങ്ങൾ ആരംഭിക്കുന്നത് നിസ്സാര കാര്യങ്ങളിൽ നിന്നാണ്. ഒരു ശിശു, ഉപ്പ്, പുളി, മധുരം ഏത് ആയാലും ആദ്യം മുഖം ചുളിക്കുന്നത് നമ്മൾ കണ്ടിട്ടുണ്ടാവും. കാലക്രമേണ ഒരു ശീലമായി മാറി, വികാരപ്രകടനങ്ങൾ മാറി മാറി ദർശിപ്പിക്കുന്നു. കയ്പുരസം ഇഷ്ടമല്ലാത്ത എത്രപേരാണ് ബീർ, റം (Beer, Rum) മോന്തുന്നത് ? ഗീത അധ്യായം III ശ്ലോകം 29 നോക്കുക. 'പ്രകൃതെ ഗുർണ സമ്മൂഢാഃ സജ്ജന്തെ ഗുണകർമ്മസു, താനകൃത്സ്ന വിഭോ മന്ദാൻ കൃത്സ്ന വിദ് ന വിചാലയേത്.' പ്രകൃതി ഗുണങ്ങളാൽ കബളിക്കപ്പെട്ട മന്ദബുദ്ധികൾ അത്തരം പ്രവൃത്തികളിൽ വ്യത്യസ്തരാവുന്നു. എന്നാൽ ഗുണദോഷവിവേചന ശക്തി, ചുമതലാബോധം, നിസ്വാർത്ഥതയുള്ളവർ ഇവയില്ലാത്തവരെ ഒരിക്കലും വഴിതെറ്റിക്കരുത്. സ്വാർത്ഥപരത, അത്യാർത്തി, അസഹിഷ്ണുത എന്നീ ഘൃണായോഗ്യമായ പെരുമാറ്റങ്ങൾ ശക്തപ്പെട്ടുവരുന്നത്, ഉചിതമാർഗ്ഗദർശനമില്ലായ്മയേയും തീരെ അനുചിത പ്രലോഭനങ്ങളേയും അല്ലെ എടുത്തുകാട്ടുന്നത് ? ഗീത അധ്യായം III ശ്ലോകം 21 നോക്കുക. 'യ ദ്യദാചരതി ശ്രേഷ്ഠഃ തത്തദേവേതരോ ജനാഃ, സ യത് പ്രമാണം കുരുതെ ലോകസ്തദനുവർത്തതെ.' (ശ്രേഷ്ഠന്മാർ ഉയർന്ന നിലയിലുള്ളവർ - എപ്രകാരം പെരുമാറുന്നു, അതുപോലെത്തന്നെ അന്യരും. അവർ ഏതിന് പ്രാധാന്യം കൊടുക്കുന്നു, ജനങ്ങൾ അപ്രകാരം പെരുമാറുന്നു.)

ഇന്നത്തെ ഭൗതിക മേഖലയിലെ പ്രഗതിയും, കണ്ടുപിടിത്തങ്ങളും മറ്റും നമ്മെ മനുഷ്യന്റെ കഴിവുകളെക്കുറിച്ച് തെറ്റിദ്ധാരണയാൽ അഹങ്കാരികളാക്കി വരുന്നു. ഗാന്ധിജിയുടെ ചേതാവനി വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു. 'മനുഷ്യന്റെ യോഗ്യത ഈ ഭൂമിയെ തന്നിഷ്ടപ്രകാരം മാറ്റിയെടുക്കാം എന്ന ധാരണയിലല്ല. ഇത് ഈ ആണവയുഗത്തിലെ മാനസിക ഭ്രമം മാത്രമാണ്. മറിച്ച്, സ്വന്തം പ്രകൃതിയെ സ്വന്തം നന്മയ്ക്കായി ഉചിതവിധത്തിൽ ഉടച്ചുവാർക്കുന്നതിലാണ്.' (എന്റെ ദുർബ്ബലവാക്കുകളിൽ)

ഇഷ്ടാനിഷ്ടങ്ങളിന്മേൽ നിയന്ത്രണവും പ്രഭുത്വവും ലഭിക്കുവാനുള്ള ശ്രമം കുട്ടിക്കാലം തൊട്ടുതന്നെ നട്ടുവളർത്തി ശക്തപ്പെടുത്തുന്നത് വളരെ ആവശ്യമാണ്. ആഹാരം വഴിയാണ് ഇത് ഏറ്റവും എളുപ്പം എന്ന് ഗാന്ധിജിയും എക്കണത്ത് ഈശ്വരനും ഊന്നൽ കൊടുത്തിട്ടുണ്ട്. കുട്ടിക്കാലത്ത് എന്റെ മുത്തശ്ശി ഞങ്ങളെ നിർബന്ധിക്കുമായിരുന്നു. 'ഇഷ്ടമില്ലാത്തത് ആദ്യം വേഗം കഴിച്ചുതീർത്തു, ഇഷ്ടമുള്ളത് പതുക്കെ ആസ്വദിച്ചു തിന്നുക' എന്ന്. പക്ഷെ നാം കാണുന്നത് മറിച്ചാണ്. കുട്ടികളെ 'സന്തോഷിപ്പിച്ചു' കാര്യം നേടുവാൻ പലർക്കും പലവിധത്തിലും പാചകം ചെയ്തു അവരെ മാനസിക നിലയിൽ ദുർബ്ബലപ്പെടുത്തിവരുന്നു! തിരക്കധികം ആവുന്തോറും ഇത്തരം 'കുറുക്കുവഴികൾ' ഉപയോഗിച്ചുവന്നു, സംഗതി കൂടുതൽ വഷളാവുന്നത് നാം അറിയുന്നില്ല ! ചെറുകാര്യങ്ങളാണെങ്കിലും ഇത്തരം ഇഷ്ടത്തിന് വഴങ്ങിക്കൊടുത്തു, ജീവിതത്തിലെ പ്രധാന വെല്ലുവിളികളെ നേരിട്ട് ജയിക്കുവാനുള്ള ആത്മവിശ്വാസത്തെ ദുർബ്ബലപ്പെടുത്തിവരുന്നു. കുട്ടിക്കാലത്ത് അച്ഛനമ്മ, മുതിർന്നവർ എന്നിവരുടെ നിഷ്കർഷം സ്നേഹമില്ലായ്മയെ അല്ല സൂചിപ്പിക്കുന്നതും മറിച്ച്, ഇഷ്ടാനിഷ്ടത്തിന് വഴങ്ങിക്കൊടുത്ത് അവരെ മാനസിക നിലയിൽ ദുർബ്ബലപ്പെടുത്തുന്നതാണ് മുതിർന്നവരുടെ സ്നേ

ഹമില്ലായ്മ/ചുമതലാബോധക്കുറവിനെ ദർശിപ്പിക്കുന്നത്.

ഇത് പരിഹാരാതീതമല്ല. ആഹാരകാര്യങ്ങളിൽ ഉള്ള പ്രത്യേക ശ്രദ്ധ ചെലുത്തി, ഇഷ്ടാനിഷ്ടങ്ങളിന്മേൽ നേതൃത്വം സ്ഥാപിച്ചു, അന്യമേഖലകളിലും പ്രഭുത്വം സാധ്യമാണ്, അത്യാവശ്യവുമാണ്. ഇപ്രകാരം നമ്മുടെ ആത്മവിശ്വാസത്തെ ശക്തിപ്പെടുത്താം. ആഹാരകാര്യത്തിൽ ഇഷ്ടാനിഷ്ടങ്ങൾക്ക് ഒരു ഉറച്ച ആധാരമില്ലെന്നുള്ള വാസ്തവത്തെ ഉപയോഗിച്ച്, ദിവസം തോറും ആഹാരത്തിനുള്ള പല അവസരങ്ങളെ ഉപയോഗിച്ചു നമ്മുടെ പ്രകൃതിയെ മാറ്റിയെടുക്കാൻ ബുദ്ധിമുട്ടില്ല. മറിച്ച്, സ്വന്തം പ്രകൃതിയെ നമ്മുടെ നന്മയ്ക്കും (അതുവഴി അന്യരുടെ/ ലോകരുടെ ഗുണത്തിനായും) ആയി പരിവർത്തനം/മാറ്റം ചെയ്യുന്ന ശ്രമത്താൽ നമുക്ക് ചുറ്റുവട്ടത്തിൽ ഒരു ചെറു സ്വർഗ്ഗത്തെത്തന്നെ സ്ഥാപിക്കാൻ കഴിയും ! വേണ്ടത് അധികം ബുദ്ധിമുട്ടില്ലാത്ത ആത്മാർത്ഥശ്രമമാണ്. ചിന്തിക്കുവിൻ ! വിശ്വസിക്കുവിൻ ! ഗുണമടയുവിൻ !

ജീവിതയാത്രയിൽ നമ്മൾ അറിഞ്ഞും അറിയാതേയും ആയി വലിച്ചുകയറ്റുന്ന, വക്രീകരിക്കുന്ന, സംസ്കാര പാളികൾ (Acquired Compulsory Behavioral Traits) നീക്കം ചെയ്തു, വാസ്തവത്തെ മനസ്സിലാക്കി, അതനുസരിച്ച് കാര്യങ്ങളെ ഗ്രഹിച്ച്, ഉചിതനിലയിൽ പെരുമാറി സുഖശാന്തി അനുഭവിച്ച്, മാതൃകാ വ്യക്തിയായി മാറാം.

ഇത് നമ്മളാൽ കഴിയും... നമുക്കായി നമ്മളാൽ അല്ലാതെ വേറെ ആരാലും ഇത് സാധിച്ചുതരുവാൻ കഴിയുകയില്ല... ഏക തത്ത്വ പുസ്തകം 8 ലക്കം 12 ഡിസംബർ 2018 പേജ് 8ൽ 'സ്വർഗ്ഗവും നരകവും' എന്ന തലക്കെട്ടിൽ കൊടുത്തത് വായിച്ചു ചിന്തിക്കുന്നപക്ഷം, നമ്മുടെ നിലയ്ക്ക് മുഖ്യ ഉത്തരവാദിത്വം നമ്മുടേത് തന്നെയെന്ന് സ്പഷ്ടമാക്കാം...

***ഒരുകുറിപ്പ്***

ഇന്ന് ആധുനിക ഭൗതികതയുടേയും ഉപഭോക്താസംസ്കാരത്തിന്റേയും തുടർന്നുള്ള പ്രലോഭനത്താൽ കുബേരാരാധനയുടെ ശീലം പ്രബലമായി വരുന്നുണ്ട്. കൂടുതൽ ധനേച്ഛയും പ്രതീക്ഷയും ഒരുപക്ഷെ സർവ്വസാധാരണയായിട്ടുണ്ട് ! ഇതേ ലക്കം 'അഭിപ്രായങ്ങളും പ്രതികരണങ്ങളും' ഭാഗത്തിൽ ശ്രീ. പ്രവീൺ പുള്ളോടിന്റെ 'അംബാനിയും ഞാനും അലാറമും' ചെറുകഥയെക്കുറിച്ച് ചില അഭിപ്രായങ്ങൾ കൊടുത്തിട്ടുണ്ട്. കേരളത്തിൽ 'വിജയകരമായി' നടക്കുന്ന 'ലോട്ടറിയും' തന്നെ നമ്മളെല്ലാവരുടേയും അകത്തുകിടക്കുന്ന അപ്രതീക്ഷിതമായി അടിക്കാവുന്ന 'ധനവർഷ പ്രതീക്ഷ'യെയല്ലെ സൂചിപ്പിക്കുന്നത് ? നിയന്ത്രണത്തിലുള്ള ഇത്തരം ആശ/ ആഗ്രഹം ഒരുപക്ഷെ ദോഷം ചെയ്യുകയില്ല. ●

■ അനുഭവം

ടി. ജെ. നായർ
9446630412

## നല്ല മലയാളത്തിനും കഷ്ടകാലം

**ഈ**യിടെ ഞാൻ പോയിരുന്നു ഞങ്ങളുടെ സ്വന്തം തപാലാഫീസിൽ. കൗണ്ടറിൽ ചെന്നുനിന്ന് സദയം – "സാറേ, അഞ്ച് ലക്കോട്ട്, അഞ്ചുരൂപായുടെ അഞ്ച് മുദ്രയും."

"അയ്യോ സോറി, അത് രണ്ടും സ്റ്റോക്ക് ഇല്ലല്ലോ അപ്പൂപ്പാ."

അതുകേട്ട ഞാൻ "ദയവായി തരൂ അഞ്ചുരൂപയുടെ അഞ്ച് കവറും അഞ്ചുരൂപയുടെ അഞ്ച് സ്റ്റാമ്പും. ഇതാ രൂപാ അമ്പത്." ആദ്യം ഞാൻ മലയാളത്തിൽ ചോദിച്ചു, ഇപ്പോൾ മംഗ്ലീഷിലും.

"അങ്ങിനെ പറയൂ, നല്ല ഭാഷയിൽ. രണ്ടും സ്റ്റോക്കുണ്ടിവിടെ. വാങ്ങി പോയാലും അപ്പൂപ്പാ." ●

■ കവിത

# ശിഷ്ടം



രാജീവ് മാമ്പുള്ളി
9961070707

തലയെണ്ണി
വീതംവെച്ചെഴുതിയ
കണക്കു
പുസ്തകത്തിൽ
നിന്ന്,
മിഴിവറ്റി എത്രസംഖ്യകളാണ്,
ആകാശം കാണാതെ
ഇല്ലാതായത്

എന്തിനെന്നറിയാതെ
ചിരിക്കുന്ന വെയിലിനെ
ഏതു കാറലയാണ്
മയക്കി കൊണ്ടുപോയത്

ഏതു പകലുറക്കത്തിലാണ്
സ്വപ്നങ്ങൾ പോരാടി
കൂർക്കം വലിച്ചത്

രതിയുടെ ഏതു
യാമത്തിൻ ലയച്ചുറ്റിലാണ്
തന്നെയുണർന്നില്ലാതായത്

കാവ്യത്തോപ്പിലെ
എത്ര അക്ഷരപ്പൂക്കളാണ്
സുഗന്ധ കലവറ
നിറച്ച് നിർമ്മമമായി,
ഹൃദയത്തിൽ
സമാധിയായത്

എത്രയിനിയും
തരാനെന്നു
ചോദിച്ച്
അഴിയാക്കടമായി,
നിന്നിലെ
ഞാനും....!

# ചുണ്ടങ്ങാവേര് തേടി...



മുക്കം ഭാസി
9846138693

**പ**ണ്ടൊരു വൈദ്യൻ ഒരു മുത്തശ്ശിയ്ക്ക് കഷായത്തിന് കുറിച്ചുകൊടുത്തു. വയസ്സായാൽ അങ്ങനെയാ പണ്ട്. എന്തെങ്കിലും ഒരു കഷായവും കുടിച്ച്, വല്ല കുഴമ്പും പെരട്ടി ചൂടുവെള്ളത്തിലൊരു കുളിയും. എക്സ്പയറി ഡേറ്റ് കഴിഞ്ഞവർക്ക് അതൊക്കെ ധാരാളം. കഷായത്തിന്റെ കുറിപ്പിൽ രണ്ട് കഴഞ്ച് ചുണ്ടങ്ങ വേരുണ്ടായിരുന്നു. നിർഭാഗ്യവശാൽ ചുണ്ടങ്ങ വേര് കിട്ടിയില്ല. ഇപ്പോഴത്തെ ഉള്ളി പോലെ !

വീണ്ടും വൈദ്യനെ സമീപിച്ചു. കാര്യം പറഞ്ഞു. “ഓഹോ... അങ്ങനെയോ ? എന്നാൽ ഒരു കാര്യം ചെയ്യാ... മറ്റുവേരുകളൊക്കെ റെഡിയല്ലേ ?”

“അതെ”

“നാലെ ചുണ്ടങ്ങ വേര് കിട്ടിയില്ലെങ്കിൽ ഏതെങ്കിലും കണ്ട വേരായാലും മതി.” വൈദ്യൻ കല്പിച്ചു.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ ഈയിടെയായി ഒരു സർക്കുലർ പുറത്തുവന്നു. ഹൈസ്കൂൾ തലം വരെയുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും (എല്ലാവരും എന്ന അർത്ഥമില്ല) നാട്ടിലുള്ള ഏതെങ്കിലും പ്രതിഭകളെ കണ്ടുപിടിച്ച് അവരുമായി സംവദിയ്ക്കണം. അത് റിക്കോർഡ് ചെയ്ത് മറ്റു കുട്ടികളെ കേൾപ്പിയ്ക്കണം.

പാവം കുട്ടികളും അദ്ധ്യാപകരും പരക്കം പാച്ചിലായി. അതിബുദ്ധി വൈഭവമുള്ളവരാണ് പ്രതിഭകൾ. അപ്പോഴാണ് എനിക്കൊരുവിളി. ഞാൻ പഠിച്ച ഹൈസ്കൂളിൽ നിന്ന് ! “ഭാസി സാറല്ലെ, ഞങ്ങൾ കുറച്ചു കുട്ടികളും അദ്ധ്യാപകരും നവംബർ പതിനാലിനോ പതിനഞ്ചിനോ അവിടെ വരും. കുട്ടികൾക്ക് സാറുമായി ചില ചോദ്യങ്ങൾ ചോദിയ്ക്കാനുണ്ട്. മറ്റാർക്കും സാറ് ഈ കാര്യത്തിൽ സമ്മതം മൂളരുത്.”

“എപ്പോൾ വേണമെങ്കിലും വന്നോളൂ...” ഞാൻ സമ്മതം മൂളി. എനിയ്ക്ക് എന്നെപ്പറ്റി അൽപ്പം ഗമതോന്നി. ഞാൻ ആള് മോശമല്ലല്ലോ. ഒരു മണിക്കൂർ കഴിഞ്ഞില്ല... അതാ മറ്റൊരു വിളി. “ഭാസി മാഷല്ലേ, എന്റെ സ്കൂളിലെ കുറച്ചു കുട്ടികളും അദ്ധ്യാപകരും അവിടെ വരും. മാഷിന്റെ കലാജീവിതവുമായി ഒരു സംവാദം നടത്താൻ.”

പിറ്റേന്ന് കാലത്ത് മറ്റൊരു വിളി. ഞാൻ പഠിപ്പിച്ച വിദ്യാലയത്തിൽ നിന്ന്. “വെള്ളിയാഴ്ച പത്തുമണിയ്ക്ക് കുറച്ചദ്ധ്യാപകരും 15 കുട്ടികളും സാറിന്റെ വീട്ടിൽ കുട്ടികൾക്ക് ചിലത് ചോദിച്ചറിയാൻ...!” എന്താപ്പായിത് ? ഞാൻ അത്ഭുതം കൂറി. വൈകുന്നേരം എന്റെ കൊച്ചുമോൾ അവൾ പഠിയ്ക്കുന്ന സ്കൂളിൽ നിന്ന് അദ്ധ്യാപകർ കൊടുത്തയച്ച ഒരു സർക്കുലറുമായാണ് വന്നത്. അതിൽ വിശദമായി പ്രതിഭകളെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഈ സർക്കുലർ വായിച്ചപ്പോഴാണ് എനിയ്ക്ക് കഷായത്തിന്റെ കാര്യം ഓർമ്മ വന്നത്. ചുണ്ടങ്ങ വേര് ഇല്ലെങ്കിലും കണ്ട വേരായാലും മതി. അങ്ങനെ കാര്യമായ പ്രതിഭകളെ കിട്ടാതായപ്പോൾ ഞാനുമൊരു കണ്ട വേരായി !

സമർത്ഥരായ കുട്ടികൾ. അവർ തലങ്ങും വിലങ്ങും വെട്ടി എന്നെ വിഷമിപ്പിച്ചു. പക്ഷെ ഞാനും വിട്ടുകൊടുത്തില്ല. ഒരു മിടുക്കിയുടെ ചോദ്യം - “എന്താണ് സാർ അഭിനയം ?” കുഴഞ്ഞല്ലോ... ഞാൻ തട്ടിവിട്ടു. കൃത്രിമമായി ഭാവപ്രകടനങ്ങൾ, അകൃത്രിമമായി അവതരിപ്പിക്കൽ... (ഇതൊന്നും ആധികാരമല്ല എന്ന് എനിയ്ക്ക് തന്നെ അറിയാം)

മറ്റൊരു മിടുക്കൻ - “സാറ് ഏറ്റവും അധികം ഇഷ്ടപ്പെടുന്ന തൊഴിൽ ?”

“അദ്ധ്യാപനം” എന്റെ ഉത്തരം. അതിന് ഞാനൊരു കഥയും കാച്ചി. ഫ്രഞ്ച് വിപ്ലവത്തിലെ ഒരു വിപ്ലവകാരിയെ തൂക്കുമരത്തിലേറ്റിയപ്പോൾ അദ്ദേഹത്തോട് ചോദിച്ചത്രെ; “താങ്കളുടെ അവസാനത്തെ ആഗ്രഹം ?”

*ഇനിയുമാദ്യവസാനമീജീവിതം*
*പുതിയൊരാവർത്തിവേണ്ടി*
*വന്നീടുകിൽ*
*അവിടെ ഞാനന്ന്*
*സ്വീകരിയ്ക്കുന്നതാം*
*വഴിയിത് തന്നെയായിരിയ്ക്കും*
*ദൃഢം !*

“അതുകൊണ്ട് കുട്ടികളെ, എനിയ്ക്കൊരു പുനർജന്മമുണ്ടാകുമെങ്കിൽ ഞാനന്നും അദ്ധ്യാപകനാവാൻ ആഗ്രഹിയ്ക്കുന്നു. അതിനുകുറേ അനുഭവകഥകളും അവരുടെ മുമ്പിൽ വിളമ്പി. അവർ കൈയ്യടിച്ചു. നൂറു നൂറു ചോദ്യങ്ങളുമായി കുട്ടികൾ. നാടകത്തെ പറ്റി, റേഡിയോ നാടകങ്ങളെ പറ്റി, എഴുത്തിനെ പറ്റി, സിനിമയെ പറ്റി... പലതിനെ പറ്റിയും... ഞാൻ ഒരു സർവ്വജ്ഞനായി ! സായം സന്ധ്യയിലെ സ്വർണ്ണരേണുക്കളായിരുന്നു അവയെല്ലാം.

“ജീവിതത്തിലെ ഏറ്റവും നല്ല മുഹൂർത്തങ്ങൾ ?” ചോദ്യം.

“വിദ്യാർത്ഥി ജീവിതം. പ്രത്യേകിച്ചും ഹൈസ്കൂൾ പഠനകാലം.” ഉത്തരം.

ശരിയാണ്. അല്ലലും അലട്ടലും ഇല്ലായ്മയും ഒക്കെ ഉണ്ടായിരുന്നെങ്കിലും എന്റെ ജീവിതത്തിലെ സുവർണ്ണകാലമായിരുന്നു ഹൈസ്കൂൾ ജീവിതം. സഫലീകരിയ്ക്കാത്ത ഒരു സ്വപ്നമായിരുന്നു അത്. പക്ഷെ അവിടെ ഒരു ദൈവം പ്രത്യക്ഷപ്പെട്ടു. കെ. എ. സുബ്രഹ്മണ്യ അയ്യർ,

MALT, പ്രധാന അദ്ധ്യാപകൻ. അദ്ദേഹം എന്റെ കൈപിടിച്ച് ആ ശ്രീകോവിലിലേയ്ക്ക് ആനയിച്ചു. എന്നെ ഇന്നത്തെ ഞാനാക്കിയത് അദ്ദേഹമാണ്. അദ്ദേഹം മാത്രം. അവിടെ എനിയ്ക്ക് മൊയ്തീനെ പോലെയുള്ള സുഹൃത്തുക്കളെ കിട്ടി. ജീവിത സഖിയെ കിട്ടി; പലതും കിട്ടി.

ഞാൻ കൊച്ചു കൊച്ചു ഗാനങ്ങളെഴുതി; പാട്ടുപുസ്തകം പ്രസിദ്ധീകരിച്ചു; നാടകങ്ങളിൽ വേഷമിട്ടു; അത്യാവശ്യം പ്രസംഗിയ്ക്കാൻ പഠിച്ചു. സാഹിത്യസമാജം സെക്രട്ടറിയും പാർലിമെന്റ് സ്പീക്കറും സ്കൂൾ ലീഡറും ഒക്കെയായി. ഇതൊക്കെ പിന്നീടുള്ള എന്റെ ജീവിതത്തിലെ പല പല ഘട്ടങ്ങളിലും എനിയ്ക്ക് തുണയായി. വളരെ ചെറിയ ഒരെഴുത്തുകാരനാവാനും ഒരു നടനെന്ന ചിലരെക്കൊണ്ടെങ്കിലും വിളിപ്പിയ്ക്കാനും എനിയ്ക്ക് സാധിച്ചു.

ഞാൻ സമൂഹത്തിൽ എന്തെങ്കിലും അടയാളപ്പെടുത്തി അപ്രത്യക്ഷമാവുന്നുണ്ടെങ്കിൽ അതിന്റെ ഒരേ ഒരു കാരണക്കാരൻ ഈശ്വരതുല്യനായ എന്റെ ഗുരുശ്രേഷ്ഠൻ കെ. എ. സുബ്രഹ്മണ്യയ്യർ തന്നെയാണ്.

ഗുരോ ! അങ്ങ് എന്റെ ചിന്താമണ്ഡലത്തിലെ നക്ഷത്രജ്യോതിയാണ്. മങ്ങലേല്ക്കാത്ത നക്ഷത്രജ്യോതി ! അങ്ങ് ഈ ലോകത്തിലുണ്ടോയെന്നുപോലും എനിയ്ക്കറിയില്ല. എവിടെയായാലും ഈ ശിഷ്യന്റെ പ്രണാമം ഏറ്റുവാങ്ങിയാലും.

●

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**



# ഇവിടമാണദ്ധ്യാത്മ വിദ്യാലയം



**രാജേന്ദ്രൻ വയല**
**9446377201**

**ഇ**ടവേളകളിൽ അശരണരുടെ അഭയകേന്ദ്രങ്ങൾ സന്ദർശിക്കാൻ സുഹൃത്തിനൊപ്പം പോവാറുണ്ട്. എത്രയോ വേറിട്ട അനുഭവലോകമാണ് അവിടെയുള്ള അന്തേവാസികളോട് സംസാരിച്ചിരുന്നാൽ കിട്ടുക. മാനസിക ഏകാന്തതയുടെ തുരുത്തിലകപ്പെട്ടവരോടൊപ്പമിരുന്ന് ഹൃദയം തുറന്ന് അനുഭാവത്തോടെ സാന്ത്വനം പകർന്ന് സംസാരിക്കുകയും അതിലേറെ അവരെ കേട്ടിരിക്കുകയും ചെയ്യുമ്പോൾ മാനുഷികതയുടെ അഭൗമമായ മറ്റൊരു ലോകമാണ് തുറന്നുകിട്ടുക.

തങ്ങളുടെ ദുഃഖങ്ങളും ദുരിതങ്ങളും മാത്രമാണ് വലുതെന്നും പ്രധാനമെന്നും വിചാരിക്കുന്നവർക്കും, ജീവിതം പഠിക്കാനാഗ്രഹിക്കുന്നവർക്കും ലോകത്തെക്കുറിച്ച് ഒന്നുമറിയാതെ അടിപൊളി ജീവിതം നയിക്കുന്ന ചെറുപ്പക്കാരുമൊക്കെ വല്ലപ്പോഴുമെങ്കിലും ഇങ്ങനെയുള്ള ശരണാലയങ്ങളിലേക്ക് വരേണ്ടിയിരിക്കുന്നു. അത് അവരുടെ ജീവിത വീക്ഷണത്തിലും അനുഭവലോകത്തും ആഴമുള്ളതും ആരോഗ്യകരവുമായ സ്വാധീനമുണ്ടാക്കും.

സഹജീവികളോട് തുറന്ന കാരുണ്യവും സഹവർത്തിത്വവുമുള്ള ഒരാളോ അവരോടൊപ്പമുള്ള കുറേ നല്ല മനുഷ്യരുടേയോ അശ്രാന്തവും ക്ലേശഭരിതവുമായ തുറന്ന പ്രവർത്തനങ്ങളാണ് പല ശരണാലയങ്ങളേയും ഇന്നത്തെ ഔന്നത്യത്തിലെത്തിച്ചിട്ടുണ്ടാവുക. ഇപ്പോൾ പഴയപോലെ ദൈനംദിന ചിലവുകൾക്കായി വീടുകളും ഓഫീസുമൊക്കെ കയറിയിറങ്ങി ധനസഹായവും വസ്ത്രവും ഭക്ഷ്യവസ്തുക്കളുമൊക്കെ ശേഖരിക്കാൻ അവർക്ക് അലയേണ്ടതുണ്ടാവില്ല. സമൂഹത്തിലെ നല്ലൊരു ശതമാനം പേരും ഇത്തരം കേന്ദ്രങ്ങളെ സഹായിക്കാൻ സർവ്വാത്മനാ മുന്നോട്ട് വരുന്നുണ്ട്. അച്ഛനമ്മമാരുടേയും ബന്ധുക്കളുടെ ഓർമ്മദിനങ്ങളിൽ വിഭവസമൃദ്ധമായ സദ്യ നൽകിയും ധനസഹായം നൽകിയും വിഭവങ്ങളും വസ്ത്രങ്ങളുമൊക്കെ കൊടുത്തും സഹകരിക്കുന്നു. പ്രാദേശിക സർക്കാർ - സ്വകാര്യ സ്ഥാപനങ്ങളും ഒപ്പമുണ്ട്.

മനുഷ്യർ ഇടപെടുന്ന എല്ലായിടങ്ങളിലേയും പോലെ ഈ മേഖലയിലും കുറച്ചെങ്കിലും ലാഭ മോഹചിന്തകളുണ്ടാവാം. നേതൃത്വം നൽകുന്നവരുടെ കൊടിയ അദ്ധ്വാന ഭാരവും അലച്ചിലും, വ്യതിരിക്ത വ്യക്തിത്വമുള്ളവരെ ഏകോപിപ്പിച്ച് ഒരു കൂരയ്ക്ക് കീഴിൽ നിർത്താനും ഉള്ള നേതൃപാടവവും മറ്റൊരു സ്വകാര്യ സംരംഭത്തിനായി അവർ മാറ്റിവച്ചിരുന്നുവെങ്കിൽ ചിലപ്പോൾ ഇതിലധികം ജീവിതസൗഭാഗ്യങ്ങൾ കൈവരിക്കാനാവുമായിരുന്നു എന്നും ചിന്തിക്കാവുന്നതല്ലേ !

പഴിചാരാൻ എളുപ്പമാകുന്നു. ജീവകാരുണ്യനിലയങ്ങളുടെ പ്രവർത്തനലോകത്തെ അടുത്തറിയുമ്പോളാണ് എത്രയോ പ്രശ്നസങ്കീർണ്ണതകൾ നേരിട്ടാണ് ഓരോ ദിവസവും അതങ്ങനെ ആഴക്കടലിൽ കാറ്റിനേയും തിരകളേയും നേരിട്ട് മുന്നോട്ട് പോവുന്നതെന്ന് തിരിച്ചറിയാനാവുക.

പറഞ്ഞുതുടങ്ങിയത് ജീവിതത്തിൽ പലതരത്തിൽ ഒറ്റപ്പെട്ട് ശരണാലയങ്ങളിൽ അഭയം തേടുന്നവരുടെ ലോകത്തെക്കുറിച്ചായിരുന്നു വല്ലോ. അവർ ഓരോരുത്തരും ഓരോ സ്വകാര്യ തുരുത്തുകളിലെ നീ

ന്താനറിയാത്ത ജീവജനുസ്സുകളാണ്.

മിക്കവാറും അന്തേവാസികൾ സംസാരിക്കുന്നത് അവരുടെ മാത്രം നേരിന്റേയും നേർവഴിയുടേയും ലോകത്തെക്കുറിച്ചാണ്. മക്കളും ബന്ധുക്കളും സുഹൃത്തുക്കളും എന്തിന് ഭാര്യ പോലും വഞ്ചിച്ചുവെന്നും ഒറ്റപ്പെടുത്തിയെന്നുമാണ് മിക്കവാറും പേർക്ക് പറയാനുള്ളത്. കേൾക്കാൻ ആളുള്ളപ്പോൾ അവർ പരാതിക്കെട്ടുകളുടെ ഭാണ്ഡങ്ങൾ അഴിച്ചുകൊണ്ടേയിരിക്കും. നിങ്ങൾക്കെങ്കിലും തങ്ങളെപ്പോലെ ചതി പറ്റരുതെന്ന് ഉപദേശിക്കും.

ശരണാലയങ്ങളിലെ ചുമതലക്കാർക്ക് അന്തേവാസികളെ മാത്രമല്ല അവരുടെ കുടുംബാംഗങ്ങളേയും നാട്ടുകാരേയും അടുത്തറിയാം. ഓരോരുത്തരേയും കുറിച്ച് അവരൊക്കെയും പറഞ്ഞിട്ടുള്ളത് സ്വകാര്യമായി അവർ പറഞ്ഞുതരുമ്പോൾ ഇതിൽ ഏതാണ് ശരിയെന്നോ തെറ്റെന്നോ അറിയാനാവാതെ ഇരുട്ടും വെളിച്ചവും ഇടകലർന്നു രൂപം കൊള്ളുന്ന ലോകത്തെ സ്വപ്ന സഞ്ചാരികളായി നാം മാറും.

അപൂർവ്വമായി അന്തേവാസികൾ തങ്ങൾക്കും സംഭവിച്ച അപഭ്രംശങ്ങൾ തുറന്നുപറയും. ഇതൊക്കെ തന്റെ വിധിവിഹിതമല്ല തന്റെ അതിരുവിട്ട പ്രവൃത്തിദോഷം കൊണ്ട് നേടിയ അർഹിക്കുന്ന വിഹിതം തന്നെയെന്ന് പറയും. ചിലർ ആഴത്തിൽ കരയും, ചിലർ ദാർശനിക ഭാവത്തിൽ പതിയെ ചിരിക്കും. ചിരിക്കും കരച്ചിലിന്നും എത്രയോ ആഴമറിയാത്ത അർത്ഥതലങ്ങളുണ്ടെന്ന് നാമറിയും.

ഇവിടമാണദ്ധ്യാത്മ വിദ്യാലയമെന്ന കവിവചനം അന്തരാളങ്ങളിൽ അനുരണനങ്ങളുണർത്തും.

●

**അറിയിപ്പ്**

പ്ലാസ്റ്റിക് കവറിലാണ് ഏക തത്ത്വ മാസിക പോസ്റ്റലായി അയക്കാറ്. ആ കവറിനെ ഭൂമിയിലേയ്ക്ക് വലിച്ചെറിയാതെ അതിൽ മണ്ണ് നിറച്ച് ഒരു ചെടി നടുവാൻ അപേക്ഷ.

എഡിറ്റർ



# എന്റെ സഹോദരങ്ങൾ

**പ്രേമ . ആർ**
**9645585260**

**പാ**ലക്കാട് ജില്ലയുടെ പുരോഗമന വികസനത്തിന്റെ പാതയിലൂടെ സഞ്ചരിക്കാത്ത ഒരു ജനസമൂഹം താമസിക്കുന്ന അട്ടപ്പാടി ഊരുകൾ. നിശ്ശബ്ദത താഴ്‌വരയായ സൈലന്റ് വാലിയുടെ കിഴക്കൻ അതിർത്തി പ്രദേശമായ മേലേ ഭൂതയാർ അട്ടപ്പാടി പുതൂർ പഞ്ചായത്തിലെ പാലൂർ, താഴെ ഭൂതയാർ, എടവാണി ഇങ്ങനെ 192 ഊരുകൾ വൈദ്യുതിയില്ലാതെ, റോഡില്ലാതെ, മൊബൈൽ ടവറില്ലാതെ, കാലത്തെ ചായയ്ക്ക് മിൽമ പാലിന്റെ രുചിയില്ലാതെ, ആധാർ കാർഡിന്റേയോ പാൻ കാർഡിന്റെയോ റേഷൻ കാർഡിലെ മേൽവിലാസമില്ലാതെ, മണ്ണിനോടും പ്രകൃതിയോടും പടവെട്ടി ജീവിക്കുന്ന അവർ ഒട്ടേറെ കഴിവുള്ളവരും ബുദ്ധിയുള്ളവരുമാണ്. നമ്മൾ അവരെ 'ട്രൈബൽസ്' എന്ന പേരും വിളിച്ച് മാറ്റിനിർത്തുന്നു.

അട്ടപ്പാടിയിലെ ജീവിതത്തിന്റെ നേർക്കാഴ്ച പരിചയപ്പെടുത്താനാണ് ഈ മുഖവുര. സെന്റർ ഫോർ ട്രൈബൽ എജുക്കേഷൻ, ഡവലപ്മെന്റ് ആന്റ് റിസർച്ച് (തമ്പ്) അദ്ധ്യക്ഷൻ അംഗമായ രാജേന്ദ്ര പ്രസാദിന്റെ 'എന്റെ ഹൃദയത്തിലെ ആദിവാസി' എന്ന പുസ്തകത്തിൽ അട്ടപ്പാടി ഊരുകളിലെ ജീവിതം പച്ചയായി ആവിഷ്ക്കരിച്ചിരിക്കുന്നു. ഒരു പുസ്തകത്തെ പരിചയപ്പെടുത്തൽ അല്ല ഇത് ഞാൻ വായിച്ച ജീവിത യാഥാർത്ഥ്യങ്ങൾ നിങ്ങളിലേയ്ക്ക് ഈ ലേഖനത്തിലൂടെ പറയാൻ ശ്രമിക്കുകയാണ്.

2011ലെ സെൻസസ് പ്രകാരം സംസ്ഥാന ജനസംഖ്യയുടെ 1.45% ആദിവാസികളാണുള്ളത്. 14 ജില്ലകളിലായി ചിതറിക്കിടക്കുന്ന ആദിവാസികളിൽ 31.24% വയനാട് ജില്ലയിലാണ്. 36 ആദിവാസി വിഭാഗങ്ങളാണുള്ളത്. ഇതിൽ 85% കർഷക തൊഴിലാളികളും കൂലിവേലക്കാരുമാണ്.

ഇതിൽ 2017 – 2018ൽ ശിശുമരണനിരക്ക് 21ഉം ഏകദേശം 1,50,000 കുടുംബങ്ങൾക്ക് റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവ ഇല്ലാത്തവർ. 5000 പഠനം പാതിവഴിയിൽ ഉപേക്ഷിച്ചവർ, സമ്പൂർണ്ണ നിരക്ഷരർ എന്നിങ്ങനെ 1,32,000 പേർ, അവിവാഹിതരായ അമ്മമാരുടെ എണ്ണം 1000 എന്നിങ്ങനെ 2019 അവസാനിക്കാറായപ്പോഴും ഇതിന് കുറവുകളൊന്നും വന്നിട്ടില്ല എന്നത് നമ്മുടെ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായി കരുതാം. കാരണം നിത്യവും നടക്കുന്ന പീഡനവും രാഷ്ട്രീയ സാമൂഹിക അരാജകത്വം സൃഷ്ടിക്കുന്ന പോർവിളികളും പെൻഷൻ, ശമ്പള കുടിശ്ശിക, ബി. എസ്. എൻ. എൽ., കെ. എസ്. ഇ. ബി. എന്നിവയുടെ നഷ്ടത്തിന്റെ വാർഷിക വരുമാനത്തിന്റെ കണക്കെടുപ്പ് എന്നിവയുടെ തിരക്കിൽ, പോഷകാഹാര കുറവും, യഥാർത്ഥമായ ചികിത്സയുടെ അഭാവം മൂലം നടക്കുന്ന ശിശുമരണവും ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസവും അന്വേഷിക്കാൻ സമയമില്ലാതായിരിക്കുന്നു.

എങ്കിലും ഒരു കാര്യം എടുത്ത് പറയാതെ വയ്യ. നമ്മുടെ ഭക്ഷ്യ വകുപ്പ് മന്ത്രി 10-12-2019ന് ഒരു വീടിന് ഒരുമാസം 30കെ.ജി. റേഷനരി എന്ന പുതിയ സംരംഭം ആനവായ് ഊരിൽ ഉദ്ഘാടനം ചെയ്യാൻ പോയി. അതുകൂടാതെ ഇനിവരുന്ന മാസങ്ങളിലെല്ലാം സഞ്ചരിക്കുന്ന റേഷൻകടയായി ഈ സംരംഭം മുന്നോട്ട് കൊണ്ടുപോകാൻ സബ് കലക്ടറോ അതിനോടനുബന്ധിച്ച് ഇതിന് ബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തു.

ഭൂമിയുടെ അന്യാധീനപ്പെടൽ, കൃഷിയുടെ അപചയം, നിരക്ഷരത, വനനശീകരണം, ജലസ്രോതസ്സുകളുടെ അഭാവം ഇതെല്ലാം അട്ട

പ്പാടിയിലെ ആദിവാസികളെ പ്രതിസന്ധിയിലാക്കി. ആഹാരത്തിനായി ഒന്നും രണ്ടും രൂപയ്ക്ക് കിട്ടുന്ന അരിക്കുവേണ്ടി അവർ ക്യൂ നിന്നു. ഇങ്ങനെ കിട്ടുന്ന അരി മാത്രം കഴിച്ചാൽ ഉണ്ടാകുന്ന ദുരന്തത്തിന്റെ നേർകാഴ്ചയാണ് അട്ടപ്പാടിയിലെ ശിശുമരണം ആറുവയസ്സിന് താഴെയുള്ള 7000 വരുന്ന കുട്ടികളിൽ വളർച്ചാമുരടിപ്പ് എന്നിവ.

കേരളത്തിലെ വയനാട്, പാലക്കാട്, തിരുവനന്തപുരം, കോട്ടയം, ഇടുക്കി ജില്ലകളിലെ മലയോരപ്രദേശങ്ങളിലാണ് ഇവർ താമസിച്ചുവരുന്നത്. ഒരു മനുഷ്യന്റെ അവകാശങ്ങളായ വിദ്യാഭ്യാസം, തൊഴിൽ ചെയ്യുവാനുള്ള അവകാശം, ഭൂമി ഉടമസ്ഥത ഇങ്ങനെ താഴെ തട്ടിൽ നിന്നുതന്നെ സർക്കാർ ഇവർക്കുവേണ്ടി അല്ലെങ്കിൽ അവകാശത്തിനു വേണ്ടിയും അധികാരത്തിനു വേണ്ടിയും മുറവിളി കൂട്ടുന്ന ഇതര സംഘടനകൾ മുന്നോട്ടിറങ്ങിയാൽ ഒരുപരിധി വരെ പരിഹരിക്കാനാവും എന്ന് പ്രത്യാശിക്കാം.

റോഡ്, വെള്ളം, വെളിച്ചം, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, അംഗൻവാടി, റേഷൻകട എന്നിങ്ങനെ അവർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ അവരുടെ ഇടയിൽ വിദ്യാഭ്യാസമുള്ളവരെ കണ്ടെത്തി, അവർക്ക് പരിശീലനം കൊടുത്ത് അവരെ ഈ പ്രശ്നങ്ങളെ ഒരുപരിധി വരെ പരിഹരിക്കാം.

90 വയസ്സുള്ള കാട മുത്തശ്ശി, എടവാണി ഊരിൽ താമസിക്കുന്നു. അവർക്ക് ഇന്നുവരെ വാർദ്ധക്യകാല പെൻഷനോ, വിധവാ പെൻഷനോ കിട്ടിയിട്ടില്ല. കാരണം, ഇതിന് അപേക്ഷിക്കണമെങ്കിൽ, ഇലക്ഷൻ കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിങ്ങനെയുള്ള ഒരു കാർഡും അവർക്കില്ല.

വിദ്യാഭ്യാസമേഖലയിൽ ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക്, ബാലവേലയും ശൈശവ വിവാഹവും ഒരുകാരണമാണ്. ആദിവാസി മേഖലയിൽ സമഗ്രമായ ഇടപെടൽ നടത്തേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്നത് പോലെ, അയൽപക്ക സ്കൂളുകളിൽ ആദിവാസി മേഖലകളില്ല, മേഖലയിലെ വിദ്യാലയങ്ങളിൽ മിക്കവയും വിദ്യാർത്ഥി സൗഹൃദമല്ല. അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നുള്ള അവഗണനയും തിക്താനുഭവവും അവരെ വിദ്യാഭ്യാസത്തിൽ നിന്ന് പിന്നോട്ട് കൊണ്ടുപോയതിന്റെ കാരണങ്ങളാണ്, എല്ലാതരത്തിലും അവരെക്കുറിച്ച് അറിഞ്ഞാലും ഞാനടക്കമുള്ള സമൂഹം, വളരെ തന്മയത്വത്തോടെ ആദിവാസികൾ എന്ന പേരിൽ അവരെ നമ്മളിൽ നിന്നും അകറ്റിനിർത്തുന്നു. ഇതെല്ലാം അറിഞ്ഞതിനുശേഷം, ഞാനും അവരിൽ ഒരാളാണെന്ന് ഞാൻ തിരിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. കാരണം റേഷൻ കാർഡില്ലാത്ത ഒരു വ്യക്തിയാണ് ഞാനും, മറ്റെന്ത് കാർഡ് ഉണ്ടെങ്കിലും റേഷൻ കാർഡില്ലെങ്കിൽ സർക്കാരിന്റെ ഒരു സഹായത്തിനും അർഹരല്ല. അവർ മണ്ണിനോടും പ്രകൃതിയോടും പടവെട്ടി ജീവിക്കുന്നു. അതിന്റെ കൂടെ മനസ്സുകൊണ്ട് നമുക്ക് അണിചേരാം, പ്രവർത്തിക്കാം.

* * * * *

ആദിവാസികളെക്കുറിച്ച് എന്റെ ചെറിയ അനുഭവം ഇവിടെ കുറിക്കുന്നു.

1-12-2019ന് വൈകുന്നേരം 3.30 മുതൽ 7.30 വരെ പാലക്കാട് ജില്ലാ ലൈബ്രറിയിൽ അവരുടെ പുസ്തകമായ 'എന്റെ ഹൃദയത്തിലെ ആദിവാസി' എന്നതിന്റെ പ്രകാശനം നടക്കുന്നു. ആദിവാസി മേഖലയിലെ ലക്ഷ്മി, മുരുകൻ, 'തമ്പി'ന്റെ (ആദിവാസികളുടെ കൂട്ടായ്മയായ തമ്പ്) ശെൽവി, ജ്യോതി, അവരുടെ പെരുമാറ്റം വളരെ സ്നേഹത്തോടെയായിരുന്നു. അവർ എന്നോട് പറഞ്ഞു ഞങ്ങളുടെ അതിജീവനത്തിന്റെ കഥയാണിത്. ഞങ്ങളുടെ ബുക്കാണിത് എന്ന്. അവരുടെ സംസാര രീതിയും ഡ്രസ്സിംഗും വളരെ നല്ലതായിരുന്നു. ചടുലമായ സംഭാഷണങ്ങളും പ്രവർത്തനങ്ങളും. അന്ന് അവിടെ അവരുടെ പ്രസംഗവും പാട്ടും അവതരിപ്പിച്ചിരുന്നു. എനിക്ക് മനസ്സിലാവാത്ത ഭാഷ ആയിരുന്നെങ്കിലും അതിന്റെ ഈണം, വളരെ ആകർഷണീയമായിരുന്നു. അവരുടെ പരിപാടി അവസാനിച്ചെങ്കിലും അവിടത്തെ ബാനർ മാറ്റാനും കസേരകൾ അടുക്കിവയ്ക്കുകയും കൂടാതെ എന്റെ ജോലിയിൽ വരെ അവർ സഹായിച്ചു. (ഞാനവിടെ ബുക്ക് സ്റ്റാൾ വർക്ക് ചെയ്യുവാൻ പോയതായിരുന്നു) അതുകഴിഞ്ഞപ്പോൾ എനിക്ക് അഭിമാനം തോന്നി. മണ്ണിന്റെ മക്കളെ പരിചയപ്പെടാൻ കഴിഞ്ഞതിൽ. ●

# അവൻ

ഷൈലജ മോഹൻ
9497118181

അവൻ ചുറ്റി നടക്കുന്നു
കണക്കുകൾ നോക്കി
കൂട്ടിയും കിഴിച്ചും
തല വെട്ടം നോക്കി

ഏറെ ചെയ്തു തീർക്കാനു
ണ്ടെന്നറിയാമെങ്കിലും
കാത്തു നില്ക്കില്ലവൻ

കിതച്ചോടുന്ന നിരത്തിലും
ഉല്ലസിക്കുന്ന കുടുംബങ്ങളിലും
ആശുപത്രികളിലും
അവൻ തക്കം പാർത്തിരിക്കും
അട്ടഹാസം മുഴക്കി
പാഞ്ഞെത്തും

നെഞ്ചത്തടിക്കുന്ന അമ്മമാരെ
കോട്ടിയ ചിരിയാൽ നോക്കും
കനൽ തിളയ്ക്കുന്ന മനസ്സുള്ള
അച്ഛൻമാരെ സൃഷ്ടിക്കും
ഇരുമെയ് ഒരു മെയ്യായവരെ
ജീവച്ഛവമാക്കും

ആ ചിരിയുമായവൻ
ഇവിടെയുമെത്തും

നീണ്ട മൗനത്തിനാഴത്തിൽ
ഞെരമ്പുകൾ പിടച്ചു
ജീവിതം തിന്നാൻ
ബാക്കിയാവും ചിലർ

ദീർഘനിശ്വാസത്തിൽ
നൽകിയ സ്നേഹമലിയിച്ചു
മാറി നില്ക്കും മറ്റു ചിലർ
മുദ്ര ചക്രങ്ങളുമായി പലരും

ജീവിക്കട്ടെ ഞാൻ
കണക്കുകൾ കൂട്ടി കിഴിച്ചു
അവനെത്തുമ്പോൾ
കൂടെ പോവാൻ...

# മലയാള സിനിമ പിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ



ടി. വി. നാരായണൻ കുട്ടി
9446030344



## എസ്. ജാനകി

**1957**ൽ തുടങ്ങി 2017 വരെ ഏതാണ്ട് ആറ് ദശവർഷക്കാലം റേഡിയോ, ടി. വി. ഇവയ്ക്ക് പുറമെ പതിനേഴോളം ഭാഷകളിൽ – ഇവയിൽ എണ്ണത്തിൽ തമിഴ്, കന്നട, തെലുങ്ക്, മലയാളം ഭാഷകളാണ് മുൻപന്തിയിൽ. പിന്നണി ഗാനങ്ങൾ ആലപിച്ച വ്യക്തിത്വത്തിന്നുടമ. ഹിന്ദി സിനിമകളിലും മോശമല്ലാത്ത സാന്നിദ്ധ്യം ഉണ്ടായിരുന്നു. കൂടാതെ ജപ്പാനീസ്, ജർമ്മൻ ഭാഷകളിലും ഒരു കൈനോക്കി. എല്ലാം കൂടി നാൽപ്പത്തി എണ്ണായിരത്തോളം ഗാനങ്ങളാലപിച്ചിട്ടുണ്ടാവുമെന്നാണ് കരുതപ്പെടുന്നത്.

ജാനകി ജനിച്ചത് ആന്ധ്രപ്രദേശിലെ ഗുണ്ടൂരിലെ 'റെപാല്ലെ' താലൂക്കിലെ 'പല്ല പട്ല' എന്ന സ്ഥലത്താണ്. 1938 ഏപ്രിൽ 23ന് ജനിച്ച ഇവർ സിസ്റ്റ്ല ജാനകി (എസ്. ജാനകി) എന്നാണറിയപ്പെട്ടിരുന്നത്. കുട്ടിക്കാലത്ത് 'സിസ്റ്റ്ല' എന്ന സ്ഥലത്ത് കൂടുതൽ കാലം കഴിച്ചുകൂട്ടിയതിനാൽ ഈ സ്ഥലപ്പേരാണ് ഇവരുടെ ഇനീഷ്യൽ. ഇന്ത്യൻ സിനിമാലോകത്തേയും, തെന്നിന്ത്യയിലേയും 'വാനമ്പാടി' എന്ന നിലയിലും ഇവർ അറിയപ്പെട്ടു. അത്രയ്ക്ക് മധുരമായിരുന്നു ഇവരുടെ ഗാനങ്ങൾ. 1959ൽ വിവാഹിതയായ ഇവർക്ക് അവരുടെ ഭർത്താവ് വി. രാമപ്രസാദിന്റെ വേർപാട് 1997ൽ അഭിമുഖീകരിക്കേണ്ടി വന്നു. ഇവർക്ക് 1960ൽ ജനിച്ച 'മുരളീകൃഷ്ണൻ' എന്നൊരു മകൻ മാത്രമാണുള്ളത്.

സംവിധായകൻ ഇളയരാജയുടെ കീഴിൽ എസ്. പി. ബാലസുബ്രഹ്മണ്യത്തോടൊത്ത് 1960–70–80 കാലങ്ങളിൽ പാടിയ യുഗ്മഗാനങ്ങൾ മിക്കതും ഏറെ ശ്രദ്ധിക്കപ്പെട്ടു. കൂടാതെ കന്നടത്തിൽ എസ്. പി. ബി., പി. ബി. എസ്., ഡോ. രാജ് കുമാർ എന്നിവരോടൊത്ത് പാടിയ പ്രണയ ഗാനങ്ങളും ഏറെ പ്രശംസ നേടി.

20ാം വയസ്സിൽ അമ്മാമന്റെ നിർദ്ദേശമനുസരിച്ച് മദ്രാസിലേക്കിവർ താമസം മാറ്റി. അവിടെ എ. വി. എം. സ്റ്റുഡിയോയിൽ ഗായികയായി ചേർന്നു. 1957ൽ 'വിധിയിൻ വിളയാട്ട്' എന്ന സിനിമയിലാണ് തുടക്കം. ഒപ്പം എം. എൽ. എ. എന്ന തെലുങ്ക് സിനിമയിലും. ആദ്യവർഷം തന്നെ 6 ഓളം ഭാഷകളിലിവർക്കവസരം ലഭിച്ചു. തന്റെ 60 വർഷത്തെ സിനിമാ പിന്നണിഗാന ജീവിതത്തിൽ 'പത്തു കല്പനകൾ' എന്ന സിനിമയിലെ 'അമ്മാ പൂവിനും' എന്ന താരാട്ട് പാട്ട് തന്റെ ഏറ്റവും മികച്ച ഗാനമാണെന്ന് ജാനകി അഭിപ്രായപ്പെടുന്നു. 2017 ഒക്ടോബർ 28ന് മൈസൂരിൽ നടന്ന ഒരു ഗാന പരിപാടിയോടെ ഇവർ പിന്നണി ഗാനാലാപനത്തിൽ നിന്ന് വിട വാങ്ങി.

ഇവർ ഏറ്റവും കൂടുതൽ ഗാനങ്ങളാലപിച്ചത് കന്നട ഭാഷയിലാണ്. ജി. കെ. വെങ്കടേഷ്, രാജൻ നാഗേന്ദ്ര മുതൽ ഹംസലേഖ വരെയുള്ള എല്ലാ സംവിധായകരുടെ കീഴിലും പാടി. ആദ്യത്തെ മലയാള ഗാനവും 1957ലാണ്. വി. ദക്ഷിണാമൂർത്തി, എം. എസ്. ബാബുരാജ്, ശ്യാം, എം. കെ. അർജ്ജുനൻ, ജോൺസൺ, രവീന്ദ്രൻ, എം. ബി. ശ്രീനിവാസൻ, എ. ടി. ഉമ്മർ, സലീൽ ചൗധരി, ജി. ദേവരാജൻ തുടങ്ങി ഏവർക്കും ഇവർ പ്രിയങ്കരിയായിരുന്നു. ആയിരത്തിനടുത്ത് മലയാള ഗാനങ്ങൾ പാടിയിട്ടുണ്ടാകുമെന്ന് പറയപ്പെടുന്നു. 1970ൽ കേരള സർക്കാരിന്റെ അവാർഡ് ലഭിച്ച ശേഷം ഏതാണ്ട് 15 വർഷക്കാലം ഇവർ തന്നെ പിന്നണിഗാന അവാർഡ് നേടുന്ന അവസ്ഥയായിരുന്നു. മലയാളത്തിൽ ഏറ്റവും കൂടുതൽ അവാർഡ് ലഭിച്ച മലയാളിയല്ലാത്ത പിന്നണി ഗായികയും ജാനകി തന്നെ.

'കൊഞ്ചും ശിലങ്കൈ' എന്ന സിനിമയിൽ കാരക്കുറിച്ചി അരുണാചലത്തിന്റെ നാദസ്വരത്തോടൊപ്പം 'ശിങ്കാരവേലനെ ദേവാ' എന്ന ഗാനം അതിമധുരമായി പാടി, ശ്രോതാക്കളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടാനിവർക്ക് കഴിഞ്ഞു. എം. എസ്. വിശ്വനാഥനാണ് ജാനകിക്ക് തമിഴിൽ കൂടുതൽ അവസരങ്ങൾ നൽകിയത്. 'അവള്കെന്റും ഒരുമനം' എന്ന സിനിമയിൽ 'ഉന്നിടത്തിൽ എന്നൈക്കൊടുത്തേൻ' എന്ന ഗാനം എസ്. ജാനകിക്ക് തമിഴിൽ തന്റെ സ്ഥാനമുറപ്പിക്കാനിടയായി. ഇളയരാജയ്ക്ക് കീഴിൽ എസ്. പി. ബി.യോടൊത്തും (1970 – 1990 പകുതി വരെ) എം. എസ്. വി., ഇളയരാജ, എ. ആർ. റഹ്മാൻ എന്നിവരുടെയൊക്കെ കീഴിൽ പാടി സംസ്ഥാന അവാർഡുകൾ ഏറ്റുവാങ്ങാൻ കഴിഞ്ഞ ഒരേയൊരു ഗായികയും ഇവരാണ്.

ഇവരുടെ തമിഴ്പ്പാട്ട് കേട്ട് 'ബപ്പിലഹരി' എന്ന ഹിന്ദി സംഗീത സംവിധായകൻ ഹിന്ദിയിലേക്ക് ഇവരെ ക്ഷണിച്ചു. കിഷോർ കുമാറുമൊത്തിവർ കുറേ യുഗ്മഗാനങ്ങൾ പാടി.

1985ൽ 'യാർ ബിന ചേൻ കഹാ രേ' (സാഹേബ്), 'സുൻ റൂബിയ തും സേ പ്യാർ ഹോഗയാ (മർദ്) 1987ൽ 'ദിൽമെ ഹോ തും' (സത്യമേവ ജയതേ), 1989 ൽ 'മേം തേരേലിയേ' (മേം തേരേലിയേ), 1990ൽ 'പൂച്ചോന കൈസേ മസാ' (അവ്വയ് നമ്പർ) എന്നിവയാണ് മികച്ച ഗാനങ്ങൾ. 109 ഓളം ഹിന്ദി ഗാനങ്ങൾ, 68 ഓളം ഒറിയ ഗാനങ്ങൾ, 4 സിംഹള, 2 തുളു, 2 സംസ്കൃതം, 1 പഞ്ചാബി, 1 ബഡഗ (നീലഗിരി ജില്ലയിലെ ആദിവാസി ഭാഷ) എന്നിവയും ഇവരുടെ ആലാപനങ്ങളിൽ പെടും. 1960ൽ 'അടുത്ത വീട്ടു പെൺ' എന്ന സിനിമയിൽ ഒരു ജപ്പാനീസ് ഗാനവും. 1990ൽ 'പുതുപ്പാട്ട്' എന്ന സിനിമയിലൊരു ജർമ്മൻ ഗാനവും, 'സ്വയംക്രുഷി'യ്ക്കു വേണ്ടി ഒരു ഇംഗ്ലീഷ് ഗാനവും ഇവർ പാടി. ഇളയരാജയോടൊത്ത് മാത്രം ഏകദേശം 200 ഓളം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്.

പ്രായമായവരുടേയും കുട്ടികളുടേയും ചിലപ്പോൾ പുരുഷ ശബ്ദത്തിലും ഇവർ പാടാറുണ്ട്. ശബ്ദനിയന്ത്രണത്തിലെ ഈ സവിശേഷതയ്ക്ക് ചില അവാർഡുകളും ഇവരെ തേടിയെത്തി. എൽ. വൈദ്യനാഥൻ 'ഹേമവതി' എന്ന സിനിമയ്ക്കു വേണ്ടി ചിട്ടപ്പെടുത്തിയ 'ശിവ, ശിവ, എന്നട നാളിഗേയകേ' എന്ന ഗാനമാണ് താനേറ്റവും കഷ്ടപ്പെട്ട് പാടിയ ഗാനമായി ഇവർ വിലയിരുത്തുന്നത്. കാരണം ഈ ഗാനം സുഭോഗി, തോടി എന്നീ രണ്ടു വ്യത്യസ്ത രാഗങ്ങൾ ചേർത്ത് ചിട്ടപ്പെടുത്തിയതാണത്രെ. അഞ്ചു ഭാഷകളിലിവർ സംസാരിക്കുമായിരുന്നു. (തെലുങ്ക്, കന്നട, തമിഴ്, മലയാളം, ഹിന്ദി). നാല് ദേശീയ ബഹുമതികളുൾപ്പെടെ 35 ഓളം ബഹുമതികൾക്കിവർ അർഹയായി. കേരളം 11, ആന്ധ്ര 12 (നന്ദി അവാർഡ്), തമിഴ്നാട് 6, കർണ്ണാടക രജതോത്സവ് 1, ഒറീസ്സ ഫിലിംഫെയർ 1.

***ദേശീയ അവാർഡ്***

1. 1977 'സിന്ദൂര പൂവേ' (പതിനാറ് വയതിനിലേ – തമിഴ്)
2. 1981 'ഏറ്റുമാനൂരമ്പലത്തിൽ' (ഓപ്പോൾ – മലയാളം)
3. 1984 'വെണ്ണല്ലോ ഗോദാരി അന്ദം' (സിതാര – തെലുങ്ക്)
4. 1992 'ഇഞ്ചിയിട്പ്പഴകാ' (തേവർ മകൻ – തമിഴ്)

***ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ്***

1. 1997 – ഫിലിം ഫാൻസ് അവാർഡ് – സൗത്ത്
2. മിർച്ചി മ്യൂസിക്ക് അവാർഡ് (2015 – സൗത്ത്)

**കേരളസംസ്ഥാന അവാർഡുകൾ**

1970 'സ്ത്രീ', 1972 പുള്ളിമാൻ, 1974 – ചന്ദ്രകാന്തം, 1976 ആലിംഗനം, 1977 മദനോത്സവം, 1979 തകര, 1980 – മഞ്ഞിൽ വിരിഞ്ഞ പൂക്കൾ, 1982, 1983 പല സിനിമകൾ, 1984 കാണാമറയത്ത്. കൂടാതെ 1986ൽ കലൈമാമണി (തമിഴ്നാട്), 1987 – സർ സിംഗർ അവാർഡ് 'മയൂരി' സിനിമയുടെ ഹിന്ദി പരിഭാഷയ്ക്ക്. 2001 – പ്രത്യേക ജൂറി – സ്വരലയ യേശുദാസ് അവാർഡ്. 2002 – കേരള സർക്കാർ സിനിമ അച്ചീവമെന്റ് അവാർഡ്. 2006 – ജനപ്രിയ പിന്നണി ഗായിക 'വിജയ അവാർഡ്'; 2009 മൈസൂർ സർവ്വകലാശാലയുടെ ഡോക്ടറേറ്റ് ബഹുമതി; 2011 – കർണ്ണാടക സർക്കാറിന്റെ ഭാസവ ഭൂഷൺ അവാർഡ്; 2013 പത്മഭൂഷൺ (വളരെ വൈകിയാണിത് ലഭിച്ചതെന്ന കാരണത്താൽ ഈ അവാർഡിവർ നന്ദിപൂർവ്വം നിരസിക്കുകയുണ്ടായി). 2014 കർണ്ണാടക രാജ്യോത്സവ അവാർഡ്. 2016 – തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ എം. എസ്. സുബ്ബലക്ഷ്മി അവാർഡിന്റെ ആദ്യ ജേതാവും എസ്. ജാനകിയായിരുന്നു.

**ട്രസ്റ്റ് അവാർഡുകൾ**

1. എം. എസ്. ബാബുരാജ് ട്രസ്റ്റ് – ആദ്യ അവാർഡ്
2. പി. സുശീല
3. വി. ദക്ഷിണാമൂർത്തി
4. മാധവറെഡ്ഡി സത്യം അവാർഡ്
5. വയലാർ അവാർഡ്
6. ഗീതാ ദത്ത് – ആന്ധ്ര
7. ചിരഞ്ജീവി ഉദയശങ്കർ
8. സംഗീതഗംഗ ഗയന അവാർഡ്
9. മന്നാഡേ പുരസ്കാരം (2014)
10. സിയാർ ജിക്കി അവാർഡ്
11. ഡോ. രാജ് കുമാർ അവാർഡ് (2015)
12. രാമു കാര്യാട്ട് ഫൗണ്ടേഷൻ – ആദ്യ അവാർഡ്
13. ഗൾഫ് മലയാളം മ്യൂസിക്കൽ അവാർഡ്

**പ്രധാന മലയാള ഗാനങ്ങൾ**

1. തളിരിട്ട കിനാക്കൾ തൻ (മൂടുപടം – 1963)
2. സൂര്യകാന്തി (കാട്ടുതുളസി 1965)
3. വാസന്ത പഞ്ചമി നാളിൽ (ഭാർഗ്ഗവിനിലയം – 1964)
4. മഞ്ഞണിപ്പൂനിലാവ്, പേരാറ്റിൻ (1967)
5. മാനസ മണിവേണുവിൽ (മൂടൽമഞ്ഞ് – 1970)
6. മാതള പൂ പോലൊരു (സ്വപ്നം – 1973)
7. ആ നിമിഷത്തിന്റെ നിർവൃതിയിൽ (ചന്ദ്രകാന്തം – 1974)
8. സന്ധ്യേ കണ്ണീരിതെന്തേ (മദനോത്സവം – 1978)
9. നാഥാ നീ വരും കാലൊച്ച (ചാമരം – 1980)
10. തുമ്പിവാ തുമ്പക്കുടത്തിൻ (ഓളങ്ങൾ – 1982)
11. അഞ്ജനക്കണ്ണെഴുതി (തച്ചോളി ഒതേനൻ)
12. താനേ തിരിഞ്ഞും മറിഞ്ഞും (അമ്പലപ്രാവ്)

**ചില തമിഴ് ഗാനങ്ങൾ**

1. ശിങ്കാര വേലനേ ദേവാ (1962 – കൊഞ്ചും ശലങ്കൈ)
2. സിന്തൂരപ്പൂവേ (1977 – പതിനാറ് വയതിനിലേ)
3. അന്നക്കിളി ഉന്നൈ (അന്നക്കിളി – 1976)
4. ചിന്ന ചിന്ന വണ്ണക്കുയിൽ (മൗനരാഗം – 1986)
5. ഊരുസനം (മെല്ലെ തിറന്തത് കതവ് – 1986)
6. മാർകഴി തിങ്കളല്ലവാ (സംഗമം – 1999)
7. ചിന്ന തായവൾ (ദളപതി – 1991)

81 വയസ്സുകഴിഞ്ഞ ഇവർ ഇപ്പോൾ വിശ്രമജീവിതം നയിക്കുകയാണ്. ഇതിനിടെ വീണ് ഇടുപ്പെല്ലിന് പരിക്കേറ്റെങ്കിലും അത് തരണം ചെയ്തെന്നാണറിവ്.

അടുത്തത് : ജിക്കി, സി. എ. ആന്റോ

# ഒരു പുൽക്കൊടിയുടെ ചിന്ത...

**നന്ദിനി പുത്തൻവീട്**
**9632771330**

ജീവനാണോ ജീവിതമാണോ
വലുതെന്ന ചോദ്യം ഉയർന്നുവന്നു.
സംശയമില്ല
ജീവനില്ലാതൊരു ജീവിതമില്ലല്ലോ.
എങ്കിലും ജീവിതം ദുഃസ്സഹമാകുമ്പോൾ
ജീവെനെന്തുവില?
ജീവിതത്തിനെന്തു വില ?
ആരാണിതിന്റെ വില നിശ്ചയിക്കുവാൻ ?
ഞാനോ, നീയോ, നമുക്കു ചുറ്റുമുള്ളവരോ?
ചിത്തം മഥിക്കുന്നു
പലതുമാരായുവാൻ.
പുഞ്ചിരിക്കെന്തു വില ?
കണ്ണീരിനെന്തു വില ?
സ്നേഹത്തിനെന്തു വില ?
ബന്ധത്തിനെന്തു വില ?
സ്വന്തത്തിനെന്തു വില ?
ആരാണിതിന്റെ വില നിശ്ചയിക്കുവാൻ ?
ഞാനോ, നീയോ, നമുക്കു ചുറ്റുമുള്ളവരോ?
ഇനിയും പറയാതെ വയ്യെനിക്കും.
തെറ്റും ശരിയും തിരിച്ചറിയാത്തവർ
നേരും നെറിയും തീരെയില്ലാത്തവർ
ശാപമായുണ്ടിവിടെ എങ്കിലെന്താ ?
ശേഷിപ്പവർക്കൊന്നും ത്രാണിയില്ലേ ?
പൊരുതി ജയിച്ചവർ പിന്നിലില്ലേ ?
ദീപം കൊളുത്തുവാൻ കരുണയില്ലേ ?
നന്മപൂക്കളെ... നന്മപൂക്കളെ...
നിങ്ങളെണ്ണത്തിൽ മുമ്പിലെത്രേ !
ഒരു മാവേലി നാടു പണിയുവാൻവേണ്ടത്ര
ശക്തിയും യുക്തിയും ഉള്ളിലെത്രേ !
പുറത്തെടുത്തീടുക, ഉണർന്നെഴുന്നേല്ക്കുക,
പിൻതിരിയാതെ ജ്വലിച്ചു മുന്നേറുക.
എങ്കിലോ......
ജീവനും ജീവിതവുമൊരുപോൽ
വിലയുള്ളതാകുമത്രേ !
ഈ പുൽക്കൊടിക്കും
പുഞ്ചിരിതൂകാനാകുമത്രേ !
തുലയട്ടെ ആഭാസം,
തുലയട്ടെ ആലസ്യം,
തുലയട്ടെ കാപട്യം.
ഇതെന്റെ മണ്ണാണിതെന്റെ സ്വർഗ്ഗം.
ഇവിടെ എനിക്കും ഇടമുണ്ട് കൂട്ടരെ,
ഇവിടെ എനിക്കും സ്വരമുണ്ട് കൂട്ടരെ.
മറക്കേണ്ട... ഞാനും നീയും
നമുക്കു ചുറ്റുമുള്ളവരും
ഈഭൂമീയിൽ ജനിച്ചവർ.





# അപസ്മാരം
(Epilepsy)

**ഡോ. സി. രാമകൃഷ്ണൻ**
**9447358663**

**വ**ളരെ ഗൗരവമുള്ള ഒരു ഞരമ്പുരോഗമാണ് അപസ്മാരം (Epilepsy- Epi - Sudden, Lepsy - Seizure) ഏതാനും സെക്കന്റ് മുതൽ ഏതാനും മണിക്കൂർ വരെ ബോധവും സംവേദനവും നഷ്ടപ്പെടുന്ന ഒരു അവസ്ഥയാണ്. ഇത് രണ്ടുതരം കാണപ്പെടുന്നു. കാഠിന്യം കുറഞ്ഞതിന്ന് പെറ്റിറ്റ്മാൾ (Petitmal) എന്നും കാഠിന്യമേറിയതിന്ന് ഗ്രാന്റ്മാൾ (Grandmal) എന്നും നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. മസ്തിഷ്കത്തിലെ സെല്ലുകൾ ഉത്പാദിപ്പിക്കുന്ന വൈദ്യുത തരംഗങ്ങളുടെ പ്രവർത്തന വ്യതിയാനം മൂലം ഈ രോഗാവസ്ഥ കാണപ്പെടുന്നു. നവജാത ശിശുക്കളിൽ പനി ഉണ്ടാവുന്ന അവസ്ഥയിൽ താപനില വളരെ ഉയർന്ന നിലയിൽ എത്തുമ്പോഴാണ് ഈ രോഗം (Fits) കണ്ടുവരുന്നത്. മുതിർന്നവർക്ക് രോഗത്തിന്റെ ആരംഭത്തെപ്പറ്റി മുൻസൂചന ഉണ്ടായിരിക്കും. ശബ്ദം കേൾക്കുന്നതുപോലെ പല നിറങ്ങളുള്ള പ്രകാശ കിരണങ്ങൾ പ്രത്യക്ഷപ്പെടുന്ന അവസ്ഥ, ബലക്ഷയം ഉണ്ടാകുന്നതുപോലെയുള്ള തോന്നലുകൾ ഇവയെല്ലാം സൂചനകളിൽ ഉൾപ്പെടുന്നു. രോഗലക്ഷണങ്ങളിൽ പെട്ടെന്ന് വീഴുന്നതോടുകൂടി ശരീരം മരംപോലെയാവുക, വായിൽ നുരയും പതയും വരിക, കൈകാലുകൾ അനിയന്ത്രിതമായി ചലിപ്പിക്കുക, നാവ് കടിക്കുക, ദൃഷ്ടി മേപ്പോട്ടാവുക ഇതെല്ലാമായിരിക്കാം പ്രധാനമായവ. രോഗികൾ വില്ലു പോലെ വളയുന്ന അവസ്ഥയും കാണപ്പെടാറുണ്ട്. ഉറക്കത്തിലും ചിലർക്ക് രോഗലക്ഷണങ്ങൾ കണ്ടുവരുന്നുണ്ട്. ചിലർക്ക് സ്വല്പനേരം ബോധം നഷ്ടപ്പെടുക എന്ന അവസ്ഥയും മറ്റുചിലർക്ക് മുഖത്തിലെ പേശികൾക്ക് വലിവും അനിയന്ത്രിത ചലനങ്ങളും ഉണ്ടായിരിക്കും. കുറച്ചുനേരം കഴിയുമ്പോൾ രോഗി പൂർവ്വസ്ഥിതി പ്രാപിക്കും. എന്നാൽ രോഗി പൂർവ്വസ്ഥിതി പ്രാപിക്കാതെ, രോഗാവസ്ഥയിൽ തുടരുന്നത് ദോഷകരമാണ്. ചില സ്ത്രീകൾക്ക് ആർത്തവക്രമക്കേടുകൾ കൊണ്ടും അപസ്മാരം ഉണ്ടാകുവാൻ ഇടയുണ്ട്. വെളുത്ത പക്ഷത്തോ കറുത്ത പക്ഷത്തോ രോഗലക്ഷണങ്ങൾ വർദ്ധിക്കുവാൻ ഇടയുണ്ട്. മസ്തിഷ്കത്തിന് ചതവോ മുറിവുകളോ ഉണ്ടാവുമ്പോഴും അപസ്മാര ലക്ഷണങ്ങൾ കാണുവാൻ സാദ്ധ്യതയുണ്ട്. രോഗലക്ഷണങ്ങൾ അനുഭവപ്പെട്ടാൽ രോഗിയുടെ വസ്ത്രങ്ങൾ അയവുവരുത്തുകയും ശുദ്ധവായു ശ്വസിക്കുവാൻ അനുവദിക്കുകയും ചെയ്യേണ്ടതാണ്.

ശിശുക്കളിൽ അപസ്മാരം കുറച്ചുനാളത്തെ മരുന്നുകളുടെ പ്രയോഗം നിമിത്തം രോഗത്തെ നിയന്ത്രിക്കുവാൻ സാധിക്കും. മുതിർന്നവർക്ക് ദീർഘകാലാ

## ആരോഗ്യം

ടിസ്ഥാനത്തിൽ മരുന്നുകൾ ഉപയോഗിക്കേണ്ടി വരുന്നതാണ്. അഗ്നി, കുളം, കിണർ തിരക്കുപിടിച്ച സ്ഥലങ്ങൾ ഇവിടങ്ങളിൽ തനിച്ച് പോകരുത്. മാത്രമല്ല, മനസ്സിന്ന് വിഷമമോ അമിത ആഹ്ലാദമോ ഉണ്ടാവാതെ സൂക്ഷിക്കണം. രോഗാരംഭത്തിൽ തന്നെ ഫലപ്രദമായ ചികിത്സ എടുക്കുന്നത് മൂലം, രോഗശമനം ലഭിക്കുവാൻ സാധിക്കും. എങ്കിലും ചിലർക്ക് ദീർഘകാലം മരുന്നുകൾ കഴിക്കേണ്ടതായും വരുന്നു. ഇതിന്ന് ഫലപ്രദമായ ഹോമിയോ ചികിത്സ ലഭ്യമാണ്. ●

# കുശവൻ



**ജോസഫ് പൂതക്കുഴി**
**9846751749**

കാറ്റിലുലയുന്ന
ഞാങ്ങണപോലെ
കദനത്തിൻ ചൂടുകാറ്റിൽ
കാതരയായ് ഞാൻ
ആടിയുലഞ്ഞ നേരം
കണ്ണീർകടലായ്
നെഞ്ചകം തകർന്നു
ഏകയായ് നിന്ന നേരം
ചാരത്തണഞ്ഞവനെന്നെ
കുശവൻ കൈയിലെ
കളിമണ്ണുപോലെ
മെനഞ്ഞെടുത്ത നേരം
അറിയാതെ അറിയാതെ
കരവലയത്തിലെന്നെ
ഒത്തിരി ചേർത്തുനിർത്തി
തീരത്തെ തഴുകും
തിരമാലയെന്ന പോലെ
ആശാകിരണമായെന്നിൽ
പതഞ്ഞിറങ്ങി.
നിൻ തരളിതമേനീസ്പർശം
കോൾമയിർ കൊള്ളിച്ചാ-
നന്ദപരവശയാക്കി
സർവ്വം മറന്നുഞാൻ
നിന്നിൽ പടർന്നനേരം
അറിഞ്ഞില്ല പിന്നെ ഒന്നും
അറിഞ്ഞില്ല ഞാൻ.

## കവിത

# എന്നെ വായിക്കേണ്ടത്...



**ജലജ പ്രസാദ്**
**907467628**

മുഖം നോക്കി
നിങ്ങൾക്കെന്നെ വായിക്കാനാവില്ല.
അതിന്,
ഈ പുസ്തകക്കണ്ണാടിയിൽ
നോക്കണം.
ഉരുണ്ടുകൂടിക്കിടക്കുന്ന
കറുത്ത അക്ഷരങ്ങൾ
സങ്കടങ്ങൾ.
കനത്തു തൂങ്ങി
ആശയം കിട്ടാതെ കുഴങ്ങുന്ന
വാക്കുകൾ
വിഷാദങ്ങൾ.
ക്രമമില്ലാതുള്ള അകലത്തിൽ
കാണുന്ന
വലിയ അക്ഷരങ്ങൾ,
ചങ്കിടിപ്പ്.
ചില താളുകളിൽ
പല വശങ്ങളിൽ
പല വലുപ്പത്തിൽ കാണുന്ന
വാക്കുകൾ,
ആശങ്കകൾ .
പല നിറച്ചേലിൽ
ഒഴുകി നടക്കുന്ന
വാക്കുകളാണെന്റെ സ്വപ്നങ്ങൾ.
ചില താളുകൾക്ക് മുകളറ്റത്ത്
തിളക്കമുള്ള അക്ഷരങ്ങൾ
പ്രതീക്ഷകളാണ്.
രണ്ടു താളുകൾക്കിടയിൽ
തിങ്ങി ഞെരുങ്ങി
വീർപ്പുമുട്ടിക്കാണുന്നവ,
നൊമ്പരങ്ങൾ.
താഴെ,
വരകളില്ലാത്ത ശൂന്യയിടത്ത്
കൂട്ടി വായിക്കാനാവാത്ത വിധം
ചിതറിക്കിടക്കുന്ന അക്ഷരങ്ങൾ
നഷ്ടസ്വർഗ്ഗങ്ങൾ...
അടുത്തൊട്ടിയൊട്ടി
ഉമ്മ വെക്കുന്ന വാക്കുകൾ,
സ്നേഹം.
പ്ര(ആ)യം നോക്കാതെ
'ണ'യുടെ ചുരുളിനകത്തേക്ക്
അണയാൻ വെമ്പുന്നവയാണ്
പ്രണയം.
ചില വാക്കുകൾ
വിരുദ്ധാശയങ്ങളിൽ
പുറംതിരിഞ്ഞു നിൽപുണ്ട്,
പരിഭവങ്ങൾ.
കടുപ്പിച്ച നിറത്തിൽ
അമർത്തി വരച്ചിട്ടുണ്ട്,
ദേഷ്യത്തെ.
കറുത്ത താളിനു നടുവിൽ
വിങ്ങുന്ന ഒറ്റയക്ഷരം,
ഭയമാണത്.
ചിഹ്നങ്ങളും വള്ളി പുള്ളികളും
മാഞ്ഞ്
അകലേക്ക് തെന്നുന്ന
കുറിമാനങ്ങൾ,
വിരഹമാണത്.
ചില താളുകളിൽ
കൃത്യമായി വായിക്കാൻ
കഴിയുന്നവ
സന്തോഷമാണ് .
ഒന്നുമില്ലാതൊഴിച്ചിട്ടിട്ടുണ്ട്
ചില താളുകൾ.
നിർവികാരത.
ഏതാനും താളുകളിൽ
കവിത പോലെ
വായിച്ചെടുക്കാവുന്ന
അക്ഷരക്കൂട്ടങ്ങളിൽ
എല്ലാം ശാന്തം.

# ഓർമ്മയുടെ വനം

നാസർ മതിലഞ്ചേരി
തേഞ്ഞിപ്പാലം
9072244890

മായുന്ന സ്വപ്നമേ,
ഞാൻ ഒരു വേനലായി
നിന്റെ പറുദീസയുടെ
പടിയിറങ്ങുന്നു.
ഒരിക്കലും തളിർക്കാത്ത
ഓർമ്മയുടെ വനങ്ങളിൽ
ഞാനൊരു വീടുവെയ്ക്കും;
മഴയെന്നും വെയിലെന്നും
മഞ്ഞെന്നും പേരുള്ള
നമ്മുടെ കുഞ്ഞുങ്ങൾക്ക്
ഓടിക്കളിച്ചുവളരാൻ
മേൽക്കൂരയില്ലാത്ത ഒരുവീട്.
ദീർഘനിശ്വാസങ്ങളുടെ മുറ്റത്ത്
ഒരു പൂമാത്രം വിരിയുന്ന
ചെമ്പനീർച്ചെടിക്ക്
ഞാൻ നിന്റെ പേരിടും.



ജയ ചന്ദ്രൻ
8593949935

# കൂവകിണ്ടിയത്

**'ധനുമാസത്തിൽ തിരുവാതിര തിരുനൊയമ്പിൻ നാളാണല്ലോ'**

ഭഗവാൻ കുറവനും കുറത്തിയുമായി സഞ്ചരിച്ചകാലം

ഈനൊയമ്പിന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് കൂവകിണ്ടിയത്. കൂവപ്പൊടിയും വെല്ലവും (ശർക്കര) നാളികേരവും പാകത്തിന് വെള്ളവും ചേർത്ത് കുറുക്കിയെടുക്കുന്നതാണ് ഈ വിഭവം. തിരുവാതിര നോൽമ്പിന് പുരയിലടങ്ങിയതെല്ലാം ഭക്ഷിക്കാം എന്നാണ് പറയാറ്. പക്ഷെ അരിഭക്ഷണം ഒഴിവാക്കുകയും ചെയ്യണം. ഏതായാലും ഔഷധമൂല്യം നിറഞ്ഞതും സ്വാദിഷ്ടവുമായ ആഹാരമാണിത്.

***ആവശ്യമുള്ളവ:***

1. കൂവന്നൂറ് (കൂവപ്പൊടി) - 1 കപ്പ്.
2. വെല്ലം - 4 അച്ച് വലുത്.
3. നാളികേരം പൊടിയായി ചിരകിയത് - 1 കപ്പ്.
4. വെള്ളം - 4 കപ്പ്.

***തയ്യാറാക്കുന്നവിധം:***

കൂവ വെള്ളത്തിൽ കട്ടയില്ലാതെ കലക്കിയത് വെല്ലം ചേർത്ത് അടുപ്പിൽ വെച്ച് നല്ല പോലെ ഇളക്കിക്കൊണ്ടിരിക്കണം. വെല്ലം നല്ലപോലെ അലിഞ്ഞ് കുറുകിവരുമ്പോൾ വാങ്ങിവെക്കാം. ശേഷം നാളികേരം ചിരകിയതും ചേർത്ത് ഇളക്കണം. ആറിയാൽ ഉപയോഗിക്കാം. നോൽമ്പിന് ഇത്രമാത്രമെ ചെയ്യാറുള്ളു. കൂടുതൽ സ്വാദിഷ്ടമാക്കണമെങ്കിൽ നെയ്യിൽ അണ്ടിപ്പരിപ്പ്, മുന്തിരിങ്ങ ഇവ വറുത്തതും ഏലക്കാപൊടിയും ചേർത്തുകൊടുക്കാം. മധുരം അവരവരുടെ ഇഷ്ടത്തിന് കൂട്ടുകയും കുറയ്ക്കുകയും ആവാം.

■ദൈവനാമത്തിൽ

# അത്ഭുതവും മഹാത്ഭുതവും



മുഹമ്മദ് കനി
8086293957

മനുഷ്യൻ എന്ന അത്ഭുതത്തെ സൃഷ്ടിച്ച ഈശ്വരൻ (അല്ലാഹു) എന്ന മഹാത്ഭുതത്തിന്റെ സൃഷ്ടി വൈഭവത്തെക്കുറിച്ച് കൂലങ്കഷമായി ചിന്തിക്കുന്ന ഏവർക്കും അത്ഭുത ദൃഷ്ടാന്തങ്ങളുടെ കലവറ തന്നെ തുറന്നുകിട്ടുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ഭൂമുഖത്ത് എത്ര കോടി മനുഷ്യരുണ്ടോ അത്രയും കോടി മനുഷ്യരുടെ ബുദ്ധിയും വിവേകവും യുക്തിയും ഒരുമിച്ച് ചേർത്തുകൊണ്ട് എന്ത് പ്രവർത്തിച്ചാലും അതിൽ ധാരാളം ന്യൂനതകളുണ്ടാവും. എന്നാൽ സർവ്വശക്തനായ ജഗദീശ്വരൻ (അല്ലാഹു) ആസൂത്രണം ചെയ്ത് സൃഷ്ടിച്ചതിൽ യാതൊരു ന്യൂനതയും ആരാലും കണ്ടെത്തുക സാധ്യമല്ല.

ഈ ലോകത്തിൽ ഒരടി മുതൽ 8 അടിയോളം ഉയരവും അഞ്ഞൂറു കിലോയോളം തൂക്കവും, അതിനൊത്ത വണ്ണവുമുള്ള കോടിക്കണക്കിന് മനുഷ്യരുണ്ടല്ലോ. അവരുടെയെല്ലാം ശരീരങ്ങളിലെ ബാഹ്യാവയവങ്ങളും ആന്തരികാവയവങ്ങളും ആൺ, പെൺ എന്ന വ്യത്യാസം എന്നതൊഴികെ ബാക്കി എല്ലാമെല്ലാം തുല്യമായിരിയ്ക്കുന്നു എന്നത് ആരിലും വിസ്മയം ജനിപ്പിക്കുന്ന ഒരു മഹാസത്യമാണ്.

Number of Bones - 206
Number of Ribs - 24
Number of bones in skull - 22
Number of Bones in face - 14
Number of Bones in neck = 7
Number of Bones in vertebral column = 33
Number of Bones in hand = 30
Respiratory rate = 16 - 20 times
Number of heart beat = 70 - 72 times/minute
Blood Pressure = 120/80 mm of Hg
Number of Cranial Nerves = 12 pairs
Number of Spinal Nerves = 31 pairs
Life span of R.B.C = 120 days
Life span of W.B.C = 10-15 days
Life of Platelets = 5-9 days

ഈ അത്ഭുത സൃഷ്ടിപ്പിൽ നിന്നും മനസ്സിലാവുന്നത് ലോകത്തിലുള്ള എല്ലാ മനുഷ്യരേയും സൃഷ്ടിച്ചത് ഒരേ ദൈവമാണെന്നാണ്. അതുകൊണ്ടുതന്നെ നാം എല്ലാവരും ഒന്നാണെന്നും മനസ്സിലാവുന്നു. പരിശുദ്ധ ഖുർ ആനിലെ 'മുറികൾ' എന്ന അദ്ധ്യായത്തിലെ പതിമൂന്നാമത്തെ വചനം ഇങ്ങനെ പറയുന്നു 'ജനങ്ങളെ നിങ്ങളെ ഞാൻ ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമാണ് സൃഷ്ടിച്ചത്. കുലവും ഗോത്രവുമാക്കിത്തീർത്തത് നിങ്ങളെ പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ്.' നിങ്ങളിൽ ഏറ്റവും ആദരണീയൻ ഈശ്വരനോട് (അല്ലാഹു) കൂടുതൽ ഭയഭക്തിയുള്ളവനാണ്. മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്ന ഗുരുവചനത്തിനും ഇവിടെ പ്രസക്തിയേറുന്നു.

ദൈവത്തിനു സ്തുതി

അനുഭവം

# വ്യത്യസ്തനായൊരു വ്യക്തി



**ഭാസ്കരൻ പൂവ്വത്തിങ്കൽ**
**0466 2230274**

**നാ**ലഞ്ചുവർഷം മുമ്പ് ഒറ്റപ്പാലം ടൗണിലൂടെ നടന്നുപോകുമ്പോൾ ഒരു മാന്യവ്യക്തി എന്റെടുത്ത് വന്ന് ചോദിച്ചു ''എറണാകുളത്ത് ജോലിക്കുപോയിരുന്ന ആളാണോ ? ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ വെച്ച് ടിക്കറ്റ് എടുക്കാൻ എന്റെ മകളുടെ കയ്യിൽ കൊടുത്ത പണത്തിന്റെ ബാക്കി തരാനുണ്ട്. അന്ന് മകൾ കണ്ണൂർ മെഡിക്കൽ കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥിയായിരുന്നു. ഇപ്പോൾ എം. ബി. ബി. എസ്. കഴിഞ്ഞു.'' ഇത്രയും പറഞ്ഞ് 37 രൂപ എന്റെ കയ്യിൽ തന്നു.

എനിക്ക് പെട്ടെന്ന് ഒന്നും ഓർമ്മ വന്നില്ല. ''നിങ്ങൾ തരുന്ന പണം ഞാൻ വാങ്ങുന്നു. അർഹതപ്പെട്ടതല്ലെങ്കിൽ തിരിച്ചുതരും.'' അദ്ദേഹത്തിന്റെ വീട് ഒറ്റപ്പാലം പ്ലാത്തറ തെക്കേക്കാവ് ക്ഷേത്രത്തിന്നടുത്താണെന്ന് മാത്രം ചോദിച്ചുമനസ്സിലാക്കി. തിരക്കിലായതിനാൽ കൂടുതലൊന്നും പറയാതെ രണ്ടുപേരും സ്ഥലംവിട്ടു.

വീട്ടിലെത്തിയശേഷം ഞാൻ പഴയകാല സംഭവങ്ങളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. പത്താം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് പരീക്ഷ ഫീസ് അടച്ച പത്മ ടീച്ചറെ കണ്ടെത്താൻ ഞാൻ വർഷങ്ങളായി അന്വേഷണം നടത്തിവരികയായിരുന്നു. അവസാനം 47 വർഷത്തിനുശേഷം സർവ്വേശ്വരന്റെ സഹായത്താലെന്നു പറയട്ടെ, ഒരു യാദൃശ്ചിക സംഭവത്തിലൂടെ ടീച്ചർ ആലുവായിൽ താമസമുണ്ടെന്ന് അറിയാൻ കഴിഞ്ഞു. 2010 ജനുവരി 28ാം തിയതി ടീച്ചറുടെ വീട്ടിൽ പോകാനായി ഞാൻ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ എത്തി. ട്രെയിൻ പുറപ്പെടാനുള്ള അനൗൺസ്മെന്റ് കേട്ടു. 'ക്യൂ'വിൽ നിന്ന് ടിക്കറ്റ് കിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ കൗണ്ടറിന്നടുത്ത് എത്തിയ പെൺകുട്ടിയോട് ഒരു ആലുവ ടിക്കറ്റ് കൂടി എടുത്തുതരാൻ പറഞ്ഞ് 100 രൂപ കൊടുത്തു. ടിക്കറ്റും കൗണ്ടറിൽ നിന്നു കിട്ടിയ ബാക്കി സംഖ്യയും വാങ്ങി ഞാൻ പ്ലാറ്റ്ഫോമിലേക്ക് ഓടിപ്പോയി. നാല് വർഷങ്ങൾക്കുശേഷം പെൺകുട്ടിയുടെ അച്ഛൻ പണം തിരികെത്തന്നത് എനിക്ക് അർഹതപ്പെട്ടതാണെന്ന നിഗമനത്തിൽ വീണ്ടുമൊരു കണ്ടുമുട്ടലിന്ന് കളമൊരുക്കിയില്ല.

ഏതാനും ദിവസം മുമ്പ് ചിനക്കത്തൂർ ദേവീ ക്ഷേത്രത്തിൽ പോയി മടങ്ങുമ്പോൾ അടുത്തുള്ള 'അമ്മ മെഡിക്കൽസി'ൽ കയറാനിടയായി. ആവശ്യപ്പെട്ട മരുന്ന് തരുന്നതിനിടയിൽ മെഡിക്കൽഷോപ്പ് ഉടമസ്ഥൻ തന്റെ സുഹൃത്തിന് എന്നെ പരിചയപ്പെടുത്തിയത് ഒമ്പത് വർഷം മുമ്പ് ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ വെച്ച് നടന്ന സംഭവത്തെ ആസ്പദമാക്കിയാണ്. വർഷങ്ങൾക്കുശേഷം എനിയ്ക്ക് അർഹതപ്പെട്ട പണം തിരിച്ചുതന്ന ആ മാന്യ വ്യക്തിയെ തിരിച്ചറിയാൻ കഴിയാതെ പോയത് പ്രായാധിക്യം കാരണമാണെങ്കിലും അല്പം ജാള്യത തോന്നാതിരുന്നില്ല.

പിന്നീട് അമ്മ മെഡിക്കൽസ് ഉടമ ശ്രീ. രാജുവും ഞാനും സുഹൃത്തുക്കളായി. ട്രെയിൻ ടിക്കറ്റ് എടുത്തുതന്ന രേഷ്മ എം. ബി. ബി. എസ്. കഴിഞ്ഞ് ചിനക്കത്തൂരിൽ പ്രാക്ടീസ് ചെയ്തിരുന്നുവെന്നും ഇപ്പോൾ മൈസൂരിൽ എം. ഡിയ്ക്ക് പഠിക്കുകയാണെന്നും രാജു എന്നോടു പറഞ്ഞു.

പത്മ ടീച്ചറുടെ കഥ 2016 ഡിസംബർ 11ാം തിയതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'മധുരചൂരൽ' പംക്തിയിൽ പ്രസിദ്ധീകരിച്ചതും അതിൽ നിന്നുള്ള പ്രചോദനമുൾക്കൊണ്ട് എഴുപതാം വയസ്സിൽ എഴുതിയ 'കുമ്പാരൻ കട്ടിയിൽ നിന്ന് കലക്ടറേറ്റിലേക്ക്' എന്ന ആത്മകഥ ഏകതത്ത്വ പബ്ലിക്കേഷൻ 2018 ഏപ്രിൽ 15ാം തിയതി പ്രകാശനം ചെയ്തതും പത്മ ടീച്ചർ 2018 മെയ് മാസത്തിലും 2019 ആഗസ്റ്റിലും വീണ്ടും വാടാനംകുറുശ്ശിയിൽ വന്നപ്പോൾ ആ പുണ്യവതിയുടെ പാദങ്ങൾ തൊട്ടു വന്ദിക്കാൻ അവസരം കിട്ടിയതും ഞങ്ങളുടെ സംഭാഷണ വിഷയങ്ങളായി.

മറ്റൊരാളുടെ ചില്ലിക്കാശുപോലും സ്വന്തമാക്കാൻ ആഗ്രഹിക്കാത്ത ശ്രീ. രാജുവിനെപ്പോലെയുള്ളവർ താമസിക്കുന്ന ഈ ഭൂപ്രദേശത്തെ 'ദൈവത്തിന്റെ സ്വന്തം നാടെ'ന്ന് വിളിക്കുന്നതിൽ അപാകതയില്ലെന്ന് എനിക്ക് തോന്നി. ●

## ചില നേരം ഭ്രമരങ്ങൾ

**ഹരി കെ. പുരക്കൽ**
**9995698825**

പൂജക്കെടുക്കാത്ത
പൂമൊട്ടുകൾപോലും
ഭ്രമിക്കും ഭ്രമരങ്ങൾ
അഴകിൻ ഒളികളിൽ
അധരം കവർന്ന്
മധുരം നുകരുമ്പോൾ
ഇതളുകൾ ചിതറി
ഞെട്ടറ്റു വീഴുന്നു
വേലിപ്പടർപ്പിലെ
മുൾമുനയാലെ
ഉള്ളം പിളർന്നൊരു
വീണപൂവിൻ ഗദ്ഗദങ്ങൾ

# നാടിനെ അറിയാം, നാട്ടാരേം
# പത്തനംതിട്ട ജില്ല




കേരളത്തിലെ 14 ജില്ലകളിൽ 13 ആയി രൂപം കൊണ്ട, താരതമ്യേന പ്രായം കുറഞ്ഞ ജില്ലയാണ് പത്തനംതിട്ട. എന്നാൽ പ്രത്യേക സവിശേഷതകളാൽ രാജ്യത്തെ മഹനീയ സ്ഥാനം കൈയ്യാളാൻ ഈ ജില്ലയ്ക്കും ഇവിടുത്തെ നാട്ടുകാർക്കും സാധിച്ചിട്ടുണ്ട്. 1981ലെ കരുണാകരന്റെ തൂക്കു മന്ത്രിസഭയെ താങ്ങിനിർത്തിയ സ്വതന്ത്ര എം. എൽ. എ., കെ. കെ. നായർ പ്രതിഫലമായി ചോദിച്ചത് തന്റെ നാട്ടുകാർക്ക് ഒരു പുതിയ ജില്ല വേണം എന്നാണ്. ജനങ്ങളുടെ മനമറിഞ്ഞ എം. എൽ. എയെ തുടർച്ചയായി പിന്നീടങ്ങോട്ട് വിജയിപ്പിച്ചത് അവരുടെ മനമറിഞ്ഞ് പ്രവർത്തിച്ച നേതാവ് എന്ന നിലയ്ക്കാണ്. മറ്റ് സാമ്പത്തിക നേട്ടങ്ങളോ മന്ത്രി സ്ഥാനമോ ചോദിക്കാഞ്ഞ കെ. കെ. നായർ ബ്രിട്ടനിലെ വില്യം വിൽബർ ഫോഴ്സിന്റെ (William Wilber Force) നിലവാരത്തിലുയർന്ന നേതാവാണ്.

ഇന്ത്യയിലെ ആദ്യത്തെ പോളിയോ വിമുക്തജില്ലയായി പ്രഖ്യാപിക്കപ്പെട്ടത് പത്തനംതിട്ട ജില്ലയേ ആണ്. ഇന്ത്യയിലെ തന്നെ ഏറ്റ



ഡോ. ഒ. സി. പ്രമോദ്
9446071421

വും സാമ്പത്തിക ഭദ്രതയുള്ള ജില്ലകളിൽ ഒന്നും, ദാരിദ്ര്യം കുറഞ്ഞ ഇന്ത്യയിലെ അഞ്ച് ജില്ലകളിൽ ഒന്ന് പത്തനംതിട്ട തന്നെ. പൂജ്യം ശതമാനം ജനസംഖ്യ വളർച്ച നിരക്കുള്ള (കൃത്യമായി പറഞ്ഞാൽ -0.30%) ഇന്ത്യയിലെ തന്നെ അപൂർവ്വം ജില്ലകളിൽ ഒന്നാണ് പത്തനംതിട്ട ജില്ല. കേരളത്തിലെ ഏറ്റവും നീളംകൂടിയ പെരിയാർനദി (244 കി.മീ.) ഉത്ഭവിക്കുന്നത് പത്തനംതിട്ടയിൽ ഉള്ള ചൊക്കംപെട്ടിമലയിലെ ശിവഗിരിക്കുന്നുകളിൽ നിന്നുമാണ്. പശ്ചിമഘട്ടത്തിന്റെ ഭാഗമായ ഈ മലനിരകളിൽ കൂടി ഒഴുകുന്ന പെരിയാർ തിരിഞ്ഞും മറിഞ്ഞും ഒഴുകി (കുറച്ചുഭാഗം കേരള അതിർത്തി ഭേദിച്ചും ഒഴുകുന്നുണ്ട്) ഇടുക്കി ജില്ലയിൽ പ്രവേശിക്കുന്നു. പുണ്യനദിയും നീളത്തിൽ മൂന്നാം സ്ഥാനമുള്ളതുമായ പമ്പാനദി (രണ്ടാം സ്ഥാനം ഭാരതപ്പുഴയ്ക്കാണ്) ഉത്ഭവിക്കുന്നതും പത്തനംതിട്ട ജില്ലയുടെ അതിർത്തി ഭാഗമായ പശ്ചിമഘട്ടത്തിൽ നിന്നുമാണ്. അച്ചൻ കോവിൽ, മണിമലയാർ തുടങ്ങിയവയും ഇവിടുത്തെ പ്രധാന നദികൾ തന്നെയാണ്.

ചെറുതും വലുതുമായ നൂറുകണക്കിന് സവിശേഷതകൾ ഈ ജില്ലയ്ക്ക് അവകാശപ്പെടാനുണ്ടെങ്കിലും, 'കേരളത്തിന്റെ തീർത്ഥാടന ജില്ല' എന്ന പേരാണ് ആദ്യം തന്നെ പരാമർശിക്കപ്പെടേണ്ടത്. Pilgirm Hub of Kerala എന്നോ Pilgrim district എന്നോ ഒക്കെ അറിയപ്പെടണമെങ്കിൽ എന്തൊക്കെ കാര്യങ്ങൾ ഈ ജില്ലയിൽ ഉണ്ടെന്ന് പരിശോധിക്കേണ്ടതാണ്.

വർഷങ്ങളായി ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനത്തുനിന്നും ലക്ഷക്കണക്കിനാളുകളാണ് വൃശ്ചിക മാസത്തിൽ പത്തനംതിട്ട ജില്ലയിലെ ശബരിമല അയ്യപ്പസ്വാമി ക്ഷേത്രത്തിലേക്ക് ഒഴുകിയെത്തുന്നത്. തീർത്ഥാടന ബാഹുല്യം മൂലം എല്ലാ മലയാളമാസവും ആദ്യത്തെ ഒരാഴ്ച നട തുറന്നിടാറുണ്ടെങ്കിലും ഒരു ക്ഷേത്രത്തിന് താങ്ങാവുന്നതിലും അധികം ഭക്തന്മാരാണ് അവിടേക്ക് എത്തിച്ചേരുന്നത്. കേരളത്തിലെ ഏറ്റവും നടവരവുള്ള ക്ഷേത്രം ശബരിമലയ്ക്ക് മാത്രം സ്വന്തമാണ് വളരെ വർഷങ്ങളായിട്ട്. കൊല്ലം ജില്ലയിൽ അച്ചൻകോവിൽ, കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ ശാസ്താക്ഷേത്രങ്ങളും പത്തനംതിട്ട ജില്ലയിൽ തന്നെ അയിരൂർ ചെറുകോൽപ്പുഴയിൽ പുത്തൻ ശബരിമല എന്ന പേരിൽ ശബരിമല മാതൃകയിൽ ക്ഷേത്രങ്ങളും ഉണ്ടെങ്കിലും ഓരോ വർഷവും കരിമല ഭക്തന്മാരുടെ എണ്ണത്തിൽ വൻ വർദ്ധനവ് ആണ് ഉള്ളത്.

എല്ലാ വർഷവും ജനുവരി

മാസത്തിൽ ഒരാഴ്ച്ചക്കാലം അയിരൂർ - ചെറുകോൽപ്പുഴയിൽ വച്ച് നടക്കുന്ന 'ഹിന്ദുമത കൺവെൻഷൻ' ഹിന്ദുമത മഹാസമ്മേളനമാണ്. ആയിരക്കണക്കിനാളുകൾ തടിച്ചുകൂടുന്ന ഈ സമ്മേളനത്തിൽ വിവിധ ഹൈന്ദവ നേതാക്കളും സന്യാസിമാരും രാപ്പകൽ പങ്കെടുക്കുകയും പ്രഭാഷണം നടത്തുകയും ചെയ്യുന്നു. പത്തനംതിട്ട ജില്ലയിലേയും സമീപ ജില്ലകളിലേയും എം. എൽ. എ. മാരും എം. പി. മാരും മറ്റ് ജനപ്രതിനിധികളും കക്ഷി, മത, ജാതി വർഗ്ഗ, ലിംഗ ഭേദമന്യേ ഇവിടെവന്ന് മുഖം കാണിച്ച് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പോകുന്ന കാഴ്ച വർഷങ്ങളായി പത്തനംതിട്ട നിവാസികൾ കണ്ടുവരുന്നു.

ഏഷ്യയിലെ ഏറ്റവും വലി ക്രൈസ്തവ കൺവൻഷൻ നടക്കുന്നത് പത്തനംതിട്ടയിലെ മാരാമൺ എന്ന സ്ഥലത്താണ്. ഒരാഴ്ച നീണ്ടുനിൽക്കുന്ന ഈ മഹായോഗം പമ്പാനദിയുടെ മണൽപ്പുറത്ത് ഫെബ്രുവരിയിലാണ് നടത്തുന്നത്. ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്ന സമ്മേളനത്തിൽ സാധാരണ വിശ്വാസികളെ കൂടാതെ സ്വദേശത്തും വിദേശത്തുമുള്ള ബിഷപ്പുമാരും പ്രാസംഗികരും സംബന്ധിക്കുന്നു. ഇതിന്റെ സംഘാടകർ മർത്തോമാ സഭയാണ്. അയിരൂർ ഹൈന്ദവ സമ്മേളന നഗരിയിലും മാരാമൺ കൺവെൻഷൻ നഗരിയിലും വിവിധതരം വൻകിട - ചെറുകിട കച്ചവടക്കാർ അവരുടെ സ്റ്റാളുകൾ ഇട്ട് ആളുകളെ ആകർഷിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. 'കുറുക്കന്റെ കണ്ണ് അത് ചത്താലും കോഴിക്കൂട്ടിൽ തന്നെ' എന്നതുപോലെ, കച്ചവടക്കാർ എപ്പോഴും അവരുടെ താത്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുകയും ചിലർ വിശ്വാസികളുടെ വിശ്വാസങ്ങളെ തന്ത്രപൂർവ്വം ചൂഷണം ചെയ്ത് കീശ വീർപ്പിക്കുന്ന കാഴ്ചയും നാം കാണുന്നു.

ആറന്മുള പാർത്ഥസാരഥി (ശ്രീകൃഷ്ണൻ) ക്ഷേത്രപരിസരത്താണ് ആറന്മുള വള്ളംകളി നടക്കുന്നത്. കേരളത്തിനകത്തും പുറത്തുമുള്ള ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്ന ഈ വള്ളംകളി നടക്കുന്നത് ചിങ്ങമാസത്തിലെ ഉത്രട്ടാതി നാളിലാണ്. ഓരോ കരക്കാരും മത്സരത്തിനുവേണ്ടിയുള്ള ഓരോ പള്ളിയോടങ്ങൾ (മത്സര വള്ളം) ഉണ്ടാക്കി നീറ്റിലിറക്കുന്നു. ഓരോ കരക്കാരുടേയും അഭിമാനമാണ് അവരുടെ സ്വന്തമായ പള്ളിയോടത്തിന്. ആയതിനാൽ പട്ടിണി കിടന്നായാലും വൻ തുകകൾ മുടക്കി പള്ളിയോടം പണിയാനും അതിന്റെ വള്ളപ്പുര പണിയാനും അവർ ശ്രദ്ധ കൊടുക്കുന്നു. പണം പിരിക്കുമ്പോൾ ഹൈന്ദവരിലെ എല്ലാ ജാതിക്കാർക്കും പരിഗണന ആണെങ്കിലും പള്ളിയോട കമ്മിറ്റിയിൽ ചില പ്രത്യേക വിഭാഗക്കാർ ജാതിയിൽ താഴ്ന്നവരെ തള്ളിമാറ്റി തിണ്ണമിടുക്ക് കാട്ടാറുണ്ട് എന്ന് ആക്ഷേപം നിലവിലുണ്ട്. കാര്യസാധ്യത്തിനായി വിശ്വാസികൾ പള്ളിയോടത്തുഴച്ചിൽകാർക്ക് വള്ളസദ്യ നേർച്ച നടത്താറുണ്ട്. ലോകത്തിലെ തന്നെ ഏറ്റവും വലുതും വിഭവസമൃദ്ധവുമായ സദ്യയാണ് ആറന്മുള വള്ളസദ്യ. തൂശ്ശനിലയിൽ ഏതാണ്ട് 80 ഓളം വിഭവങ്ങൾ അടങ്ങിയ സദ്യക്ക് മറ്റുള്ളവർക്കും പങ്കെടുക്കാം. വള്ളപ്പാട്ടുപാടിയാണ് വള്ളക്കാർ ഓരോ വിഭവങ്ങളും ചോദിക്കുന്നത്. വള്ളക്കാര് ചോദിക്കുന്ന ഏത് വിഭവവും ആ സമയത്ത് തന്നെ കൊടുത്തില്ലെങ്കിൽ നേർച്ച നടത്തുന്നവന് ഈശ്വരകോപം ഉണ്ടാവുമെന്നതിനാൽ എല്ലാ ദിവസവും നേരത്തേ തന്നെ സജ്ജമാക്കിയിരിക്കും. ഒരു വള്ളസദ്യ നേർച്ചയ്ക്ക് വൻതുക വരുമെങ്കിലും മാസങ്ങൾക്ക് മുമ്പേതന്നെ ബുക്ക് ചെയ്യുന്നവർക്ക് മാത്രമേ ഉദ്ദേശിച്ച തിയതിയിൽ നടത്തുവാൻ സാധിക്കുകയുള്ളു. ഒരേ ദിവസം തന്നെ ക്ഷേത്രപരിസരത്ത് മൂന്നും നാലും സദ്യകൾ നടത്താറുണ്ട്. അയിരൂർ പുതിയ കാവിൽ ചതയദിനത്തോടനുബന്ധിച്ച് ജലഘോഷയാത്ര, കാട്ടൂരിലെ 'തിരുവോണത്തോണി' വരവ് തുടങ്ങിയവയും ഭക്തജനങ്ങൾക്ക് കുളിർമ്മ നൽകുന്ന കാര്യമാണ്.

ശബരിമല അയ്യപ്പന് മണ്ഡല പൂജക്കാലയളവിൽ ധരിക്കാൻ 420 പവൻ തൂക്കത്തിലുള്ള തിരുവസ്ത്രം (തങ്ക അങ്കി) നൽകിയത് തിരുവിതാംകൂർ രാജാവായിരുന്ന ചിത്തിര തിരുനാൾ ബാലരാമ വർമ്മയാണ്. 1973-ൽ നൽകിയ ഈ വസ്ത്രം അതിനുശേഷം സൂക്ഷിക്കുന്നത് ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലാണ്. അതേസമയം അയ്യപന് ചാർത്താനുള്ള തിരുവാഭരണം നൽകിയത് പന്തളം രാജാവാണ്. തിരുവാഭരണം സൂക്ഷിച്ചിരിക്കുന്നത് പന്തളം കൊട്ടാരത്തിലാണ്. തിരുവാഭരണവും തങ്ക അങ്കിയും രണ്ട് സമയത്താണ് ശബരിമലയിൽ എത്തിക്കുന്നത്. കനത്ത പോലീസ് കാവലിലും ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിലും ദിവസങ്ങൾ താണ്ടി കാൽനടയായാണ് ഇത് ശബരിമലയിൽ എത്തിക്കുന്നത്.

കേരളത്തിലെ മറ്റൊരു പേരുകേട്ട ക്ഷേത്രമാണ് മലയാലപ്പുഴ ദേവീക്ഷേത്രം. 2002-ൽ ഇവിടെ നടന്ന ശതകോടി അർച്ചനകൾ (ആയിരം കോടിയോളം) ക്ഷേത്രത്തിന്റെ പേര് ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് എത്തിച്ചു. ഇത്രയും അർച്ചന നടത്താൻ പൂജാരികളെ കിട്ടാനില്ലാത്തതും ജാതിയിൽ താഴെയുള്ള പൂജാരികളെ ഇതിൽനിന്നും അകറ്റി നിർത്തിയതും ഒക്കെ പ്രഭാവത്തിന് മങ്ങലേൽപ്പിക്കുകയുണ്ടായി.

ആറന്മുള ക്ഷേത്ര പരിസരത്തായി താമസിക്കുന്ന ലോഹപ്പണിക്കാർ ഉണ്ടാക്കുന്ന 'ആറന്മുളകണ്ണാടി' ലോകപ്രസിദ്ധമായ ഒന്നാണ്. ലോഹനിർമ്മിതമെങ്കിലും താഴെ വീണാൽ പൊട്ടുന്ന ഇത് ഷോക്കേസിൽ വെക്കാനാണ് ഉപയോഗിക്കുന്നത്. ഇത് ഉള്ള വീട്ടിൽ ഐശ്വര്യം താനെ വരും എന്ന് പറഞ്ഞ് പഠിപ്പിച്ചതിനാൽ ഏവരും ഒരെണ്ണം വാങ്ങി ഭക്ത്യാദരത്തോടെ അവരവരുടെ ഭവനത്തിൽ സൂക്ഷിക്കുന്നു. ആയിരം രൂപ മുതൽ 25000 രൂപ വരെയോ അതിൽ കൂടുതലോ ഉള്ള ആറന്മുള കണ്ണാടികൾ വിപണിയിൽ ലഭ്യമാണ്.

പരുമല തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പരുമല സെന്റ് പീറ്റർ ആന്റ് സെന്റ് പോൾ ചർച്ച് ക്രിസ്ത്യൻ ഓർത്തഡോക്സ് വിഭാഗ

ക്കാരുടെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമാണ്. നവംബർ 1, 2, 3 തിയതികളിൽ ലോകത്തെമ്പാടുമുള്ള ക്രൈസ്തവ ഭക്തർ, വിശിഷ്യാ ഓർത്തഡോക്സ് വിഭാഗക്കാരുടെ പ്രാർത്ഥനാകേന്ദ്രമാണിത്. ലക്ഷക്കണക്കിനാളുകൾ കാൽനടയായും വാഹനങ്ങളിലുമായി തിരുവല്ലയ്ക്ക് അടുത്തുള്ള പരുമലയിലേക്ക് ഒഴുകിയെത്താറുണ്ട്.

യാക്കോബായ വിഭാഗക്കാർക്ക് മഞ്ഞനിക്കര തീർത്ഥാടനം എന്നാൽ പകരം വെയ്ക്കാൻ മറ്റൊന്നില്ല. ജനലക്ഷങ്ങൾ ജാതിമതഭേദമെന്യേ അവരുടെ സങ്കടങ്ങൾ ഏറ്റുപറയുന്ന അഭയകേന്ദ്രമാണിവിടം. പത്തനംതിട്ടയിൽ ഓമല്ലൂരിനടുത്താണ് മഞ്ഞനിക്കര എന്ന തീർത്ഥാടന കേന്ദ്രം. ഇന്ത്യൻ പെൻതകോസ്സ് ചർച്ചിന്റെ (IPC)ന്റെ ആഗോള ആസ്ഥാനം കുമ്പനാട്ടുള്ള ഹൈബ്രോൻ പുരത്താണ്. 1924ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഈ സഭയുടെ കീഴിൽ ഇന്ന് പതിനായിരത്തിൽ ഏറെ കോൺഗ്രിഗേഷൻ (ചെറുസംഘങ്ങൾ) ഉണ്ട്. ഇന്ത്യയിലെ പെന്തക്കോസ് വിഭാഗങ്ങളിലെ ഏറ്റവും വലിയ സഭയാണ് IPC. എല്ലാവർഷവും ജനുവരിയിൽ അവരുടെ വാർഷിക കൺവെൻഷൻ നടത്തുന്നു. പതിനായിരക്കണക്കിന് അനുയായികൾ നടത്തുന്ന പ്രാർത്ഥന, രാവും പകലുമായി കുറച്ചുദിവസം നീണ്ടുനിൽക്കുന്നു.

ലോകത്തിലെ ഒരേയൊരു ചിലന്തി അമ്പലം (പള്ളിയറ ദേവീ ക്ഷേത്രം) കൊടുമണ്ണിൽ സ്ഥിതി ചെയ്യുന്നു. ചിലന്തികടിയേറ്റവർക്ക് അവിടെനിന്ന് നൽകുന്ന പഴവും പച്ച മരുന്നുകൾ ഇട്ട് മൂടിയ കിണറ്റിൽ നിന്നെടുക്കുന്ന തീർത്ഥജലവും സേവിച്ചാൽ ചിലന്തിവിഷം മാറും എന്ന് വിശ്വാസികൾ പറയുന്നു. കൊടുമണ്ണിൽ നിന്നും സ്വർണ്ണം കുഴിച്ചെടുത്തിരുന്നു എന്ന് പഴമക്കാർ പറയുന്നുണ്ട്. തമിഴിൽ 'കൊടു' എന്നാൽ 'സ്വർണ്ണം' എന്നാണ് അർത്ഥം. ഏതായാലും ഇവിടുത്തെ സ്വർണ്ണഭൂമിയിൽ ഇന്ന് വിളയിച്ചെടുക്കുന്ന 'കൊടുമൺ റൈസി'ന് വൻ വിലകൊടുത്താണ് പലരും വാങ്ങിക്കൊണ്ട് പോകുന്നത്. 'ആശ്ചര്യചൂഡാമണി' എന്ന സംസ്കൃത കാവ്യം എഴുതിയ ശക്തിഭദ്രന്റെ ജന്മസ്ഥലവും കൊടുമൺ തന്നെയാണ്. ബുദ്ധ പാരമ്പര്യവും ഉള്ള നാടായതിനാൽ ഒരു ബുദ്ധ പഗോഡയും ഇവിടെ കാണാം.

പടയണി അഥവാ പടേണി എന്നത് ഒരു ക്ഷേത്ര കലാരൂപമാണ്. കടമ്മനിട്ട, ഇലന്തൂർ തുടങ്ങിയ ഇടങ്ങളിൽ ഇത് പ്രബലമായി നിലകൊള്ളുന്നു. പല്ലവന്മാരുടെ കാലത്ത് നിർമ്മിക്കപ്പെട്ടതെന്ന് കരുതുന്ന ഒരു ഗുഹാക്ഷേത്രം തിരുവല്ലയുടെ സമീപം കവിയൂർ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. പാറ തുരന്നുണ്ടാക്കിയ 8 അടി സമചതുരമുള്ള ഒരു ഗർഭഗൃഹവും അതിനകത്ത് പാറയിൽ തന്നെ കൊത്തിയുണ്ടാക്കിയ ശിവലിംഗവും ഗർഭഗൃഹത്തിന് മുന്നിലായി 20 അടി നീളവും 10 അടി വീതിയും 8 അടി പൊക്കത്തിലും ഉള്ള ഒരു മുറിയും മറ്റൊരു മണ്ഡപവും ചേർന്നതാണ് ഇത്. കവിയൂർ ഗുഹാക്ഷേത്രത്തിന് സമീപമായി തൃക്കാക്കുടി ക്ഷേത്രവും കാണാം. 10ാം നൂറ്റാണ്ടിനുമുമ്പ് ബുദ്ധരോ ജൈനരോ ആവാം തൃക്കാക്കുടി ക്ഷേത്രം നിർമ്മിച്ചതെന്ന് കരുതുന്നു. പല്ലവ സ്വാധീനം ഇവിടുത്തെ ശില്പങ്ങൾക്ക് കാണാവുന്നതാണ്.

തിരുവല്ലയ്ക്ക് അടുത്തുള്ള ചക്കുളത്തുകാവ് ദേവീക്ഷേത്രം അറിയാത്തവരായി തിരുവിതാംകൂർ ഭാഗത്ത് ആരും കാണുകയില്ല എന്ന് തോന്നുന്നു. അവിടുത്തെ ഡിസംബർ മാസ പൊങ്കാല ആറ്റുകാൽ പൊങ്കാലയുടെ ഒരേകദേശ പതിപ്പാണ്. തലേന്ന് തന്നെ സ്ത്രീകൾ അടുപ്പുകൂട്ടാനുള്ള സ്ഥലം പിടിച്ച് ക്രമീകരണങ്ങൾ ചെയ്യുന്നു. കിലോമീറ്ററുകളോളം നീണ്ടുപോകുന്ന പൊങ്കാല അടുപ്പുകൾ പലപ്പോഴും ഗതാഗത തടസ്സങ്ങളും കുരുക്കുകളും ഉണ്ടാക്കാറുണ്ട്. സ്ത്രീകളുടെ ശബരിമല എന്ന് ആറ്റുകാൽ ക്ഷേത്രത്തേയും ചക്കുളത്തുകാവിനേയും ഭക്തർ വിശേഷിപ്പിക്കുന്നുണ്ട്. തിരുവിതാംകൂറിലെ പല ക്ഷേത്രങ്ങളിലും പൊങ്കാല നടക്കാറുണ്ടെങ്കിലും ആറ്റുകാലിനും ചക്കുളത്തു കാവിലും ഉ

■ കവിത

# ചില ഉള്ളുറപ്പുകൾ

**രജീഷ് കാളികാവ്**
9946876026



കണ്ണിലെപ്പൊഴും
മഞ്ഞുനീരിന്റെ
തിളക്കമുള്ളതിനാലാവണം
നക്ഷത്രങ്ങൾ
നമ്മെ നോക്കി
ചിരിച്ചുകൊണ്ടേയിരിക്കുന്നത്

എന്നെങ്കിലും
ചിറകുമുളക്കുമെന്നുറപ്പുള്ള
ഒരു കവിത
ഉള്ളിലുള്ളതുകൊണ്ടാവും
ചില അക്ഷരക്കൂട്ടങ്ങൾ വന്ന്
ഉറക്കം
കെടുത്തിക്കൊണ്ടേയിരിക്കുന്നത്

അനുഭവങ്ങളേക്കാൾ
മാധുര്യമുള്ളതുകൊണ്ടാവാം
ഓർമ്മകൾ ഹൃദയങ്ങളെ
ഇത്രമേൽ
കടന്നാക്രമിക്കുന്നത്

ഒരിക്കലും
പിണങ്ങിപ്പോവില്ലെന്ന്
ഉറപ്പുള്ളതിനാലാവണം
ദുഃഖങ്ങളെ നമ്മൾ
മിഴികളുടെ
പിന്നാമ്പുറത്ത്
ഇലയിട്ടൂട്ടുന്നത്

കാലത്തിനപ്പുറം
നനഞ്ഞ മണ്ണിൽ
ഒരിടമുണ്ടെന്ന്
ഉറപ്പുള്ളതുകൊണ്ടുതന്നെയാവും
കാലടികൾ
പൊള്ളിയടരുമ്പോഴും
നമ്മൾ
ചുട്ടുപഴുത്ത മണൽക്കാടുകൾ
താണ്ടിക്കൊണ്ടേയിരിക്കുന്നത്...

ള്ളതിന്റെ തിരക്ക് മറ്റൊരിടത്തും കാണുവാൻ സാധ്യമല്ല. ഇല്ലാത്ത ആചാരങ്ങളെ ഉണ്ടാക്കി അന്ധവിശ്വാസങ്ങൾക്ക് വളമേകുന്ന രീതിയാണ് പൊങ്കാല എന്ന് ചില വിചക്ഷണന്മാർക്ക് അഭിപ്രായം ഉണ്ട്.

വാണിഭം എന്ന വാക്കിന് പുതുതലമുറ മറ്റ് വ്യാഖ്യാനങ്ങളാണ് കൊടുക്കുന്നതെങ്കിലും കാർഷിക ഉത്പന്നങ്ങളും വിഭവങ്ങളും കാർഷികോപകരണങ്ങളും വിൽക്കുന്ന രണ്ട് വാണിഭ കേന്ദ്രങ്ങൾ പത്തനംതിട്ടയിൽ ഉണ്ട്. തെള്ളിയൂർക്കാവ് വാണിഭം ക്ഷേത്രത്തിനോടനുബന്ധിച്ചാണ് നടത്തുന്നത്. വൃശ്ചിക മാസത്തിലാണ് ഈ വാണിഭം നടക്കുന്നത്. ഈ ക്ഷേത്രത്തിലെ പ്രധാന നേർച്ച ഉണക്ക സ്രാവ് ആണ്. ഹൈന്ദവ മതത്തിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ദേശങ്ങൾക്കനുസരിച്ച് വിഭിന്നമാണെന്നതിൽ ഇത് ഒരു തെളിവ് മാത്രം. മറ്റൊരു വാണിഭം നടക്കുന്നത് ഓവല്ലൂർ വയൽ വാണിഭ കേന്ദ്രത്തിലാണ്. മീന മാസത്തിലെ ഈ വാണിഭ കേന്ദ്രത്തിൽ ഇന്നത്തെ മാളുകളിലൊന്നും കാണാൻ കഴിയാത്ത നാടൻ വീട്ടുപകരണങ്ങളും ഭക്ഷ്യവസ്തുക്കളും മറ്റും ലഭിക്കുന്നു. മേത്തരം മൺപാത്രങ്ങളും ചിരട്ടത്തവികളും ഇരുമ്പായുധങ്ങളും ഒക്കെ അവിടെ ലഭ്യമാണ്. പുഷ്പമേളയും മരത്തൈകളും വിത്തുകളും നാടൻ അച്ചാറുകളും പഴച്ചാറുകളും മറ്റും ഉള്ള ഇതിനെയാണ് വാണിഭകേന്ദ്രം എന്ന് പഴമക്കാർ പറഞ്ഞിരുന്നത്. പിന്നെ എപ്പോഴോ ഇതിന്റെ അർത്ഥം മലയാളികൾ മാറ്റിത്തുടങ്ങി. അത് മലയാളികളുടെ മനസ്സ് ദുഷിച്ചത് കൊണ്ടാവാം.

ഏഴംകുളം ക്ഷേത്രപരിസരത്തെ തൂക്കം അവിടുത്തെ ക്ഷേത്രോത്സവത്തോടനുബന്ധിച്ചാണ് നടത്തുന്നത്. ആചാരത്തോടനുബന്ധിച്ച് പരിശീലനം ലഭിച്ച ആളുടെ മുതുകിലൂടെ ഹുക്ക് തുളച്ചുകയറ്റി ശരീരം തുണി ഉപയോഗിച്ച് തൂക്കദണ്ഡിൽ ഉറപ്പിക്കുന്നു. നേർച്ചക്കാർ അവരുടെ കുട്ടികളെ തൂക്കക്കാരന്റെ കൈവശം കൊടുക്കുകയും അദ്ദേഹം കുട്ടിയോടൊപ്പം തൂക്കദണ്ഡിൽ ഉയർന്ന് താഴുകയും ചെയ്യുന്നു. നരബലിക്ക് പകരമാണ് തൂക്കം നിലവിൽ വന്നതെന്ന് സങ്കല്പിക്കപ്പെടുന്നു. ഓരോ വർഷവും തൂക്കനേർച്ചക്കാരുടെ എണ്ണം കൂടുന്നതിനാൽ ഈ നാട്ടിൽ വിശ്വാസം എല്ലാ സീമകളും ഭേദിക്കുന്നതായി കാണാം. തട്ടയിൽ ഒരുപ്പുറത്ത് ദേവീ ക്ഷേത്രം മര ഉരുപ്പടികൾ വച്ച് ഉണ്ടാക്കുന്ന കെട്ട് കാഴ്ചയ്ക്ക് പ്രസിദ്ധമാണ്. ചെറിയ മര ഉരുപ്പടികളും ആകാശം മുട്ടേയുള്ള വലിയ മര ഉരുപ്പടികളും ഇവിടെ കാണാം. ഓരോ വർഷവും കൂടുതൽ കൂടുതൽ അലങ്കാരവും ആർഭാടവും കാണിക്കുന്നതിനാൽ ഭക്തിയുടെ പേരിൽ പണം വാരിയെറിയാൻ യാതൊരു മടിയും കാണിക്കാത്തവരാണ് ഇവിടെയുള്ളവർ എന്ന് മനസ്സിലാക്കാം.

ഓർത്തഡോക്സ് സഭയ്ക്ക് ആഗോള തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപനം നടത്തിയ കുറച്ച് പള്ളികൾ പത്തനംതിട്ട ജില്ലയിലുണ്ട്. ചന്ദനപ്പള്ളി വലിയ പള്ളി അതിലൊന്നാണ്. അവിടുത്തെ ചെമ്പെടുപ്പിലും അന്നദാനത്തിലും പങ്കെടുക്കാൻ ആയിരക്കണക്കിന് ആളുകളാണ് തിക്കിത്തിരക്കി എത്തിച്ചേരുന്നത്. നിലക്കൽ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി. സെന്റ് തോമസ് സ്ഥാപിച്ച ഏഴര പള്ളികളിൽ ഒന്നാണെന്ന് വിശ്വാസികൾ കരുതുന്നു. അടൂർ കണ്ണങ്കോട് കത്തീഡ്രൽ കടമ്പനാട് സെന്റ് തോമസ് കത്തീഡ്രൽ തുടങ്ങിയവ അതിൽ പ്രധാനപ്പെട്ടവയാണ്. തിരുവല്ലയിലുള്ള കൂടാരപ്പള്ളി മറ്റ് വാസ്തുവിദ്യയിൽ നിന്നും തുലോം വ്യത്യസ്തമാണ്. റോമൻ കത്തോലിക്ക വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള ഈ പള്ളിയുടെ പേര് സെന്റ് ജോൺസ് കത്തീഡ്രൽ എന്നാണ്. ക്രിസ്തു ശിഷ്യനായ സെന്റ് തോമസ് സ്ഥാപിച്ചതെന്ന് കരുതുന്ന മറ്റൊരു പള്ളിയാണ് തിരുവല്ലയ്ക്ക് അടുത്തുള്ള നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്.

മുസ്ലീം സമുദായത്തിൽ ഉള്ളവരെല്ലാം പ്രത്യേകമായി ഗ്രൂപ്പ് ചേർന്ന് പ്രത്യേക സ്ഥലത്ത് താമസിക്കുന്നവരാണ്. പത്തനംതിട്ട, അടൂർ, കാട്ടൂർപേട്ട തുടങ്ങിയ ഇടങ്ങളിൽ മുസ്ലിം സമുദായത്തിന് പള്ളികൾ ഉണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഉള്ള അയിരൂർ പുതിയകാവ് ക്ഷേത്രം മേജർ ക്ഷേത്രങ്ങളിലൊന്നാണ്. പന്തളത്തുനിന്ന് പുറപ്പെടുന്ന തിരുവാഭരണ ഘോഷയാത്ര ആറന്മുളവഴി അയിരൂർ പുതിയകാവിൽ എത്തുമ്പോൾ രാത്രിയാവും. അന്ന് രാത്രി വിശ്രമം പുതിയകാവ് ക്ഷേത്രത്തിലാണ്. പിറ്റേദിവസം രാവിലെ പുറപ്പെടുന്ന ഘോഷയാത്ര റാന്നി വഴി പെരുനാട്ടിൽ എത്തിച്ചേരും. രണ്ടാം ദിവസം രാത്രിയിൽ പെരുനാട് ക്ഷേത്രത്തിലാണ് വിശ്രമം.

വേലുത്തമ്പി ദളവ തിരുവിതാംകൂർ ദിവാൻ ആയിരുന്നു എന്ന് ഏവർക്കും അറിയാവുന്ന കാര്യമാണല്ലോ. ബ്രിട്ടീഷുകാരുമായി ഇടഞ്ഞ തമ്പിയെ തിരുവിതാംകൂർ രാജാവും തള്ളിപ്പറഞ്ഞപ്പോൾ സ്വയരക്ഷയ്ക്കായി അദ്ദേഹം ഇന്നത്തെ പത്തനംതിട്ട ജില്ലയിലെ മണ്ണടി എന്ന സ്ഥലത്ത് എത്തിച്ചേർന്നു. അവിടുത്തെ ദേവീക്ഷേത്രത്തിന്റെ പൂജാരിയുടെ വീട്ടിൽ അഭയം തേടി. പൂജാരി ഒറ്റിക്കൊടുത്തതിലും ശത്രു സൈനികർ വീട് വളഞ്ഞതിനാലും ഗത്യന്തരമില്ലാതെ തമ്പി തന്റെ സഹോദരന്റെ കരവാൾ വാങ്ങി വയറ്റിൽ കുത്തി ആത്മാഹൂതി ചെയ്തു എന്ന് ചരിത്രം പറയുന്നു. ഭക്തജനങ്ങളെപ്പോലെ ചരിത്ര കുതുകികൾക്കും താത്പര്യം ഉള്ള പ്രദേശമായി മണ്ണടി മാറിക്കഴിഞ്ഞു.

പത്തനംതിട്ട ഒരു ഭക്തിസാന്ദ്രമായ ജില്ലയാണെന്ന് ഇതിനകം മനസ്സിലായിക്കാണുമല്ലോ. സർക്കാർ സംവിധാനങ്ങൾ വരെ ഭക്തിയെ പ്രോത്സാഹിപ്പിക്കുന്ന കാഴ്ചയാണ് ഇവിടെ കണ്ടുവരുന്നത്. ചെറിയ തോതിലുള്ള നൂറു കണക്കിന് പ്രാർത്ഥനാ കേന്ദ്രങ്ങളെപ്പറ്റി ഇവിടെ പരാമർശിച്ചിട്ടില്ല. എവിടെത്തിരിഞ്ഞൊന്ന് നോക്കിയാലും... അവിടെല്ലാം ഭക്തികേന്ദ്രങ്ങൾ കാണാം എന്ന രീതിയിലേക്ക് ഈ ജില്ല മാറിക്കഴിഞ്ഞു.

●

# അരിയിൽ ഹരിശ്രീ ഈ മുഖശ്രീ
# കാവ്യതപസ്സിന്നിതിഹാസം



**നിരീക്ഷണം**
മുരളീധർ കൊല്ലത്ത്
9526714203, 9387475851



**ക**വിതകളിലെ ഭക്തിയും വിനയവും കാണിച്ചു തന്ന അക്ഷരങ്ങളെ നെഞ്ചോട് ചേർത്ത ഈ മനുഷ്യനെ ലോകം മുഴുവൻ അറിയും. കുമരനല്ലൂരിലെ വീട്ടിൽ സാധാരണക്കാരനിൽ സാധാരണക്കാരനായി ജീവിയ്ക്കാൻ ശ്രമിച്ചുവരുന്ന ഈ ഇതിഹാസപുരുഷൻ അറിവിന്റെ ആദ്യാക്ഷരം കുറിയ്ക്കാൻ കാത്തിരിയ്ക്കയാണ്. നമ്മുടെയൊക്കെ കുഞ്ഞുങ്ങൾക്കറിവ് പകർന്നുകൊടുക്കാൻ, ഹരിശ്രീ കുറിച്ച് കൊടുക്കാനൊക്കെ മഹാകവി അക്കിത്തം കാത്തിരിയ്ക്കയാണ്. 'ഈ മഹാക്ഷേത്രങ്ങളൊന്നും എന്റേയല്ല' എന്ന് പറയുമ്പോഴും ഈ ക്ഷേത്രമുറ്റത്തെ ഒരു ദാസനാവാൻ അനുവാദം ചോദിച്ച് ആ തിരുനടയിൽ നിൽക്കുന്ന കാവ്യതേജസ്സിനെ മലയാളി എന്നും തിരിച്ചറിയുന്നു. ഒട്ടനവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ടെങ്കിലും ഭാഷാപിതാവിന്റെ പേരിലുള്ള എഴുത്തച്ഛൻ പുരസ്ക്കാരം നേടുമ്പോൾ 8 പതിറ്റാണ്ട്. നവതിയുടെ നിറവ് പിന്നിട്ടപ്പോൾ ജ്ഞാനപീഠം കരസ്ഥമാക്കിയിരിക്കുന്നു. കരുണ വറ്റാത്ത കാവ്യനീതിയുടെ നിശബ്ദയാമങ്ങളിൽ നമഃശിവായ എന്ന നാമം ആ നാവിൻ തുമ്പിലിപ്പഴും ഭദ്രം.

എത്രയെത്ര കണ്ണീര് വീണ മണ്ണാണിത്. കണ്ണീര് വീണ് വീണാത്രെ വെണ്ണക്കല്ലുണ്ടായത്. ഈ കല്ലെടുക്കുമ്പോഴും തീരാക്കണ്ണീര്. അങ്ങിനെ ഒരു കണ്ണീര് കാണാൻ ഈ വിനീതനും നിയോഗമുണ്ടായി എന്ന ദുഃഖത്തോടെ അറിയിയ്ക്കാൻ കൂടി വേണ്ടിയാണീ കുറിപ്പ്. കാരണം അക്കിത്തത്തിന്റെ ആ ലാളിത്യം വായനക്കാരനിലേയ്ക്കെത്തിയ്ക്കേണ്ട ബാദ്ധ്യത എന്റേതുകൂടിയാണ് എന്ന തോന്നലും കൂടിയാണിതിന്ന് കാരണം. 24-1-2009 രാവിലെ എട്ടര മണിയ്ക്ക് ദൂരദർശനിൽ സമീക്ഷ എന്ന പരിപാടിയുടെ അവതാരകനാകാനുള്ള ഭാഗ്യം എനിയ്ക്കുണ്ടായി. അതിഥി മഹാകവി അക്കിത്തവും. ചോദ്യങ്ങളും ഉത്തരങ്ങളും തുടർന്നുവരവെ ഞാനിയ്ക്കിടപെട്ടുകൊണ്ട് പഴയ ഗുരുശിഷ്യ ബന്ധത്തെക്കുറിച്ച് ചോദിച്ചു. ആ... അത് നന്നായി എന്ന് പറഞ്ഞ് ചർച്ച സജീവമായി. സ്കൂൾ വിദ്യാഭ്യാസകാലത്തിലേയ്ക്ക് തന്റെ ഓർമ്മയെ അക്കിത്തം കൂട്ടിക്കൊണ്ടുപോയി. താൻ പഠിച്ചിരുന്ന സമയം ഒരു ഭട്ട് മാഷ് ഉണ്ടായിരുന്നെന്നും അദ്ദേഹം ഒരിയ്ക്കൽ കോട്ട് മറിച്ചിട്ടുവന്നതുകൊണ്ട് വിദ്യാർത്ഥികൾ ബഹളം വെച്ചുതുടങ്ങിയത്രെ. കുപിതനായ മാസ്റ്റർ ചൂരൽ കൊണ്ടുവരാൻ പറഞ്ഞു. കുട്ടികൾ ഭീതിയിൽ നില്ക്കെ ഭട്ട് മാഷ് തന്റെ സ്വന്തം തുടയ്ക്കടിച്ച് മുറിയാക്കിയിട്ടും പ്രഹരം തുടർന്നുകൊണ്ടേയിരുന്നു. ഏവരും കേണപേക്ഷിച്ചിട്ടും കേൾക്കാതെ മർദ്ദനത്തിന്നിടയിൽ മാസ്റ്റർ ഉറക്കെ പറഞ്ഞത്രെ നിങ്ങളല്ല കുറ്റക്കാർ. എന്റെ ക്ലാസ്സ് ശ്രദ്ധിക്കാതിരുന്നത് എന്റെ കുറ്റം കൊണ്ടാണെന്നോതിയാണ് അദ്ദേഹം ശരീരത്തെ നോവിച്ചുകൊണ്ടിരുന്നത്. അഭിമുഖത്തിനിടയിൽ അക്കിത്തത്തിന്റെ മുഖം ചുവന്നു. കണ്ണ് നിറഞ്ഞു. മഹാത്മാവിനെ ഞാൻ കണ്ടില്ലാ... എന്റെ ഗുരുനാഥനിൽ ആ നന്മ കണ്ടു എന്ന പറഞ്ഞ് ക്യാമറയ്ക്ക് മുന്നിൽ കണ്ണീരുമായിരിയ്ക്കുന്ന ആ ലാളിത്യമാണ് ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസമായി ഇന്ന് ജ്ഞാനപീഠത്തിന്നർഹനായിരിയ്ക്കുന്നത്. വെണ്ണക്കല്ലിന്റെ കഥ എന്ന കൃതിയിലും നാം ദർശിയ്ക്കുക ദുഃഖം മാത്രം. ധർമ്മസൂര്യനും, ആര്യനും കുണ്ടുണ്ണിയും ഈ കാവ്യഗംഗയുടെ ചെറിയ ചെറിയ കുഞ്ഞോളങ്ങൾ മാത്രം. അസുഖം വന്ന് ഒരടിപോലും മുന്നോട്ടുവെയ്ക്കാൻ പ്രയാസപ്പെട്ടപ്പോ ഈശ്വരനാമം കൈവിടാതെ കവിതയെ മാറോട് ചേർത്ത് പ്രണയിച്ച ഇതിഹാസ പുരുഷൻ മുറുക്ക് ഉപേക്ഷിച്ചതുകൊണ്ട് ചിരിയ്ക്കുമ്പോൾ പഴയ വെറ്റിലക്കറ കാണാനേയില്ല. പഴയശീലങ്ങൾ ശരീരത്തെ ആക്രമിച്ചപ്പോ

ഴും കൈയ്യിലെ പേന മുറുകെ പിടിച്ച് അക്കിത്തം എഴുതുക തന്നെയാണ്. അനുഗ്രഹവചനങ്ങൾ വാരിച്ചൊരിയുകയാണ്. അടങ്ങാപ്പക പുകയായി ഇന്ത്യൻ മണ്ണിലുയരുമ്പോൾ ശാന്തിമന്ത്രം ജപിയ്ക്കുകയാണ്. ജീവിച്ച് തുടങ്ങിയിട്ടില്ലാത്തവർക്ക് അറിവിന്റെ നൊമ്പരം പകർന്ന് കൊടുക്കുകയാണ് ഈ കാവ്യശ്രേഷ്ഠൻ. കവിതയ്ക്ക് വൃത്തം വേണമെന്ന് ശഠിയ്ക്കുമ്പോൾ നമ്മുടെ ജീവിതത്തിലും ചിട്ട പാലിയ്ക്കാൻ ശ്രമിയ്ക്കണം എന്ന ഈ ഗുരുവര്യൻ പറയും. അക്കിത്തം അടുത്തുനിൽക്കുമ്പോൾ തുളസിയുടേയും ചന്ദനത്തിരിയുടേയും ഗന്ധം. ആ പാദങ്ങളിൽ വീണ് നമസ്ക്കരിക്കാൻ കഴിഞ്ഞാൽ അതും ഒരു ഭാഗ്യം. അറിവിന്റെ ആ ആഴക്കടലിൽ നിന്നും ഒരു മുത്ത് നമുക്ക് ലഭിച്ചാൽ അത് ഒരു ജീവിതപുണ്യം. മുക്തിയുടെ മോക്ഷക്കല്ലിൽ ഒരൊറ്റ നാണ്യം താംബൂലത്തിനൊപ്പം ദക്ഷിണയായി സമർപ്പിയ്ക്കാൻ ഓരോ മലയാളിയ്ക്കും കഴിയട്ടെ. കലിയടങ്ങാത്ത കാവ്യപണ്ഡിതർ എന്ന് സ്വയം അഹങ്കരിക്കുന്ന താടിയും, മുടിയും നീട്ടിയ മനുഷ്യരൂപങ്ങൾക്ക് മുന്നിൽ ഇരുപതാം നൂറ്റാണ്ടിതിഹാസം ഒരൊറ്റയാന്റെ കരുത്തുമായി കൈയ്യിലൊരു വിശറിയുമായി കുമരനല്ലൂരിലെ വസതിയിൽ ചിരിച്ചുകൊണ്ട് ചാരുകസേരയിലങ്ങനെയിരിയ്ക്കുകയാവാം. കുട്ടികൃഷ്ണമാരാരേയും ഇടശ്ശേരിയേയും ഉണ്ണികൃഷ്ണ മേനോനേയും ഒക്കെയോർക്കുമ്പോൾ തന്റെ 'വെണ്ണക്കല്ലിന്റെ കഥ' യും 'ബലിദർശന'വും 'ധർമ്മസൂര്യ'നും 'ആര്യ'നുമൊക്കെ മനസ്സിന്റെ വേവലാതി മാറ്റാൻ ഓടിയെത്തുന്നു. സന്ധ്യാദീപം കൊളുത്താറായി. തൊടിയിലൊരോലമടൽ വീഴുന്ന ശബ്ദം. അകത്ത് കറങ്ങിക്കൊണ്ടിരുന്ന ഫാൻ താനെ നിന്നു. ട്യൂബിന്റെ പ്രകാശം കാണുന്നില്ല. വൈദ്യുതിതടസ്സം. വന്ന വിരുന്നുകാരനറിയാതെ പറഞ്ഞുപോയി 'വെളിച്ചം ദുഃഖമാണുണ്ണി തമസ്സല്ലോ സുഖപ്രദം'.

നിത്യനിർമ്മല പൗർണ്ണമി പൊട്ടുതീർത്ത കവി. കണ്ണീർകണത്താൽ സൗരമണ്ഡലമൊരുക്കിയ കവി. കാവ്യബിംബങ്ങളുടെ കാമനയിൽ മാന്ത്രികച്ചെപ്പുതുറന്ന് സാഹിത്യകുതുകികളെ വിസ്മയിപ്പിച്ച ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം. നേരത്തെ സൂചിപ്പിച്ച പോലെ മഹാക്ഷേത്രങ്ങളും, കൊമ്പനാനകളും എന്റെയല്ല എന്റെയല്ല എന്നുറക്കെ പറയാനുള്ള ആർജ്ജവം ഈ ജ്ഞാനപീഠ ജേതാവ് കാണിയ്ക്കുന്നു എന്നുള്ളതാണ് നമ്മെ വിസ്മയിപ്പിക്കുന്നതും. ജീവിതത്തിലെ കണ്ണീരിന്റെ അന്വേഷണം ഇടശ്ശേരി പഠിപ്പിച്ചുവെങ്കിൽ വി. ടി.യും വൈലോപ്പിള്ളിയും തന്നേക്കാൾ വലിയവരാണെന്ന കണ്ടെത്തൽ വെച്ചുപുലർത്തുന്ന മാനവികതയുടെ ഈ പുഞ്ചിരിയ്ക്ക് നമുക്ക് ദീർഘായുസ്സ് നേരാം. ആ നേരിന്റെ നെറുകിനെ നോക്കി നമുക്ക് കൈകൂപ്പാം. അപ്പോൾ അറിയാതെ മിഴികൾ പരസ്പരം നനഞ്ഞുകണ്ടാൽ ആരോഗ്യക്കുറവുകൊണ്ട് അല്പം വിറച്ചാണെങ്കിലും ആ അഭിവന്ദ്യഗുരുവിന്റെ അംഗുലീയം നമ്മുടെ കണ്ണീർ കണങ്ങളെ വകഞ്ഞുമാറ്റും. അപ്പോൾ നാമറിയാതെ ആ കാൽക്കലിൽ വീഴുക തന്നെ ചെയ്യും. ഗുരുനാഥാ... അതുമതി ഒരു ജന്മപുണ്യത്തിന്...

●

# പൊതുവിജ്ഞാനം



**നൗഷാദ് ഖാൻ**
**9846454199**

1. സിഖ് മതസ്ഥാപകനായ ഗുരു നാനാക്ക് അവസാനമായി ചിലവഴിച്ച 'ഗുരുദ്വാര' ഏത് ?
ഉ. കർത്താപ്പൂർ

2. പച്ചക്കറികൾ അധികം സമയം വെള്ളത്തിലിട്ടാൽ നഷ്ടമാവുന്ന വൈറ്റമിൻ ?
ഉ. വൈറ്റമിൻ സി

3. മനുഷ്യവകാശ പ്രവർത്തക സുനിത കൃഷ്ണൻ നേതൃത്വം നല്കുന്ന സംഘടന ?
ഉ. പ്രജ്വല

4. ടാഗോറിന്റെ കേരള സന്ദർശന വേളയിൽ അദ്ദേഹത്തെ പ്രകീർത്തിച്ച് കുമാരനാശാൻ രചിച്ച 'ദിവ്യകോകിലം' ആലപിച്ചതാര് ?
ഉ. സി. കേശവൻ

5. 1971–ലെ ഇന്തോ- പാക്ക് യുദ്ധകാലത്തെ ഇന്ത്യൻ പ്രതിരോധ മന്ത്രി ?
ഉ. ജഗ്ജീവൻ റാം.

6. 'കേരളത്തിലെ ഇരുളടഞ്ഞ ഏടുകൾ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ?
ഉ. ഇളംകുളം കുഞ്ഞൻ പിള്ള

7. ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രി ?
ഉ. സന മറിൻ (34 വയസ്സ്, ഫിൻലാന്റ്)

8. ഐ. എസ്. ആർ. ഒ.യുടെ മൂന്നാമത്തെ Rocket Launch Pad സ്ഥാപിക്കുന്നതെവിടെ ?
ഉ. കുലക്ഷേത്ര പട്ടണം (തൂത്തുകുടി)

9. Word of the year ആയി Oxford Dictionary തിരഞ്ഞെടുത്ത വാക്ക് ?
ഉ. Climate Emergency.

10. ബാർ കോഡിന്റെ ഉപജ്ഞാതാവ് ?
ഉ. ജോർജ്ജ് ലോറർ.

എല്ലാ വായനക്കാർക്കും വരിക്കാർക്കും
എഴുത്തുകാർക്കും
**ഏക തത്ത്വയുടെ**
**പുതുവത്സരാശംസകൾ**

# മതസാഹോദര്യത്തിന്റെ മകര പൗർണ്ണമി
# തെരുവത്ത് പള്ളിനേർച്ച

**മുകേഷ് കണ്ണത്ത്**
**9176367106**

**ദേ**ശത്തിന്റെ അതിർവരമ്പുകൾ താണ്ടി കൊങ്ങന്മാർ കാളവണ്ടിയിലും കുതിരവണ്ടിയിലുമായി വരുകയായ്, ഇത് പള്ളിനേർച്ചക്കാലം. ഒരു ദേശം ജാതിമത ചിന്തകൾക്കതീതമായി ഒന്നൊരുമിക്കുന്ന ഉത്സവക്കാലം.

പണ്ട്, വളരെ പണ്ട് മാത്തൂർ ദേശം അറ്റ വേനലിൽ ഉരുകുന്ന സമയം. കിണറുകളും കുളങ്ങളും വരണ്ടുണങ്ങി. കുടിക്കാൻ എങ്ങും വെള്ളമില്ല. കന്നുകാലികൾ ചത്തൊടുങ്ങി. നെൽപ്പാടങ്ങൾ കരിഞ്ഞുണങ്ങി. ദേശവാസികളിൽ പലരും വെള്ളം കിട്ടാതെ ജീവനില്ലാതെയായി. ശേഷിച്ച ദേശവാസികൾ കൂട്ടം ചേർന്ന് ദേശം വിടാൻ കോപ്പുകൂട്ടിയ ഒരു സായന്തനത്തിൽ എങ്ങുനിന്നോ ഒരു കിളവൻ വലതു കൈയിൽ കാഞ്ഞിരവടിയും കുത്തിപ്പിടിച്ച് വേച്ച് വേച്ച് നടന്നുവന്നു. ഇടതുകൈയിൽ ഒരു കിഴിക്കെട്ട് അതിൽ നിറയെ ചെമ്മണ്ണ്. പലായനം ചെയ്യാൻ ഒരുങ്ങിനിന്ന ദേശവാസികളോട് പറഞ്ഞു. "ഇവിടം വിട്ട് പോവരുത്, ഇന്ന് രാത്രി ദേശത്ത് മഴ പെയ്യും. എന്റെ കൈയിലുള്ള ഈ ചെമ്മണ്ണ് നിങ്ങളുടെ വിളനിലങ്ങളിൽ ഇടുക. നിങ്ങളുടെ പാടങ്ങൾ നൂറുമേനി നെല്ലു കൊയ്യും." യാത്രയ്ക്ക് തയ്യാറായി നിന്ന ആളുകൾ രണ്ടു തട്ടുകളിലായി. ഒരു കൂട്ടർ പറഞ്ഞു ഇന്നു രാത്രി കൂടി തങ്ങി നാളെ യാത്ര തിരിക്കാമെന്ന്. വേറൊരു കൂട്ടർ പറഞ്ഞു സമയം ചെല്ലും തോറും ജീവനറ്റു വരികയാണ് അതുകൊണ്ട് ഇപ്പോൾ തന്നെ യാത്ര തുടരണമെന്ന്. പകൽ പോലെ തെളിഞ്ഞ നിലാവുള്ള പൗർണ്ണമിയിൽ എങ്ങനെ മഴ പെയ്യും എന്ന് പ്രാകി കൊണ്ട് കിഴക്ക് തമിഴ് ദേശം ലക്ഷ്യമാക്കി യാത്ര തിരിച്ചു അവർ.

ബാക്കിയുള്ളവർ അവിടെ തന്നെ തമ്പടിച്ചുകൂടി നേരം വെളുത്ത ശേഷം യാത്ര തിരിക്കാമെന്ന് തീരുമാനിച്ചു. അവർ പരസ്പരം ഒന്നും പറയാതെ കാൽനടയായും കാളവണ്ടിയിലുമായി പോകുന്ന കൂട്ടത്തെ നോക്കിനിന്നു.

നേരം വെളുക്കുന്നതും കാത്ത് നിലാവിനെ നോക്കി കിടന്നവർ തളർന്നുറങ്ങി. ദൂരദിക്കിൽ നിന്നും വന്ന കിളവൻ മന്ത്രങ്ങൾ ഉരുവിടാൻ തുടങ്ങി. തളർന്നുറങ്ങുന്നവർക്ക് നേർത്ത താരാട്ടുപാട്ടു പോലെയായി ആ മന്ത്രണങ്ങൾ.

രാത്രിയുടെ അന്ത്യയാമങ്ങളിൽ പൂർണ്ണചന്ദ്രൻ മറഞ്ഞു. പൊടുന്നനെ ആകാശത്ത് വെള്ളകീറി മിന്നൽ. കനത്ത ഇടിയുടെ ആഘാതത്തിൽ എല്ലാരും ഉണർന്നു. മഴത്തുള്ളികൾ ആകാശത്ത് നിന്ന് ഉതിർന്ന് വീണു. സന്തോഷം കൊണ്ടവർ നൃത്തമാടി,ആനന്ദഭരിതരായി. മഴ കനത്തു. എല്ലാരും ആവോളം ജീവജലം കുടിച്ചു. അവരവരുടെ വീടുകളിലേക്ക് ഓടിപ്പോയി.

മൂന്നുനാൾ കനത്ത മഴയായിരുന്നു. മഴയൊഴിഞ്ഞ പ്രഭാതത്തിൽ എല്ലാവരും അയാളെ തിരക്കി. എവിടെ അയാൾ? നാടുമൊത്തം തിരഞ്ഞു നടന്നു. ഒടുവിൽ കണ്ടു. ഒരു തെരുവിന്റെ ഓരത്ത്. ആ ശരീരത്തിൽ ജീവൻ ഉണ്ടായിരുന്നില്ല. അടുത്ത് കുത്തിനിറുത്തിയിരുന്ന കാഞ്ഞിരത്തിന്റെ വടിയിൽ ഒരു കുഞ്ഞു ഇല തളിർത്തിരുന്നു. ജീവന്റെ നാമ്പ്. കനത്ത മഴയിൽ തുണിക്കെട്ടിലെ ചെമ്മണ്ണ് ദേശത്ത് പരന്നൊഴുകി. ദേശം തളിർത്തുപൂത്തു.

ദേശത്തിന്റെ രക്ഷകനുവേണ്ടി ശവകുടീരം ഉയർന്നു. തെരുവത്ത് പള്ളിയായി. രക്ഷകൻ 'തങ്ങൾ' എന്ന പേരിൽ അറിയപ്പെട്ടു. ദേശം വിട്ടുപോയവർ തമിഴരായ്, കൊങ്ങന്മാരായി വർഷത്തിൽ ഒരിക്കൽ വരുന്നു. മകരമാസത്തിലെ പൗർണ്ണമി നാളിന്റെ ഓർമ്മ പുതുക്കാനായ്. അനുഗ്രഹീതമായ ചെമ്മണ്ണ് (പൂമണ്ണ്) വാങ്ങാൻ, നേർച്ചയും വഴിപാടുകളുമായി. ●

## കല്ല്യാണമഹോത്സവം



**ബിബിത് പാലക്കാട്**
**9567471727**

താലിചാർത്തിക്കഴിയുന്ന നിമിഷം
മനസ്സിനകത്തൊരു
വിസിലടി ശബ്ദം,
കിതച്ചുവിയർത്തും വരിയിൽ
മുന്നേറണം...

മെയ്‌വഴക്കത്തോടെ
ഇടിച്ചുകയറി, കൈകൊടുത്ത്,
പുഞ്ചിരി ഫിറ്റ് ചെയ്തൊരു
'പോട്ടം' പിടിക്കണം..!
എന്നിട്ടൊരോട്ടമാണ്,
തെറുക്കെപ്പിടിച്ചൊരോട്ടം...
പപ്പടം പൊടിയുന്ന ശബ്ദം...
സാമ്പാറവിയലുപൊരിയല്...

കാല് കഴക്കുന്നു,
വായിൽ കടലോടുന്നു...
മുന്നേയിരിക്കുന്ന
തടിയനെഴുന്നേൽക്കുന്നതും കാത്ത്
അരമണി നേരം..!

കുമ്പനിറച്ചെന്നും വരുത്തി
കൈ കഴുകണം

സമയം പതിനൊന്നര...
ഇനിയടുത്ത വേദിയിൽ
ബിരിയാണി കാത്തിരിക്കുന്നു...
അഴിച്ചുവച്ച പുഞ്ചിരി
വീണ്ടും ഫിറ്റ് ചെയ്ത്
അങ്ങോട്ടുമോടാൻ തുടങ്ങട്ടെ..!



ഡോ സുനീത് മാത്യു
09486382600



# ബേലം ഗുഹാലു

നമ്മുടെ വിനോദയാത്രകൾക്ക് പൊതുവെ ഒരു പ്രശ്നമുണ്ട്. നമുക്ക് യാത്ര ചെയ്യുവാൻ കുറേ സ്ഥിരം സഞ്ചാരകേന്ദ്രങ്ങളുണ്ട്. അതിൽനിന്നും മാറി യാത്ര ചെയ്യുവാൻ കൂടുതലാളുകളും തയാറാകുന്നില്ല. നമ്മൾ കാണേണ്ടതായ ധാരാളം സ്ഥലങ്ങൾ ഇന്ത്യയിലുണ്ട്. ഇന്ത്യയിൽ വിനോദസഞ്ചാര മേഖല ദൃഢമാണ് എന്ന് എനിക്കൊരിക്കലും തോന്നിയിട്ടില്ല. ബ്രിട്ടീഷുകാർ ഉണ്ടാക്കിയെടുത്ത കുറേ ഉല്ലാസകേന്ദ്രങ്ങൾ. വിദേശികൾ സ്വയം കണ്ടെത്തി വളർത്തിയെടുത്ത ചില കേന്ദ്രങ്ങൾ. ഇന്ത്യയുടെ വിനോദസഞ്ചാര ഭൂപടം അത്രയും മാത്രം. വിനോദസഞ്ചാരം ഒരു വ്യവസായമാക്കി മാറ്റിയെടുക്കുന്നതിൽ നമ്മുടെ രാജ്യം പരാജയപ്പെട്ടിരിക്കുന്നു എന്ന് പറയാതിരിക്കുവാൻ കഴിയുകയില്ല. മറ്റു രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ നമുക്കതു ബോധ്യമാകും.

വളരെയധികം പ്രാധാന്യം നൽകേണ്ടതായ, എന്നാൽ അർഹിക്കുന്ന പ്രാധാന്യം ലഭിക്കാത്ത ഒരു സ്ഥലം പരിചയപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ അയൽ സംസ്ഥാനമായ ആന്ധ്രാപ്രദേശിൽ കർണൂൽ ജില്ലയിൽ ബേലം എന്ന ഗ്രാമത്തിൽ ഒരു ഗുഹയുണ്ട്. പ്രകൃതി സ്വയം സൃഷ്ടിച്ചെടുത്ത ഒരു ഗുഹ. ബേലം ഗുഹാലു എന്ന് തെലുങ്കിൽ വിളിക്കുന്ന ഈ ഗുഹ ഇന്ത്യയിലെ പ്രകൃതിദത്ത ഗുഹകളിൽ രണ്ടാം സ്ഥാനത്താണ്. ഏറ്റവും വലിയ ഗുഹ മേഘാലയയിലാണുള്ളത്. ക്രെം ലിയാത് പ്രാ എന്ന ഗുഹയാണത്. ഏകദേശം ഇരുപത്തഞ്ചു കിലോമീറ്റർ നീളമുണ്ടാകും അതിന്.

ബേലം ഗുഹകളെക്കുറിച്ചറിയുന്നതു തന്നെ 1884 ൽ മാത്രമാണ്. റോബർട്ട് ബ്രൂസ് എന്ന ബ്രിട്ടീഷ് പുരാവസ്തു പരിവേഷകനാണ് ഇത് കണ്ടെത്തിയത്. ഏതോ പുരാതന യുഗത്തിൽ ഭൂമിക്കടിയിൽ ഒഴുകിക്കൊണ്ടിരുന്ന ഒരു നദിയാകാം ഈ ഗുഹയെന്നും ഒരഭിപ്രായമുണ്ട്. ചുണ്ണാമ്പു കല്ലുകളിലാണ് ഈ ഗുഹ ഉണ്ടാക്കപ്പെട്ടിരിക്കുന്നത് എന്നത് ഇതിനെ സ്വാധൂകരിക്കുന്നു. ഇതുവരെ മൂന്നര കിലോമീറ്റർ ഗുഹ തെളിച്ചെടുക്കുവാനായി എങ്കിലും ഒന്നര കിലോമീറ്റർ ഉള്ളിലേക്കു കടക്കുവാൻ മാത്രമേ സന്ദർശകർക്ക് അനുവാദമുള്ളൂ.

ബി. സി. 4500 കാലഘട്ടങ്ങളിലെ പാത്രങ്ങൾ ഇതിൽനിന്നും കണ്ടെടുത്തിട്ടുണ്ടെന്നു പറയുമ്പോൾ ഇതിന്റെ പഴക്കവും ചരിത്ര ഗവേഷണത്തിൽ ഇതിനുള്ള പ്രാധാന്യവും എടുത്തു പറയേണ്ടതില്ല. രണ്ടായിരം വർഷങ്ങൾക്കു മുൻപുതന്നെ ജൈന, ബുദ്ധ സന്യാസിമാർ ഈ ഗുഹകളിൽ ആവാസിച്ചിരുന്നിരിക്കാം എന്നും ചരിത്രം പറയുന്നു. അവർ ഉപയോഗിച്ചിരുന്ന വസ്തുക്കളുടെ അവശിഷ്ടങ്ങൾ ഇവിടെ നിന്നും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഭൂമി നിരപ്പിൽ നിന്ന് 150 അടി ആഴമുണ്ട് ഇപ്പോൾ കണ്ടെത്തിയ ഏറ്റവും ആഴമേറിയ ഭാഗത്തിന്. സഞ്ചാരികളുടെ



സൗകര്യത്തിനായി മിക്കയിടത്തും വെളിച്ചക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് ആന്ധ്ര ടൂറിസം വികസന കോർപറേഷൻ. എന്നിരിക്കിലും അവർ അനുവദിക്കുന്ന ഗൈഡുകളുടെ കൂടെ മാത്രമേ സഞ്ചാരികൾക്കു ഗുഹയിലേക്കിറങ്ങാൻ കഴിയൂ. ആനന്ദവും ആശ്ചര്യവും നിർവൃതിയും നൽകിയ ഒന്നായിരുന്നു ഞങ്ങൾക്കീ ഗുഹാ സന്ദർശനം.

കുറച്ചധികം പേർക്ക് ഒരുമിച്ചു നടക്കാവുന്നത്ര വീതിയുള്ള ഇടങ്ങൾ, നാൽപ്പതോ അമ്പതോ പേർക്ക് നിൽക്കാവുന്ന മുറികൾ, നുഴഞ്ഞു കയറേണ്ട മാതിരിയുള്ള ഇടുങ്ങിയ ഇടങ്ങൾ എല്ലാം ഈ ഗുഹാ യാത്രയെ അവിസ്മരണീയമാക്കുന്നു. സന്യാസിമാർ ശയിച്ചിരുന്നതായി സംശയിക്കുന്ന കൽകട്ടിലുകൾ, ധ്യാനമുറികൾവരെ ഇവിടെയുണ്ട്. പലഭാഗത്തേക്കും ചെറിയ ഗുഹകൾ ഇതിനോടനുബന്ധിച്ചു കാണുവാൻ കഴിയും. സപ്തസ്വര ഗുഹകൾ ഇതിലൊന്നാണ്. ഒരു മരവടികൊണ്ട് ഇവിടെ തട്ടിയാൽ ഏഴു സ്വരങ്ങളും പ്രതിധ്വനിക്കും. വെള്ളമൊഴുകി അലിയിപ്പിക്കുകയും തന്മൂലം രൂപഭംഗി വന്നതുമായ കൽ രൂപങ്ങൾ ഇതിൽ ധാരാളം. മേൽഭിത്തിയിൽ ഫണമുയർത്തിനിൽക്കുന്ന ആയിരക്കണക്കിന് സർപ്പങ്ങൾ, വേരുകൾ പടർത്തി നിൽക്കുന്ന കൂറ്റൻ ആൽമരം, ശിവലിംഗങ്ങൾ, ആയിരക്കണക്കിന് തൂണുകൾ, പാതാള ഗംഗയെന്ന ഭൂമിക്കടിയിലേക്ക്അപ്രത്യക്ഷമാകുന്ന ഒരു കൊച്ചരുവി എന്നിവയെല്ലാം ചുണ്ണാമ്പുകല്ലിൽ പ്രകൃതി തീർത്ത വിസ്മയങ്ങളിൽ ചിലതു മാത്രം.

ബംഗളൂരുവിൽ നിന്ന് അനന്തപ്പൂർ വഴി 320 കിലോമീറ്റർ ദൂരം യാത്ര ചെയ്താൽ ഇവിടെയെത്താം. യാത്രകൾ ഇഷ്ടപ്പെടുന്നവർക്ക് ലപാക്ഷി ക്ഷേത്രവും സന്ദർശിക്കാവുന്നതാണ്. തടിപത്രി ആണ് ഏറ്റവും അടുത്ത റയിൽവേസ്റ്റേഷൻ. മുപ്പതു കിലോമീറ്റർ മാത്രം ദൂരമുള്ള ഈ സ്റ്റേഷനിലേക്ക് ഇന്ത്യയിലെ മിക്ക നഗരങ്ങളിൽ നിന്നും ട്രെയിൻ സൗകര്യമുണ്ട്.

●



# കാത്തിരിപ്പ്

## ഒരാസ്വാദനം

കെ. പി. ശ്രീകുമാരി
8086189400






**സാ**ഹിത്യരചന ഒരു ദൈവീക സിദ്ധിയാണ്. അതിൽ നിന്നും കിട്ടുന്ന ആനന്ദം വായനക്കാരന് അനുഭവവേദ്യമായാൽ ആ രചയിതാവ് ധന്യനായി. അങ്ങനെ ഒരവസ്ഥയിൽ എത്തിയ വ്യക്തിയാണ് ടി. കെ. ഉണ്ണിക്കൃഷ്ണൻസാർ'. അദ്ദേഹത്തിന്റെ കാത്തിരിപ്പ് എന്ന കഥാസമാഹാരം അനുവാചകരെ ആനന്ദസാഗരത്തിൽ ആറാടിക്കും എന്നതിന് സംശയമില്ല.

ഏക തത്ത്വ പബ്ലിക്കേഷൻ നമുക്കു സമ്മാനിച്ച ഒരു ഉപഹാരമാണിത്. തനി നാടൻ പേരുകളുള്ള തളപ്പ്, ബോണ്ട, അമ്മി, കറിവേപ്പില, ചൂല് തുടങ്ങിയ മുപ്പതോളം കഥകളാണ് ഈ സമാഹാരത്തിലുള്ളത്. അതിലെ കഥാപാത്രങ്ങളോരോന്നും നമ്മുടെ ചുറ്റുവട്ടത്തുള്ളവർ അവരെപ്പറ്റി പറയുമ്പോൾ കഥാകൃത്ത് കാണിക്കുന്ന ആത്മാർഥത എടുത്തു പറയേണ്ടതാണ്. കൃത്രിമത്വം ലവലേശമില്ല. വർണ്ണനകൾ തല കുലുക്കി സമ്മതിക്കാൻ പാകത്തിലുള്ളവ.

ചെറുകഥകളാണെങ്കിലും അവയുടെ അന്തഃസ്സത്ത വളരെ വലുത്. കാക്കയും കൊക്കും എന്ന കഥയിൽ അനുകരണ ഭ്രമത്തേയും നഖങ്ങളിൽ കൈക്കൂലിക്കാരനേയും മടിയനിലെ കുട്ടൂസിനേയും നർമ്മച്ചായത്തിൽ മുക്കി വരച്ചുവച്ചിരിക്കുന്നു ഒട്ടും ഗൗരവം വിടാതെ. ഭാസ്ക്കരൻ താളു ഭാസ്ക്കരനാകുന്നത് തൊഴിലിന്റെ മഹത്വം മനസ്സിലാക്കി ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. അതുപോലെ മാങ്ങാക്കച്ചവടം, കൂട്ടുകാർ പുലിമുരുകൻ എന്നീ കഥകൾ മുൻവിധിയോടെ ഒന്നിനേയും കാണരുതെന്നും അത് പലപ്പോഴും തെറ്റാവുക മാത്രമല്ല ദുഃഖത്തിനും ഇടയാക്കും എന്ന സത്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

കൊല്ലുന്നവന്റേയും കൊല്ലപ്പെടുന്നവന്റേയും അമ്മമാർ മക്കൾക്കു വേണ്ടി പ്രാർഥിക്കുന്നു. എന്നാൽ അതിനേക്കാൾ ശക്തിയോടെ ജനഹൃദയങ്ങളിൽ ശത്രുത ഇൻജക്ട് ചെയ്യുന്ന പ്രസംഗങ്ങൾ പാവം അമ്മമാരുടെ പ്രാർത്ഥനകളെ നിഷ്ഫലമാക്കുന്നു ശത്രു എന്ന കഥ ബഹുഭൂരിപക്ഷത്തിന്റേയും മനസ്സിൽ ഗോപ്യമായി വച്ചിരിക്കുന്ന കാര്യങ്ങൾ തുറന്നു കാണിക്കുകയാണ്.

സമൂഹ നന്മയ്ക്കായി കഥാപാത്രങ്ങളിലൂടെ നൽകുന്ന മുപ്പതു സന്ദേശങ്ങളാണ് കാത്തിരിപ്പ് എന്ന കഥാസമാഹാരം. മുക്കം ഭാസി സാറിന്റെ അവതാരിക ഈ ഗ്രന്ഥത്തിന്റെ മാറ്റുകൂട്ടുന്നു.

വളച്ചുകെട്ടില്ലാത്ത ഭാഷയും വർണ്ണനയുമുള്ളത് ആവർത്തിച്ചു വായിക്കാനും ഊറിച്ചിരിക്കാനും വക നൽകുന്നത്, ശേഖരത്തിൽ ഒരു മുതൽക്കൂട്ട് വായിക്കാൻ പ്രേരിപ്പിക്കാവുന്നത് എന്നീ ഗുണങ്ങളെല്ലാമുള്ള ഒരു കഥാസമാഹാരമാണ് 'കാത്തിരിപ്പ്' എന്ന് നിസ്സംശയം പറയാം.

●

■ കവിത

# ഏകാന്ത താരകം

സ്നേഹ ഉണ്ണി
9895555393

മഴമേഘജാലങ്ങൾ മതിലുകൾ തീർക്കുന്ന
മാനത്തെ ഏകാന്ത താരകമേ നീ
മിഴി ചിമ്മി നോക്കുന്നതാണോ നിന്റെ
മനതാരു പിടയുന്നതാണോ

അകലങ്ങളിൽ നീ തനിച്ചായതെന്തേ
ഇരുൾ വന്നു മൂടുന്ന നേരം
അരികത്തൊരാലംബമാശിച്ചിടുമ്പൊഴും
അകലുന്നുവോ നിൻ നിഴൽപ്പാടുപോലും

നിൻ പ്രിയരാരാനുമീഭൂവിലുണ്ടോ
നീമിഴിചിമ്മി നോക്കുന്നതാരേ
വിരഹതാപാഗ്നിയിൽ വെന്തുരുകുന്നൊരു
വിധവയെപ്പോൽമനം പിടയുന്നതെന്തേ

നീയൊരേകാകിയാം സഞ്ചാരിണി
നിന്റെ ജീവിതവീഥിയും കനൽവഴികൾ
നീയേതൊരാത്മാവ്, തേടുന്നതാരേ
കാണാൻ കൊതിക്കുന്നതാരെ തോഴി

വിധിയുടെ കൈകളാൽ തട്ടിയുടച്ചൊരു
വെൺപളുങ്കിൻ പാത്രമല്ലയോ നീ
പാതിയിൽ ജീവിതം കൈവിട്ടുപോകവേ
പിൻവിളി കാതോർത്തിരിക്കയാണോ

അകലെ നിലാപക്ഷിപാടുന്ന പാട്ടിന്റെ
അലയൊലിക്കെന്തിത്ര ശോഭാവം
അതുകേട്ടു നിൻമിഴിക്കോണിലെന്തേ
അറിയാതെ അശ്രുകണം നിറഞ്ഞു

ആ മിഴിനീരുമായ് വാർമഴത്തുള്ളികൾ
അഴലിന്റെ ആഴങ്ങളിൽ വീണലിഞ്ഞുപോയ്
ആഴിയിലാമിഴിനീർക്കണങ്ങൾ
ആയിരം നക്ഷത്രക്കുഞ്ഞുങ്ങളായിടും

അവർ നിനക്കാകാശഗംഗ തീർത്തിടുമ്പോൾ
താരാപഥങ്ങളിൽ നീ ലയിക്കൂ
നീറുന്നൊരാത്മാവു നീ എങ്കിലും സഖീ
കനിവിന്റെ നറുനിലാ പാലാഴി തീർത്തിടൂ

ഏക തത്ത്വ മാസികയുടെ വരിക്കാരാവുക...

ഒരു വർഷത്തേയ്ക്ക് - 170 രൂപ
രണ്ടുവർഷത്തേക്ക് - 340 രൂപ
മൂന്നുവർഷത്തേക്ക് - 500 രൂപ

■ കഥ

തമിഴിൽ
- മാലൻ നാരായണൻ

മലയാള പരിഭാഷ
- ബി. ദിനേഷ്
9048913350



# തെറ്റാകുന്ന കണക്കുകൾ

**മു**ത്തശ്ശന്റെ വരവും കാത്ത് ആകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നു പേരക്കുട്ടി ജനനി. മുത്തശ്ശനോട് ചോദിക്കാനായി അവൾക്കൊരു ചോദ്യമുണ്ടായിരുന്നു. പ്രധാനപ്പെട്ട ഒരു ചോദ്യമായിരുന്നു അത്. അവൾ ചെയ്ത കണക്ക് ശരിയാണോ, തെറ്റാണോ ? സംശയം തോന്നിയ ജനനി വീണ്ടും ഒരുതവണ കൂടി ആ പരീക്ഷ പേപ്പർ എടുത്ത് നോക്കി. ആ കണക്കിന്റെ പുറത്ത് ചുവന്ന മഷികൊണ്ട് വെട്ടിയിരിക്കുന്നു. മാർജിനിൽ പൂജ്യം ഇട്ടിരിക്കുന്നു. പൂജ്യം ഇട്ടാൽ അത് തെറ്റാണെന്ന് നാല് വയസ്സ് മാത്രം പ്രായമുള്ള ജനനിക്ക് അറിയാമായിരുന്നു. പക്ഷേ 7 x 2 = 14 എങ്ങനെ തെറ്റാകും ? അതാണ് അവൾക്കും മനസ്സിലാകാതിരുന്നത്.

ജനനിക്ക് കഴിഞ്ഞ മാസമാണ് നാല് വയസ്സ് പൂർത്തിയായത്. നാല് വയസ്സേ ഉള്ളുവെങ്കിലും വയസ്സിൽ കവിഞ്ഞ ബുദ്ധിയായിരുന്നു അവൾക്ക്. അര നിമിഷം പോലും അവൾ വെറുതെയിരിക്കില്ല. എന്തെങ്കിലും ഒരു കുസൃതി ഒപ്പിച്ച് കൊണ്ടിരിക്കും. മാത്രമല്ല നൂറ് കൂട്ടം ചോദ്യങ്ങൾ ചോദിച്ച് കൊണ്ടേയിരിക്കും.

കടലിന് നീല നിറം ഉണ്ടാവാൻ കാരണമെന്ത് ? മരത്തിന് എങ്ങനെയാണ് പച്ച നിറം ഉണ്ടായത് ? വർണ്ണ കടലാസ്സുകൾ എവിടെ നിന്നാണ് വരുന്നത് ? മഴയിൽ നനയുന്ന പശുവിന് ജലദോഷം പിടിക്കുമോ ? കമ്പ്യൂട്ടറിന് എങ്ങനെയാണ് എല്ലാ കാര്യങ്ങളും അറിയുന്നത് ? കമ്പ്യൂട്ടർ ദൈവമാണോ ? ഇതുപോലുള്ള ചോദ്യങ്ങൾ ചോദിച്ച് മറ്റുള്ളവരെ വെള്ളം കുടിപ്പിക്കും. ജനനിയുടെ ചോദ്യത്തിന് ഉത്തരം പറയുക എന്നത് തേനീച്ച കൂട്ടിൽ കല്ലെടുത്തെറിയുന്നത് പോലെയാണ്. ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞാൽ അതോടെ തീരില്ല. അതിനോടനുബന്ധിച്ച് മറ്റ് ചോദ്യങ്ങൾ വീണ്ടും ഉയരും.

അവളെന്തെങ്കിലും വിഷയം സംസാരിക്കാൻ തുടങ്ങിയാൽ "ഒന്ന് മിണ്ടാതിരിക്കുമോ ?" എന്ന് സഹികെട്ട് അച്ഛൻ അവളെ ശാസിക്കും. "കുട്ടികൾ ഇങ്ങനെയൊന്നും സംസാരിക്കാൻ പാടില്ല" എന്ന് അവളുടെ അമ്മ താക്കീത് നല്കും. പക്ഷെ മുത്തശ്ശൻ അങ്ങനെയല്ല. അവളുടെ ചോദ്യത്തിനെല്ലാം ക്ഷമയോടുകൂടി വിശദമായി ഉത്തരം പറഞ്ഞ് കൊടുക്കും. ആ നിമിഷം

അദ്ദേഹവും ഒരു കൊച്ചുകുട്ടിയെപ്പോലെ ഉത്സാഹത്തോടെ അവൾക്ക് ഉത്തരം നല്കിക്കൊണ്ടിരിക്കും. കുറേശ്ശെ കുറേശ്ശെയായി ചോദ്യം ചോദിക്കാതെ തന്നെ ഉത്തരം കണ്ടെത്തുന്നതെങ്ങനെയെന്ന് അവൾക്ക് പഠിപ്പിച്ച് കൊടുത്തു മുത്തശ്ശൻ. മാത്രമല്ല വിഭിന്നമായി ചിന്തിക്കാനും, ഒരു കാര്യം മറ്റൊരു കോണിലൂടെ കാണുമ്പോൾ അവയെല്ലാം എങ്ങനെയാണ് വ്യത്യസ്തമാകുന്നതെന്നും അവൾക്ക് അഭ്യസിപ്പിച്ച് കൊടുത്തു.

കാൽക്കുലേറ്ററിൽ '7' എന്ന അക്കം അമർത്തി അത് തലതിരിച്ച് നോക്കുമ്പോൾ 'L' ആയി മാറുന്നതും, 3 എന്ന അക്കം അമർത്തി തലതിരിച്ച് നോക്കുമ്പോൾ 'E' ആയി മാറുന്നതും, സീറോ എന്ന അക്കത്തിന് ഇംഗ്ലീഷിലെ 'ഓ' ആയിട്ടും വായിക്കാം എന്നതുപോലുള്ള സൂത്രങ്ങളൊക്കെ പേരക്കുട്ടിക്ക് പഠിപ്പിച്ച് കൊടുത്തു.

മുത്തശ്ശൻ വന്നതും കണക്ക് പരീക്ഷയുടെ ഉത്തര കടലാസ് എടുത്ത് നീട്ടി ജനനി. അത് തുറന്ന് നോക്കിയതും മുത്തശ്ശൻ ഒന്ന് ഞെട്ടി. "ഈ കണക്കിന് നീ ശരിയായ ഉത്തരം എഴുതിയിട്ടുണ്ടല്ലോ പിന്നെന്താ ടീച്ചർ പൂജ്യം മാർക്ക് ഇട്ടിരിക്കുന്നത്. നീ ആ ചോദ്യപേപ്പർ എടുത്ത് കൊണ്ടുവാ നോക്കട്ടെ എന്ന് മുത്തശ്ശൻ പറഞ്ഞു. അവൾ ഓടി ചെന്ന് ചോദ്യപേപ്പറുമായി തിരിച്ചുവന്നു. അതിലെ തെറ്റിയ ഉത്തരത്തിന്റെ ചോദ്യം ഉറക്കെ വായിച്ച് നോക്കി മുത്തശ്ശൻ.

ഒരാഴ്ച്ചയ്ക്ക് ഏഴ് ദിവസമെങ്കിൽ രണ്ടാഴ്ചയ്ക്ക് എത്ര ദിവസം ? ജനനിയുടെ ഉത്തരക്കടലാസിൽ അവൾ 7 x 2 = 14 എന്ന് എഴുതിയിരിക്കുന്നു. പക്ഷേ ആ കണക്കിന് മുകളിൽ ടീച്ചർ ചുവപ്പ് മഷി കൊണ്ട് വെട്ടി മാർജിനിൽ പൂജ്യം മാർക്കാണ് കൊടുത്തിരിക്കുന്നത്.

"ഇത് തെറ്റാണോ മുത്തശ്ശാ, ഇതിൽ എവിടെയാ തെറ്റിയിരിക്കുന്നത് ?" എന്ന് നിഷ്കളങ്കതയോടുകൂടി ചോദിച്ചു ജനനി.

"അതാണ് മോളെ എനിക്കും മനസ്സിലാവാത്തത്." എന്ന് പറഞ്ഞ് മുത്തശ്ശനും ചിന്താമഗ്നനായി. മുത്തശ്ശൻ അടുത്തദിവസം ലീവെടുത്ത് ജനനിയുടെ സ്കൂളിലേക്ക് പോയി. അവളുടെ കണക്ക് ടീച്ചറെ സ്വകാര്യമായി കണ്ട് ജനനിയുടെ ഉത്തരകടലാസ് എടുത്ത് തുറന്ന് കാണിച്ചുകൊടുത്തു.

"ഇതിലെന്താ മേഡം തെറ്റ് ?" മുത്തശ്ശൻ ടീച്ചറോട് ചോദിച്ചു

ടീച്ചർ ഉത്തരകടലാസ് കൈയിൽ വാങ്ങാതെ തന്നെ കണ്ണുകൊണ്ട് ഒറ്റ നോട്ടത്തിൽ വായിച്ചെടുത്തു.

"ഓ... ഇതാണോ !" എന്ന് ടീച്ചർ അലക്ഷ്യത്തോടെ ചോദിച്ചു.

"ഇതിലെന്താ ടീച്ചർ തെറ്റുള്ളത് ?"

"ഇത് തെറ്റാണ്."

"നിങ്ങളോട് ആ തെറ്റെന്താണെന്നാ ഞാൻ ചോദിച്ചത്."

"പറയാം. ഈ കണക്ക് ഞാൻ തന്നെ ക്ലാസ്സിൽ പലതവണ ചെയ്ത് കാണിച്ചുകൊടുത്തതാണ്.'

"എങ്ങനെ ?"

"ഒരാഴ്ചയ്ക്ക് 7 ദിവസമെങ്കിൽ രണ്ടാഴ്ചയ്ക്ക് 2 x 7 = 14."

"ശരി. പക്ഷെ 7 x 2 = 14 എന്ന് കുട്ടി ശരിയായി മറുപടി എഴുതിയിട്ടുണ്ടല്ലോ. അപ്പോൾ ഇതെങ്ങനെ തെറ്റാകും ?"

"സാർ, ഇത് തെറ്റ് തന്നെയാണ്. ക്ലാസ്സിൽ ഞങ്ങൾ എങ്ങനെയാണോ പറഞ്ഞുകൊടുക്കുന്നത് അതുപോലെത്തന്നെ ഉത്തരം എഴുതണം. 2 x 7 = 14 എന്ന് ഞങ്ങൾ പറഞ്ഞ് കൊടുത്തിട്ടുണ്ടാകുമ്പോൾ 7 x 2 = 14 എന്ന് ആ കുട്ടി എഴുതിയത് തെറ്റ് തന്നെയാണ്."

"ടീച്ചറേ, ഇത് വളരെ അന്യായമാണ്. ഞാൻ ഈ വിഷയം പ്രിൻസിപ്പാളോട് പരാതിപ്പെടേണ്ടിവരും" മുത്തശ്ശൻ ക്ഷുഭിതനായി.

"Please do it" എന്ന് അലക്ഷ്യമായി ടീച്ചർ മറുപടി പറഞ്ഞു.

മുത്തശ്ശൻ പ്രിൻസിപ്പാളെ കാണാൻ ചെന്നു. പ്രിൻസിപ്പാൾ താൻ ഇട്ടിരുന്ന കണ്ണട ഊരി ഹ്രസ്വ ദൃഷ്ടിക്ക് ഉപയോഗിക്കുന്ന കണ്ണട എടുത്തിട്ടശേഷം ആ ചോദ്യപേപ്പറും ഉത്തരകടലാസും മാറി മാറി നോക്കി. അതിനുശേഷം മുത്തശ്ശൻ പറഞ്ഞ കാര്യങ്ങളെല്ലാം ക്ഷമയോടുകൂടി കേട്ടു. ശരി ഞാൻ അന്വേഷിക്കാം എന്ന് പറഞ്ഞുകൊണ്ട് ജനനിയുടെ കണക്ക് ടീച്ചറെ പ്രിൻസിപ്പാൾ തന്റെ ഓഫീസ് മുറിയിലേക്ക് വിളിച്ചുവരുത്തി. ആ വിളി പ്രതീക്ഷിച്ചിരുന്ന ടീച്ചർ ക്ലാസ്സിൽ പറഞ്ഞ് കൊടുക്കുന്ന കണക്ക് നോട്ടുബുക്കുമായി വന്നു.

"ഇതെന്താ ടീച്ചറേ പ്രശ്നം ?" പ്രിൻസിപ്പാൾ ചോദിച്ചു.

"സാർ, ഞാൻ ഈ കണക്ക് ക്ലാസ്സിൽ കുട്ടികൾക്ക് പലതവണ ചെയ്തുകാണിച്ച് കൊടുത്തിട്ടുണ്ട്." ടീച്ചർ നോട്ടുബുക്ക് തുറന്ന് ആ കണക്ക് പ്രിൻസിപ്പാളിന് കാണിച്ചുകൊടുത്തു. "പക്ഷേ ഈ കുട്ടി അതുപോലെ പരീക്ഷയ്ക്ക് എഴുതിയിട്ടില്ല."

"എന്നുവച്ച് 7 X 2 = 14 എങ്ങനെ തെറ്റായി പോകും ?" മുത്തശ്ശൻ ദേഷ്യഭാവത്തിൽ ചോദിച്ചു.

"അങ്ങനെയല്ല സാർ, ഒരു വിദ്യാർത്ഥി ക്ലാസ്സിൽ എത്രമാത്രം ശ്രദ്ധ ചെലുത്തുന്നുണ്ടെന്ന് പരിശോധിക്കാനും കൂടിയുള്ള വിദ്യയാണ് ഈ കണക്ക്." ടീച്ചർ പറഞ്ഞു.

"സോറി സാർ, നിങ്ങളുടെ കുട്ടി ക്ലാസ്സിൽ ശരിക്കും ശ്രദ്ധിക്കുന്നില്ല എന്നത് ഇതിൽനിന്നും ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അതുകൊണ്ട് ഇനിയെങ്കിലും അവളുടെ കാര്യത്തിൽ നിങ്ങളും ഒന്ന് ശ്രദ്ധിക്കുന്നത് നന്നായിരിക്കും." പ്രിൻസിപ്പാൾ മുത്തശ്ശന് ഉപദേശം നല്കി. അതുകേട്ട മുത്തശ്ശൻ ദേഷ്യം കൊണ്ട് തന്റെ കസേര പുറകോട്ട് തട്ടിമാറ്റി കൊണ്ട് അവിടെനിന്നും എണീറ്റു.

അടുത്ത ദിവസം ആ സ്കൂളിന്റെ മേലധികാരിയെ ചെന്ന് കാണാൻ തീരുമാനിച്ചു മുത്തശ്ശൻ. അദ്ദേഹത്തെ കാണാൻ വേണ്ടി ഓഫീസിന് പുറത്തുള്ള ഒരു ബെഞ്ചിൽ ക്ഷമയോടെ രണ്ട് മണിക്കൂറിലധികം കാത്തിരിക്കേണ്ടിവന്നു. കെട്ടുകെട്ടായി ഫയലുകൾ ഒപ്പിടാനായി അദ്ദേഹത്തിന്റെ മുറിക്കുള്ളിൽ കൊണ്ടുപോകുന്നതും, തിരിച്ച് കൊണ്ടുവരുന്നതും മുത്തശ്ശൻ വിരസതയോടെ കണ്ടുകൊണ്ടിരുന്നു.

ഫയലിന്റെ തിരക്ക് കഴിഞ്ഞ് പുറത്തേക്കിറങ്ങുന്നതിന് മുമ്പായി ഓഫീസർ മുത്തശ്ശനെ അകത്തേയ്ക്ക് വിളിച്ചു. ഓഫീസർ സംസാരിക്കാൻ തുടങ്ങുന്നതിനുമുമ്പായി, എനിക്കൊരു സ്ഥലം വരെ അത്യാവശ്യമായി പോകേണ്ടതുണ്ട്. അതുകൊണ്ട് പറയാനുള്ള കാര്യം അഞ്ച് മിനിറ്റ് കൊണ്ട് പറഞ്ഞവസാനിപ്പിച്ചാൽ വളരെ നന്നായിരുന്നുവെന്ന് മുൻകൂറായി പറഞ്ഞു. മുത്തശ്ശൻ പറയാനുള്ള കാര്യങ്ങളൊക്കെ തിടുക്കത്തിൽ പറയാനാരംഭിച്ചു. അതുകേട്ട ഓഫീസർ ഇടയ്ക്ക് കയറി തടഞ്ഞുകൊണ്ട് "സാർ, ഈ LKG, UKG കാര്യങ്ങളെല്ലാം എന്റെ പരിധിയിൽ വരില്ല."

"ശരി ആയിക്കോട്ടേ, എന്നാലും ഇത് അന്യായമാണെന്ന് നിങ്ങൾക്ക് തോന്നുന്നില്ലേ സാർ ?"

"ഏത് ?"

"കുട്ടി ശരിയായ ഉത്തരം എഴുതിയിട്ടും അതിന് പൂജ്യം മാർക്ക് നല്കിയത്."

"നിങ്ങളുടെ കുട്ടി എഴുതിയത് പൂർണ്ണമായും തെറ്റാണെന്ന് പറയാനാവില്ല. ഭാഗികമായി ശരിയാണ്." അതുകേട്ട മുത്തശ്ശൻ ഒന്നാലോചിച്ച ശേഷം ചോദിച്ചു, "ഇത് ഭാഗികമായി ശരിയാണ് എന്ന കാര്യം നിങ്ങൾക്ക് ഒരു കത്തായി എഴുതി തരാനാകുമോ?"

"ഇതൊക്കെ ഞങ്ങൾക്ക് രേഖാമൂലം എഴുതി തരാനാവില്ല സാർ."

"ഏത് ? 7 x2 = 14 എന്നതോ ?"

"അങ്ങനെയല്ല സാർ, ഒന്നാമത് ഇത് എന്റെ പരിധിക്ക് പുറത്തുള്ള വിഷയമാണ്. രണ്ടാമത്തെ കാര്യം ലക്ഷ്യം മാത്രമല്ല അതിന്റെ വഴികളും ശരിയായിരിക്കണമെന്ന് ഗാന്ധിജി പോലും പറഞ്ഞിട്ടില്ലേ ?"

അതുകേട്ട മുത്തശ്ശൻ ഈ വിഷയം മന്ത്രിതലം വരെ കൊണ്ടുപോകണോ എന്ന് സ്വന്തമായി തീരുമാനിക്കാനായില്ല. ഈ പ്രശ്നം അവിടം വരെ കൊണ്ടെത്തിക്കുന്നതിന് മുമ്പായി ജനനിയുടെ അമ്മയോടും അച്ഛനോടും ഒരുവാക്ക് ചോദിക്കുന്നത് നന്നായിരിക്കുമെന്ന് മുത്തശ്ശന് തോന്നി. വിഷയം ഇവിടംവരെ എത്തിയെന്നറിഞ്ഞാൽ ഒരുപക്ഷേ ഞങ്ങളോട് ചോദിക്കാതെ അച്ഛനെന്തിന് ഇതിൽ ഇടപെട്ടു എന്ന് ദേഷ്യപ്പെടാൻ സാധ്യതയുണ്ട്. അതിന്റെ പാർശ്വഫലങ്ങൾ കുട്ടിക്ക് പിന്നീട് ദോഷം ചെയ്യും. ചിലപ്പോൾ ഇതിനെ ചൊല്ലി അവരെന്നോടും വഴക്കിടാൻ സാധ്യതയുണ്ട്. പക്ഷേ കുട്ടിക്ക് ഇത്രയും വലിയൊരു അന്യായം നടന്നിരിക്കുമ്പോൾ അത് കണ്ടില്ലെന്ന് നടിക്കാൻ മാത്രം തന്റെ വികാരങ്ങൾ നഷ്ടപ്പെട്ട് പോയിട്ടില്ല എന്ന് മുത്തശ്ശൻ മനസ്സിൽ മന്ത്രിച്ചു. രാത്രി എല്ലാവരും കൂടി ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോൾ ആ വിഷയം മുത്തശ്ശൻ അവതരിപ്പിച്ചു.

അവളുടെ ടീച്ചർ പറയുന്നത് തെറ്റായിരിക്കാം പക്ഷേ അവർ ക്ലാസ്സിൽ പഠിപ്പിച്ചതുപോലെ പരീക്ഷ എഴുതിയാൽ ഇവൾക്കെന്താ കുഴപ്പം എന്ന് ചോദിച്ചു ജനനിയുടെ അച്ഛൻ. എന്തുകൊണ്ട് അവൾ അങ്ങനെ എഴുതിയില്ല എന്നു ചോദിച്ചു അവളുടെ അമ്മ. അവളെത്തന്നെ വിളിച്ച് ചോദിക്കാമെന്നുപറഞ്ഞു മുത്തശ്ശൻ.

"ജനനീ...ജനനീ..." അല്പം അരിശത്തോടെ വിളിച്ചു അവളുടെ അച്ഛൻ.

"യെസ് ഡാഡി" എന്ന് പറഞ്ഞുകൊണ്ട് ഓടിവന്നു അവൾ.

"ജനനി, ഒരാഴ്ചയ്ക്ക് ഏഴ് ദിവസമെങ്കിൽ രണ്ടാഴ്ചയ്ക്ക് എത്ര ദിവസം ?"

ടീച്ചർ പറഞ്ഞുതന്ന കണക്ക് അച്ഛനെന്തിനാണ് ഇപ്പോൾ ചോദിക്കുന്നതെന്നറിയാതെ ആശയക്കുഴപ്പത്തിലായ അവൾ മിഴിച്ചുകൊണ്ട് പതിനാല് എന്ന് ഉത്തരം പറഞ്ഞു.

"അതെങ്ങനെ ?"

"ഏഴ് ഗുണിക്കണം രണ്ട് സമം പതിനാല്."

"ഏഴ് ഗുണിക്കണം രണ്ട് നിനക്കെങ്ങനെ കിട്ടി ?"

"ഒരാഴ്ചയ്ക്ക് 7 ദിവസം എങ്കിൽ രണ്ടാഴ്ച്ചയ്ക്ക് എത്ര ദിവസം എന്നല്ലേ ചോദ്യം. അപ്പോൾ 2 x 7 = 14 എന്നതല്ലേ ശരി ?"

"അല്ല അച്ഛാ, ഒരാഴ്ച്ച എന്നത് ഒരു ഞായർ, ഒരു തിങ്കൾ, ഒരു ചൊവ്വാ, ഒരു ബുധൻ, ഒരു വ്യാഴം, ഒരു വെള്ളി, ഒരു ശനി എന്ന് വിരൽ വിട്ട് എണ്ണാൻ തുടങ്ങി. അങ്ങനെ 7 ദിവസം. ഓരോ ആഴ്ച്ചകളും രണ്ട് തവണ വരുന്നതുകൊണ്ട് 7 x 2 = 14 എന്നെഴുതിയതെന്ന് അവൾ പറഞ്ഞു.

"ഗ്രേറ്റ്" എന്ന് പ്രശംസിച്ചു മുത്തശ്ശൻ. "ഇതാണ് വ്യത്യസ്തമായ ചിന്ത. ക്ലാസ് കുട്ടികൾ മുഴുവനും ടീച്ചർ ഇട്ടുകൊടുത്ത പാതയിൽ കുതിരയ്ക്ക് കണ്ണ് കെട്ടിവിട്ടതുപോലെ സഞ്ചരിക്കുമ്പോൾ അവൾ സ്വയമായി ചിന്തിച്ച് ഈ കണക്ക് ചെയ്തിരിക്കുന്നു. ഇതാണ് ക്രിയേറ്റിവിറ്റി. മിടുക്കിയാടി നീ." ഉത്സാഹത്തിൽ രോമാഞ്ചം പൂണ്ടു മുത്തശ്ശൻ.

"അച്ഛൻ ഇത് കണ്ട് സന്തോഷപ്പെടരുത്. സത്യത്തിൽ ഇത് വ്യസനപ്പെടേണ്ട ഒരു കാര്യമാണ്."

"നീ എന്താടാ ഈ പറയുന്നത് ?"

"അച്ഛാ, ഇവൾ ഒരു പെൺകുട്ടിയാണെന്നത് നിങ്ങൾക്കോർമ്മ വേണം. പറഞ്ഞുകൊടുത്തത് പോലെയല്ലാതെ വിഭിന്നമായി സ്വയം ചിന്തിക്കുന്ന കുട്ടിയായാൽ ഭാവിയിൽ അവൾ വലുതാവുമ്പോൾ ഒരുപാട് ചോദ്യങ്ങൾ ചോദിക്കും. ഇതുവരെ സമൂഹത്തിൽ നിലനിൽക്കുന്ന പല സമ്പ്രദായങ്ങളേയും, വിശ്വാസത്തേയും അവൾ ചോദ്യം ചെയ്യും. ആ വിഭിന്ന ചിന്താഗതി കാരണം അവൾ ഒരുപാട് വേദനകൾ അനുഭവിക്കേണ്ടിവരും. ഈ നാടുമായും സമൂഹവുമായും പൊരുത്തപ്പെടാതെ ജീവിക്കാൻ തുടങ്ങിയാൽ അത് അവൾക്കും പ്രയാസമാണ്. മറ്റുള്ളവർക്കും തലവേദനയാകും. അതുകൊണ്ട് ക്ലാസ്സിൽ ടീച്ചർ എങ്ങനെയാണോ പഠിപ്പിച്ചുതരുന്നത് നീ അതേപടി കണക്ക് ചെയ്താൽ മതി. അതല്ലാതെ നീ നിന്റെ ഇഷ്ടാനുസരണം കണക്ക് ചെയ്യാൻ ശ്രമിക്കണ്ട. മനസ്സിലായോ ?" ഈർഷ്യയോടെ പറഞ്ഞുകൊണ്ട് ജനനിയുടെ അച്ഛൻ ഡൈനിങ്ങ് ടേബിളിൽ നിന്നും എണീറ്റു.

ഒരുനിമിഷം ജനനിയെ കണ്ണെടുക്കാതെ നോക്കിയിരുന്ന മുത്തശ്ശൻ അവളെ വാരിപ്പുണർന്നു. മുത്തശ്ശന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

●



ഏഴംകുളം മോഹൻകുമാർ
9447743242

# ചന്തകൾ... ചന്തകൾ...

**ആ**ഴ്ചച്ചന്തകളും അന്തിച്ചന്തകളും ഒരു കാലത്ത് നാട്ടുമ്പുറങ്ങളുടെ അഭിമാനവും ഐശ്വര്യവുമായിരുന്നു. കർഷക കുടുംബങ്ങൾ ഏറെയുണ്ടായിരുന്ന പഴയകാലത്ത് ആഴ്ചച്ചന്തകൾക്കായി ഗ്രാമവാസികൾ കാത്തിരിക്കും. തലേദിവസം വൈകീട്ടോ അതി രാവിലെയോ കാർഷിക ഉല്പന്നങ്ങൾ തയ്യാറാക്കി അത് തലച്ചുമടായാണ് ചന്തകളിൽ എത്തിക്കുന്നത്, വാഴക്കുല, കപ്പ (മരച്ചീനി), പച്ചക്കറികൾ, ചേന, കാച്ചിൽ, ചേമ്പ് എല്ലാം ചന്തകളിൽ നിറയും. ഒരുപ്രത്യേക ഭാഗത്ത് മീൻകച്ചവടം തകൃതിയായി നടക്കും.

ദൂരെ നിന്നും കൂടുതൽ സാധനങ്ങളുമായി കാളവണ്ടികൾ വരുന്നത് അന്നൊരു സാധാരണ കാഴ്ചയായിരുന്നു. മെറ്റൽ റോഡിലൂടെ വണ്ടിച്ചക്രങ്ങളുടെ കടകട ശബ്ദം കേട്ടാണ് ആഴ്ചച്ചന്ത ദിവസങ്ങളിൽ രാവിലെ ഉണരുന്നത്. വെളിച്ചത്തിനായി വണ്ടിയുടെ താഴെ ഒരുറാന്തൽ വിളക്ക് തൂങ്ങുന്നുണ്ടാകും. വണ്ടിക്കാരന്റെ ചാട്ടവാർ അന്തരീക്ഷത്തിൽ ചലനം സൃഷ്ടിക്കും. ഭാരം വലിക്കാൻ മടികാട്ടുന്ന കള്ളക്കാളകളെ നേരിടാനുള്ള വൈദഗ്ധ്യം ചില വണ്ടിക്കാർക്കുണ്ട്.

സാധനങ്ങൾ തലച്ചുമടായി കൊണ്ടുപോകുന്നവർ അതുവിറ്റ് വീട്ടാവശ്യങ്ങൾക്കുള്ള സാധനങ്ങളുമായി ഉച്ചയ്ക്കു മുമ്പ് വീട്ടിലെത്തും. പ്രധാന നിരത്തുകൾ വിട്ട് എളുപ്പവഴി തേടി ഊടുവഴികളിലൂടെയും വയൽ വരമ്പിലൂടെയുമാകും അവരുടെ യാത്ര.

ചന്തകൾ സൗഹൃദത്തിന്റേയും കൂട്ടായ്മയുടേയും ഇടം കൂടിയായിരുന്നു. പലരും വിശേഷങ്ങൾ പങ്കുവയ്ക്കാനുള്ള ഇടമായി ചന്തയിൽ വരുന്നതു കണ്ടിട്ടുണ്ട്. വിലപേശലും ചെറിയ വഴക്കും കാക്കയും പട്ടിയും എല്ലാം കൂടിച്ചേരുമ്പോൾ ചന്തകൾ ബഹളമയമാകും.

ഗ്രാമങ്ങൾ നഗരത്തിന്റെ ചുവടുപിടിക്കുകയും കർഷകർ കുറയുകയും കച്ചവടസ്ഥാപനങ്ങൾ ഏറുകയും ചെയ്തതോടെ ചന്തകളുടെ പ്രാധാന്യം കുറഞ്ഞു. സാധനങ്ങൾ വീട്ടുപടിക്കൽ ഇന്ന് എത്തുന്നത് മറ്റൊരു കാരണമാണ്. ഇന്ന് കാർഷികവിഭവങ്ങൾ വില്ക്കാനില്ല, വാങ്ങുക മാത്രമാണു ചെയ്യുന്നത്. ആഴ്ചച്ചന്തകളും അന്തിച്ചന്തകളും ഇന്നും ചിലസ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുവെങ്കിലും ജനപങ്കാളിത്തവും കൂട്ടായ്മയും വളരെക്കുറവാണ്. നഗരവൽക്കരണവും ജീവിതസാഹചര്യങ്ങളിലുണ്ടായ മാറ്റവും ചന്തകളേയും ബാധിച്ചു എന്നു കരുതിയാൽ മതി.

●



# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## പ്രതിഭാസം.

എടാ... ഈ പ്രണയം ഒരു പ്രതിഭാസമാണെടാ. അതുവരെ നമ്മുടെ ആരുമല്ലാത്ത, ഒരുപക്ഷേ അതിനു മുമ്പ് നമ്മളെയറിയാത്ത ഒരാൾക്ക് നമ്മൾ ഏറ്റവും പ്രിയപ്പെട്ടവനാകുന്ന അത്ഭുത പ്രതിഭാസം.

കണ്ണടച്ച് ഒരു പ്രത്യേകലോകത്തിൽ ലയിച്ചാണ് അവനതു പറഞ്ഞത്.

കണ്ണുതുറന്ന് പ്രായോഗിക ലോകത്തിൽ ഉറച്ച് കൂട്ടുകാരന്റെ മറുപടി വന്നു.

സത്യം. അതോടൊപ്പം തന്നെ അതുവരെ നമുക്ക് ആരുമല്ലാത്ത ഒരുപക്ഷേ അതിനുമുമ്പ് നമ്മളെ അറിയാത്ത കുറേപേർക്ക് ഏറ്റവും വെറുക്കപ്പെട്ടവനായും മാറുന്ന അത്യത്ഭുത പ്രതിഭാസം.

## മനസ്സിലിരുപ്പ്

"എടാ ഞങ്ങളെ പോലല്ല നീ, പുലിയാണ് പുലി. ഇത് ഞാൻ മനസ്സിൽ വെക്കില്ല. വിളിച്ച് പറയും ഉറക്കെയുറക്കെ. ഈ നാട്ടുകാരെ കൊണ്ട് മുഴുവൻ അത് അംഗീകരിപ്പിക്കും."

"എന്നിട്ട് വേണം കെണി വെച്ച് പിടിച്ച് കാട്ടിൽ കൊണ്ടുപോയി വിടണത് നിനക്ക് കാണാൻ അല്ലേ. അതങ്ങ് മനസ്സിൽ വച്ചേക്ക് ട്ടൊ."

## അനുസ്മരണം

"എടാ കല്യാണമൊക്കെ കഴിഞ്ഞശേഷം പഴയ പോലെയൊന്നുമല്ല. സാമ്പത്തികമായി യാതോരു ബുദ്ധിമുട്ടുമില്ല. ഞാനിപ്പോൾ ജോലിക്കൊന്നും പോണില്ല. മിക്കവാറും അവരടെ വീട്ടിൽ തന്നെ. അവിടെ ഒരാളായിട്ടങ്ങനെ. ഇടക്കൊന്നിവിടെ വന്നുപോകും അത്ര തന്നെ. അതല്ലെടാ ഞാൻ ആലോചിക്കുന്നത്. ഇവിടെവെച്ച് എന്റെ അച്ഛന്റെ ഒരു അനുസ്മരണം അങ്ങോട്ട് സംഘടിപ്പിച്ചാലോ എന്നാ. ഒരു നാലഞ്ചാളെ പ്രസംഗിക്കാനൊക്കെ കൊണ്ടുവന്നാൽ അവര് നല്ലത് പറഞ്ഞോളും. ഭാര്യ വീട്ടുകാരുടെ ഇടയിലൊക്കെ അതൊരു പേരുമാകും എന്തേ..."

"അതിപ്പൊ പരിചയമില്ലാത്തോരെ പ്രസംഗിക്കാൻ വിളിച്ചാൽ അവര് ചിലപ്പൊ നല്ലതൊക്കെ പറഞ്ഞു എന്ന് വരും അതോണ്ടായില്ലല്ലോ. പരിചയക്കാര് എത്രങ്ങാനും ണ്ട്. അതാലോചിക്കണ്ടേ. ഇപ്പൊ ആൾക്കാരൊക്കെ ഏകദേശം മറന്നു തുടങ്ങി നിന്റെയച്ഛനേയും മൂപ്പരടെ.... ഇനി അനുസ്മരണം നടത്തി വീണ്ടും അതൊക്കെ ഓർമ്മിപ്പിച്ച് ചർച്ചയാക്കി... മരിച്ചു പോയോടത്തെങ്കിലും സൈ്വരായിട്ട്..."

●

■ കവിത

# അത്രമേൽ പ്രിയങ്കരിയുടെ എഴുത്തിലെ നിഗൂഢതകൾ തിരയുന്നവൻ


**തുളസി കേരളശ്ശേരി**
**9526144499**




അത്രമേൽ പ്രിയങ്കരിയായൊരു
പെണ്ണെഴുതുമ്പോൾ,
അവളുടെ
സ്നേഹാക്ഷരക്കൂട്ടുകൾ
നിറങ്ങളിൽ നീരാടി
നൃത്തം ചെയ്യുന്നതായവനു തോന്നും
ഓരോ വരിയും അവളുടെ മനോഹരമായ
കടാക്ഷമെറിയും
ഓരോ വാക്കും
ചുംബനകുങ്കുമമേകി
ചുണ്ടിലുലാത്തും
അതിൽപുളകിതനായി
അവയോരോന്നും
പേർത്തും ചേർത്തും വച്ച്
ആന്തരാർത്ഥങ്ങൾ ചികയും
ഇടയ്ക്കെങ്ങാനും
പൊട്ടും പൊടിയുമായ്ക്കിടക്കുന്ന
ആശ്ചര്യചിഹ്നത്തിലോ
കുത്തിലോ കോമയിലോ,
അനന്തവും അഗാധവുമായ
പ്രണയത്തെ കണ്ടുപിടിച്ച്
പൊട്ടിച്ചിരിക്കും
നൃത്തം ചെയ്യും
പിന്നെ പതിയെ
മറ്റാരോടോ
സംഭവിച്ചുപോയൊരു
പ്രണയത്തിൻെറ
ആത്മാവിഷ്കാരമോ എന്നന്വേഷിക്കും
അല്ലെന്നറിഞ്ഞാൽ ഉന്മാദിയെപ്പോലെ
ആർത്തു ചിരിക്കും
കുത്തിയൊഴുകുന്ന പ്രണയനദിയിൽ മുങ്ങിനിവരും
ഒടുവിൽ,
കവിയെയല്ല കവിതയെമാത്രം വായിക്ക്
എന്ന വ്യാഖ്യാനവുമായി അവളെത്തുമ്പോൾ,
അവൾക്കു പരിഭാഷപ്പെടാത്തത്ര
തീവ്രവും ദീപ്തവുമായ ഭാഷയിൽ,
വരണ്ടുണങ്ങി വിചിത്രമാംവിധം
വിറങ്ങലിച്ചുപോയ
അതേ നദിക്കരയിലിരുന്ന് വിലാപകാവ്യമെഴുതും
അതെ,
അത്രമേൽ പ്രണയമുള്ളവനു മാത്രം
എഴുതാനാവുന്ന സ്നേഹകാവ്യം.!

■ കഥ



# പിതൃയാനം


**സുഗുണ സന്തോഷ്**
**9843320445**


**എ**ന്തോ ഒരു ചെറിയ ഒച്ചപ്പാടാണ് പ്രകാശനെ ഉറക്കത്തിൽ നിന്നും ഉണർത്തിയത്. കണ്ണുകൾ തിരുമ്മി മൊബൈലിൽ നേരം നോക്കി. മണി ആറ് ആവാറായി. അയാൾ എഴുന്നേറ്റ് റൂമിൽ നിന്നും പുറത്തുവന്നു. അമ്പലത്തിൽ കാനനവാസ... എന്ന ഭക്തിഗാനം പാടുന്നുണ്ട്. ഉമ്മറത്തെ പ്ലാവിന്റെ ചില്ലകളിൽ കിളിയും, കാക്കകളും മൽസരിച്ച് ശബ്ദമുണ്ടാക്കുന്നു. ഭാര്യ രതിയുടെ മുറ്റത്തെ പൂന്തോട്ടത്തിൽ ചുമന്ന റോസാപൂക്കൾ വിരിഞ്ഞ് മഞ്ഞുതുള്ളികളേന്തി നിൽക്കുന്നു. മഞ്ഞിന്റെ പുതപ്പുമാറ്റി ഒരു പുലരി ഉണരാൻ തുടങ്ങുന്നു.

**ആ കാഴ്ചകളിൽ തലേന്നാളത്തെ ബഹളവും ഒ**ച്ചപ്പാടും ഒക്കെയും ആ പുലരി മഞ്ഞുപോലെ ലയിച്ച് ഇല്ലാതായി. പഴയൊരു തറവാടാണ്, പ്രകാശന്റേത്. കുറേ മുറികളും തളങ്ങളും ഉള്ള വലിയ വീട്. അയാൾ അടുക്കളയിലേക്ക് നടന്നു.

“രതീ... ചായ ആയോ?” അവളുടെ നോട്ടം പന്തിയല്ല. ഒന്നും പുതിയതല്ല. പ്രകാശന് കാര്യങ്ങൾ വ്യക്തമാണ്. “എന്താ..രാവിലെ തന്നെ തുടങ്ങിയോ?”

അവൾ അലറി, “കണ്ടോ, അപ്പൊഴും ഞാനാകുറ്റക്കാരി. ഇവിടെ ഞാൻ വേണോ അയാൾ വേണോന്ന് പ്രകാശേട്ടൻ ഇപ്പൊ തീരുമാനിക്കണം.‘

പ്രകാശൻ തലയ്ക്ക് കൈ കൊടുത്ത് ഡൈനിംങ് ടേബിളിൽ ഇരുന്നു. ഇന്നലെ ഒരു വിധത്തിലാണ് അവളെ പറഞ്ഞ് സമാധാനിപ്പിച്ച് കിടത്തിയത്. ഇന്നിതാ വീണ്ടും. ചായഗ്ലാസ് അൽപ്പം ഗൗരവത്തോടെ അയാൾക്ക് മുന്നിൽ ആഞ്ഞു പതിച്ചു.

ഇല്ല അവളേയും കുറപ്പെടുത്താനാവില്ല. അവൾക്ക് ഇഷ്ടമായിരുന്നു അച്ഛനെ. അവൾ നേരത്തിന് ഭക്ഷണവും കൊടുത്തിരുന്നു. അത് അവളുടെ മുന്നിൽ വച്ച് തന്നെ കൊട്ടിക്കളയും, പിന്നെ ചീത്ത വിളിയും. എത്രയാന്നു വെച്ച ഒരു പെണ്ണ് സഹിക്കുന്നത്. മുകളിൽ നിന്നും നല്ല ഭരണിപാട്ടുകൾ തുടങ്ങി. കേട്ടിരിക്കാൻ പ്രകാശന് തന്നെ കഴിഞ്ഞില്ല.

“അച്ഛൻ ഒന്ന് നിർത്തുന്നുണ്ടോ?” പ്രകാശൻ ഉറക്കെ അലറി.

“അതേടാ, നീ ഭാര്യയെ താങ്ങി...”

“മം... കേട്ടോ, പുന്നാര അച്ഛന്റെ സാഹിത്യം. മോളിലോട്ട് ചെല്ല് രാവിലെ തന്നെ ചുരുട്ട് കത്തിച്ച് വലിയ്ക്കുന്നുണ്ട്. വാർധക്യ പെൻഷൻ ഉണ്ടല്ലോ, അവിടെ മുഴുവൻ സിഗരറ്റ് കുറ്റികളാ, റൂമിലാ മൂത്രമൊഴിക്കുന്നത്. താഴെ നാറിയിട്ട് ഭക്ഷണം ഇറങ്ങുന്നില്ല. എത്രയാന്ന് വെച്ചാ സഹിക്ക.”

അവളുടെ കണ്ണുകൾ നിറയുന്നത് കണ്ട് പ്രകാശന് വല്ലാതെ വിഷമം തോന്നി. അയാൾ അവളോട് പ്രതികരിച്ചില്ല. മൂന്ന്, നാല് വർഷമായി അച്ഛന് ബുദ്ധിക്ക്

സ്ഥിരതയില്ലാതായിട്ട്. അത്രയും കാലമായി തന്റെ ജീവിതവും ഇതുപോലെ സ്വസ്ഥതയില്ലാതായിട്ട്. ആ വലിയ വീടിന്റെ മുകളിലത്തെ നിലയിലും ധാരാളം റൂമുകൾ ഉണ്ട്. തങ്ങൾക്കും ബുദ്ധിമുട്ടില്ല എന്നു കരുതിയാണ് അവിടെ ഇരുത്തിയത്.

നല്ല കാലം മുഴുവൻ മദ്യപിച്ചു തീർത്തു. യാതൊരു സുഖവും അനുഭവിക്കാതെയാണ് അമ്മ കാൻസർ വന്ന് മരിച്ചത്. ഒരു പെങ്ങൾ ഉള്ളത് വിധവയായപ്പോൾ സാമ്പത്തികവും പ്രാരാബ്ധവും പറഞ്ഞ് അവളും അച്ഛനെ കൈയ്യൊഴിഞ്ഞു. അവളേയും കുറ്റപ്പെടുത്താനാവില്ല. അവളും തന്നാലാവും വിധം നോക്കി, ഇല്ലെന്ന് പറയാനാവില്ല. ഉണ്ടായിരുന്ന നാലഞ്ച് ജോഡി ഡ്രസ്സിന്റെ കൂടെ അവൾടെ മോന്റെ വില കൂടിയ രണ്ട് മൂന്ന് ഷോട്സുകളും അടക്കം കെട്ടിട തൊഴിലാളിക്ക് നൂറു രൂപക്ക് വിറ്റു. വയസ് എൺപത് കഴിഞ്ഞെങ്കിലും എല്ലായിടത്തും നടന്നെത്തും.

കഴിഞ്ഞ ആഴ്ച, പ്രമുഖ ബാങ്കിൽ കയറി മേനേജറെ കണ്ട് ജോലി ആവശ്യപ്പെട്ടതുകൊണ്ട് അദ്ദേഹം ഓഫീസിൽ മീറ്റിങ്ങിലായിരുന്ന തന്നെ വിളിച്ച് ചീത്ത പറഞ്ഞു. ഊണു കഴിക്കുന്ന പ്ലേറ്റുമെടുത്ത് കടകളിൽ ചെന്ന് ഭക്ഷണം ചോദിച്ചത് നാട്ടിൽ പാട്ടായി. മാനക്കേടുമായി. ഈ അന്തരീക്ഷത്തിൽ പഠിക്കാൻ കഴിയാത്തതുകൊണ്ടാണ് രതിയ്ക്ക് തീരെ താൽപര്യമില്ലാഞ്ഞിട്ടും ഒറ്റ മോനെ ഹോസ്റ്റലിൽ ആക്കേണ്ടിവന്നത്. കാണുന്നവരോടൊക്കെ കാശ് കടം വാങ്ങിക്കും. വാങ്ങാത്ത കാശ് കടം വാങ്ങി എന്ന് പറഞ്ഞ് ചിലർക്ക് കൊടുക്കും.

അങ്ങിനെ പറഞ്ഞാൽ തീരാത്ത അത്രയും മാനക്കേടുകൾ അച്ഛനെ കൊണ്ട് അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അനുഭവിയ്ക്കുന്ന മാനസീകാവസ്ഥ അറിയാതെ, കഥയറിയാത്ത കുറെ നാട്ടുകാർ അച്ഛനെ നല്ല പോലെ നോക്കാൻ ഉപദേശങ്ങൾ ഇടയ്ക്ക് തരുന്നുണ്ട്. എന്തുതന്നെയാണെങ്കിലും ചെറുപ്പത്തിൽ മക്കളെ അച്ഛൻ സ്നേഹിച്ചിരുന്നു.

ഇല്ല, ഇനിയും വയ്യ ഇതിനൊരു തീരുമാനമുണ്ടാക്കണം. എല്ലാം പരിധി താണ്ടി നിൽക്കുന്നു. ഇനിയും മൗനം പാലിച്ചാൽ തന്റെ കുടുംബം കൂടി കൈവിട്ട് പോകും. അയാൾ പതിയെ മുകളിലേക്ക് ചെന്നു. രതി പറഞ്ഞറിഞ്ഞതിനേക്കാൾ മോശമായിരുന്നു ആ മുറിയുടെ അവസ്ഥ. വൃത്തികെട്ട ചൂരും ചുറ്റുപാടും. പ്രകാശന് മനം പിരട്ടാൻ തുടങ്ങി.

അയാൾ അച്ഛനരികിൽ ചെന്നു നിന്നു. ഒരു തുണ്ടു തുണി പോലും ഇല്ലാതെയാണ് അയാൾ ആ കട്ടിലിൽ ഇരുന്നിരുന്നത്. രതി ഷെൽഫിൽ സൂക്ഷിച്ചുവച്ചിരുന്ന പുതിയ പാത്രങ്ങൾ ഒക്കെ എടുത്ത് അതിലൊക്കെ കഫം തുപ്പിവെച്ചിരിക്കുന്നു. പഴയൊരു നിലവിളക്ക് ആഷ് ട്രെ ആയിരിക്കുന്നു. സ്വയം നിയന്ത്രിക്കാനാവാതെ പ്രകാശൻ മുഷ്ടി ചുരുട്ടി പിടിച്ചു. ബ്ലഡ്പ്രഷർ കൂടുന്നത് അറിയുന്നുണ്ട്. ദേഷ്യം ഉള്ളിലടക്കി പ്രകാശൻ സംസാരിക്കാൻ തുടങ്ങി.

''അച്ഛൻ ചായകുടിച്ചോ?''

അയാൾ തലയാട്ടി. മകനെ കാണുമ്പോൾ മാത്രം ആ മുഖത്ത് വല്ലാത്തൊരു സ്നേഹമാണ്. നീണ്ട ഇരുപത് വർഷങ്ങൾ ആയി അമ്മ പോയിട്ട്. ആരോടും ഒന്ന് മനസ്സു തുറക്കാനില്ലാതെ എല്ലാവരുടേയും തിരക്കുകളിൽ സ്വയം ഒരു അധികപറ്റായി തോന്നിയതായിരിക്കാം അച്ഛന്റെ ഈ അവസ്ഥക്ക് കാരണം. നിയന്ത്രണമില്ലാത്ത സംസാരരീതിയും, അസഭ്യം പറയലും കാരണം അയാളെ ഒരു വിധേനയും അടക്കിവെക്കാൻ പ്രകാശനും ആയില്ല.

''അച്ഛാ, കുളിച്ച് റെഡിയാവൂ, നമുക്കൊരിടം വരെ പോണം.''

അയാൾ പ്രതികരിച്ചില്ല. അടുത്ത് ചിതറി കിടന്ന സിഗരറ്റിൽ ഒന്നെടുത്ത് കൊളുത്തി. പ്രകാശൻ അത് വാങ്ങി ജനാലയിലൂടെ തൊടിയിലേക്ക് വലിച്ചെറിഞ്ഞു. അയാൾ ദേഷ്യത്തോടെ മകനെ നോക്കി, ചീത്ത വിളിച്ചു. പ്രകാശൻ ഒന്നും പ്രതികരിച്ചില്ല. താഴെ രതിയുടെ ബഹളവും പാഴ്യാരങ്ങളും കേൾക്കുന്നുണ്ട്.

''റെഡിയാവൂ, കുറെ ആയില്ലെ പഴനിക്ക് പോണം ന്ന് പറയുണു? ഇന്ന് പോവാം.''

അയാൾ ഒരു നിമിഷം മൗനമായി. മുഖഭാവം മാറി. വർഷങ്ങളായി കൊണ്ടുനടക്കുന്ന മോഹം സാക്ഷാത്ക്കരിക്കാൻ പോവുന്നു. അതിനെക്കാളേറെ മകനോടൊപ്പം കാറിലെ മുൻസീറ്റിൽ ഇരുന്ന് യാത്ര ചെയ്യുക എന്നത് അയാൾക്ക് ഏറ്റവും ഇഷ്ടമുള്ള കാര്യമാണ്.

''അവൾ.. അവൾ വരുന്നുണ്ടോ? ആ മൂധേവി?''

''ഇല്ല നമ്മൾ രണ്ടുപേർ മാത്രം.''

അയാൾക്ക് സന്തോഷമായി. ഉടുത്ത് ഒരുങ്ങി പതിവുപോലെ തോളിൽ ഒരു വെള്ള തോർത്തിട്ട് കാറിൽ കയറുമ്പോൾ അയാൾ വിജയിച്ചപോലെ രതിയുടെ മുഖത്തേക്കൊന്ന് നോക്കി. ഇത്രയും പറഞ്ഞിട്ടും ഭർത്താവിന്റെ ആ യാത്ര മാനസീകമായി അവളെ വല്ലാതെ വേദനപ്പിച്ചു. കാറിൽ ഒരു രാജാവിനെപ്പോലെ ഞെളിഞ്ഞിരുന്ന് അയാൾ മകനെ ഇടക്കിടെ അഭിമാനത്തോടെ നോക്കി. ഇടയ്ക്ക് തെറിവിളിയും ബഹളവും ഒക്കെ ഉണ്ടായിരുന്നു.

പണ്ട് കുട്ടിക്കാലത്ത് ഭാര്യയും താനും, മകളുമായി പഴനിയ്ക്ക് പ്രകാശനെ മൊട്ടയടിക്കാൻ വന്ന ഓർമ്മകൾ അയവിറക്കി. ചില സമയങ്ങളിൽ അയാളുടെ ഓർമ്മശക്തി പ്രകാശനെ അതിശയിപ്പിക്കാറുണ്ട്. ചില സമയങ്ങളിൽ അതേ ഓർമ്മശക്തി വില്ലനായും കടന്നുവരാറുണ്ട്. വിഞ്ചിൽ ടിക്കറ്റെടുത്ത് അച്ഛ നേയും കൊണ്ട് പ്രകാശൻ മുകളി ലെത്തി.

സ്പെഷ്യൽ ദർശനത്തിന് ടിക്കറ്റ് എടുത്ത് ക്യൂവിൽ നിന്നു. പ്ര തീക്ഷിച്ച തിരക്കില്ല. വേഗം തൊഴുതിറങ്ങി പുറത്തുവന്നു. ആളൊഴി ഞ്ഞ ഒരു സ്ഥലത്ത് ഇരുത്തി. നെറ്റി നിറയെ ഭസ്മക്കുറി ഇട്ടുകൊടു ത്തു. കുറച്ചു പൈസ കയ്യിൽ കൊടു ത്തു.

''ഇത് പിടിക്കൂ. അച്ഛൻ ഇവിടെ ത ന്നെ ഇരിയ്ക്കണം. ഞാൻ പ്രസാദം വാങ്ങി വരാം.''

അയാൾ തലയാട്ടി. ''മോ നെ, പഞ്ചാമൃതം കന്ദ വിലാസിൽ നി ന്ന് വാങ്ങിയാൽ മതി.''

ഒരു മാത്ര അച്ഛന്റെ ഭ്രാന്ത് മാറിയപോലെ തോന്നി പ്രകാശന്. ഇത്രയും പക്വതയോടെ അച്ഛൻ അടുത്തെങ്ങും പെരുമാറിട്ടില്ല. വല്ലാത്ത ഒരു മാനസീകാവസ്ഥയോടെ പ്രകാശൻ തിരിഞ്ഞ് നടന്നു. അൽപ്പം ദൂരെ മാറി നിന്ന് അച്ഛനെ നോക്കി. നിയന്ത്രണമില്ലാതെ നിറ ഞ്ഞൊഴുകിയ കണ്ണുകൾ ആരും കാണാതെ തുടച്ചു. അയാൾ അവിടെ ഇരുന്ന് എന്തോ പിറുപിറുക്കുന്നുണ്ടാ യിരുന്നു. മകൻ നൽകിയ പൈസ ഇടുപ്പിൽ തിരുകി. തോളിലെ തോർത്തെടുത്ത് ഇടുപ്പ് ചുറ്റികെട്ടി. ഇടക്ക് ചുമരുനോക്കി തൊഴുന്നുണ്ടായിരു ന്നു.

നേരം ഉച്ചകഴിഞ്ഞു. തിരിച്ച് ഡ്രൈവ് ചെയ്ത് വീടെത്തണം. എന്തോ ഒരു തെറ്റു ചെയ്തപോലെ പ്രകാശൻ ചുറ്റുമൊന്ന് നോക്കി. പതിയെ ആൾകൂട്ടത്തിലൂടെ നടന്നു. വേഗത്തിൽ പടികൾ ഇറങ്ങാൻ തുടങ്ങി.

പടികളിറങ്ങുമ്പോൾ ഒരച്ഛനും അമ്മയും, രണ്ടു മക്കളും അടങ്ങുന്ന കുടുംബം മുകളിലേക്ക് കയറുന്നു. പെൺകുട്ടിയെ അമ്മ കൈയ്യിൽ പിടിച്ചിട്ടുണ്ട്. മൊട്ടയടിച്ച് ചന്ദനം തേച്ച മകനെ ആ അച്ഛൻ തോളിൽ ഇരുത്തി ഹര ഹരോ ഹര... എന്ന് പറഞ്ഞ് മലകയറുന്നു. പ്രകാശൻ ഒരു മിനിറ്റ് അത് നോക്കിനിന്നു. നിയന്ത്രിച്ചുനിർത്തിയ കണ്ണുനീർ പഴയ ഓർമ്മകളെ തഴുകി ഒഴുകിയിറങ്ങി. കാല് താഴേയ്ക്ക് വയ്ക്കുന്നെങ്കിലും മനസ്സ് മേൽപ്പോട്ട് വലിയ്ക്കുന്ന പോലെ തോന്നി. വലിയൊരു ഭാരം ചുമക്കുന്ന പ്രതീതിയുമായി എങ്ങിനെയൊക്കെയോ പ്രകാശൻ താഴെ ഇറങ്ങി കാറിനരികിലെത്തി.

ഒരു ഭാരം ഒഴിഞ്ഞ സുഖത്തേക്കാൾ എത്രയോ വലുതായിരുന്നു അയാളുടെ മനസ്സിലെ കുറ്റബോധം. ഇറക്കിയ ഭാരത്തേക്കാൾ വലിയൊരു ഭാരം തലയിൽ കയറിയ അവസ്ഥ. ശരീരം കാറിൽ കേറി യാത്ര പുറപ്പെട്ടെങ്കിലും പ്രകാശന്റെ മനസ്സ് അപ്പൊഴും ആ മല മുകളിൽ മകനേയും കാത്തിരിയ്ക്കുന്ന വൃദ്ധനായ അച്ഛനോടൊപ്പം ആയിരുന്നു.

# വകതിരിവ്



**വാസുദേവൻ തച്ചോത്ത്**
9361616688

**ഇ**ന്നത്തെ ചെറുപ്പക്കാരേക്കാട്ടിലും ചുറുചുറുക്കുള്ള 75കാരനായ ഭാസ്കരൻനായർ, താൻ നടത്തിക്കൊണ്ടിരിക്കുന്ന ചെറിയ തോതിലുള്ള പണമിടപാടുകളുടെ കളക്ഷനും, ജനസേവയും കഴിഞ്ഞു ടൂവീലറിൽ വീട്ടിൽ തിരിച്ചെത്തി.

നേരം ത്രിസന്ധ്യ. മുറ്റത്തു നിന്ന്, ഭാര്യ ചന്ദ്രാവതി അമ്മയെ നീട്ടിവിളിച്ചു, "ഒന്ന് ഇങ്ങോട്ട്വരൂ... എത്ര സുന്ദരമായിരിക്കുന്നു, ഇന്നത്തെ പൂർണ്ണ ചന്ദ്രൻ". അകത്ത് പൂജാ മുറിയിൽ വിളക്കു കത്തിച്ചുകൊണ്ടിരിക്കുന്ന ചന്ദ്രാവതിഅമ്മ വല്ലാതെ അത്ഭുതപ്പെട്ടുപോയി. 45ലേറെ വർഷങ്ങൾ കടന്നുപോയ ദാമ്പത്യജീവിതത്തിനിടയിൽ പൂർണ്ണചന്ദ്രനിൽ സൗന്ദര്യം ഒരിക്കലും കണ്ടിട്ടില്ലാത്ത തന്റെ ഭർത്താവിന് ഇന്ന് എന്തുപറ്റി???, പുറത്തുവന്ന ചന്ദ്രാവതിഅമ്മ ഭാസ്കരൻ നായർ വിരൽ ചൂണ്ടിയ ദിശയിൽ നോക്കി, ദേഷ്യം അഭിനയിച്ചുകൊണ്ടുപറഞ്ഞു "ഇന്ന് ഏകാശിയാണ്, ഇന്നെങ്ങനെയാ പൂർണ്ണ ചന്ദ്രനെ കാണാൻപറ്റുക"

"ഓ.. അങ്ങിനെയാണോ..."

ഇതിനിടെ കോലായിൽ എത്തിച്ചേർന്ന ഭാസ്കരൻനായർ പോക്കറ്റിൽ നിന്ന് പതിവുപോലെ കുറച്ചു നോട്ടുകൾ പുറത്തെടുത്തു പത്നിക്കുനേരെ നീട്ടി, പതിനായിരം ഉണ്ട്. ഭർത്താവിന്റെ മുന്നിൽ വെച്ചുതന്നെ പൈസ എണ്ണിനോക്കുന്ന ശീലമുള്ള ചന്ദ്രാവതിഅമ്മ രണ്ടുതവണ എണ്ണിനോക്കിയശേഷം അൽപ്പം ശബ്ദമുയർത്തി പറഞ്ഞു "ഇന്ന് എന്താ നിങ്ങൾക്കു പറ്റിയെ? ഇതിൽ 2000 ഉറുപ്പിയെ ഉള്ളല്ലോ..."

ഭാസ്കരൻ നായർ : "ഞാൻ 20 അഞ്ഞൂറിന്റെ നോട്ടല്ലേ തന്നത്.??"

ചാരുകസേരയിൽ ഉപവിഷ്ഠനായ ഭർത്താവിന്റെ അടുത്ത എത്തിയ ചന്ദ്രാവതി അമ്മ പറഞ്ഞു

"ഇതാ നോക്കിക്കോളു, 100 ന്റെ നോട്ടുകളാ".

മാസത്തിൽ ഒന്നോ രണ്ടോ തവണ സ്മാൾ അടിച്ചു വന്നാൽ അൽപ്പം തമാശ പറയുന്ന സ്വഭാവം ഭാസ്കരൻ നായർക്കുണ്ട്. പക്ഷെ ഇന്നൽപ്പം കൂടിപ്പോയോ എന്ന് ചന്ദ്രാവതിഅമ്മ മനസ്സിൽ നിരീക്കുകയായിരുന്നു. വാതിൽക്കൽ ചുമരും ചാരി നിൽക്കുന്ന ഭാര്യയോട് ഒരു ചോദ്യം

"നീ 9 ക്ലാസ്സ് വരെ പഠിച്ചതല്ലേ, ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്കുള്ള ദൂരെത്ര??"

ഭാര്യ : "ഞാനെന്താ വല്ല ISRO യിൽ നിന്ന് റിട്ടയറായ ശാസ്ത്രജ്ഞയൊ മറ്റോ ആണോ?"

ഭാസ്കരൻ നായർ ഒരു ബീഡിക്ക് തീ കൊളുത്തി കൊണ്ടുപറഞ്ഞു

"ഞാൻ ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ നാരായണൻ കുട്ടി മാഷ് പഠിപ്പിച്ചത് ഇപ്പോഴും എനിക്ക് നല്ല ഓർമ്മയുണ്ട്, മൂന്നു ലക്ഷത്തി എൺപത്തി നാലായിരം കിലോമീറ്റർ."

ചന്ദ്രാവതിഅമ്മ : "അതിനിപ്പോൾ ഞാനെന്തു വേണം??"

ഭാസ്കരൻ നായർ : "ഇത്രയും ദൂരെയുള്ള ചന്ദ്രനെ നിനക്ക് ഇവിടെ നിന്ന് കാണാൻ കഴിയുന്നു, 500ന്റെയും, 100ന്റെയും നോട്ടിനെ തിരിച്ചറിയാൻ കഴിയുന്നു. പിന്നെ എന്തിനാ കണ്ണു ഡോക്ടറെ കാണാൻ പോകണം, കണ്ണട മാറ്റണം എന്നൊക്കെ പറഞ്ഞു എന്നും എന്നെ ഇങ്ങനെ ശല്യപ്പെടുത്തുന്നത്???"

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

1) ഏക തത്ത്വ പുസ്തകം 9 ലക്കം 11 ഒക്ടോബർ 2019 പേജ് 35ലെ കഥ (പ്രവീൺ പുള്ളോട്) 'അംബാനിയും ഞാനും അലാറമും' വളരെ നന്നായിട്ടുണ്ട്. സ്വപ്നമായതിനാൽ വിശദാംശങ്ങളെക്കുറിച്ച് സ്പഷ്ടീകരണം തേടുന്നത് ശരിയല്ലല്ലോ ! കാർ പാലത്തിനു കീഴെ തലകീഴായി കിടന്നിരുന്നതിനാൽ ഡ്രൈവറെ പുറത്തെടുത്ത ശേഷം പിന്നെ 'താഴത്ത്' എവിടേക്ക് പോയി ? 'തുമാരാ നാം ?' എന്നതിനുപകരം മര്യാദയായി 'ആപ്കാ നാം' എന്നായിരുന്നു ഭേദം. ധനകാര്യത്തിൽ 'പിടിത്തം/ പിശുക്ക്' അനുഭവിക്കുന്നവരുടെ 'അറിയാനുള്ള 100ക ഊരിയെടുത്തുള്ള' മാനസിക പ്രതികാരം വളരെ സാധാരണയും ആവശ്യവും തന്നെ ! നാമാവശേഷമാണെങ്കിലും തന്നെ, ഇക്കാലത്ത് തറവാട്ടുപേരിൽ അഭിമാനം ഗുണകരം തന്നെ. ഇത് നമ്മെ നല്ല മാർഗ്ഗം വിടാതിരിക്കാൻ സഹായിക്കും. പേരുകേട്ട ധനികരുമായുള്ള പരിചയത്തെപ്പറ്റി, ഭാര്യാഭർത്താക്കന്മാർ 'മറ്റെ' കക്ഷിയെ അറിയിക്കുന്നതിൽ ഒരുപ്രത്യേക 'ഗമ' യുണ്ട്. അതും സാധാരണം തന്നെ ! വളരെ നന്നായിട്ടുണ്ട്. ശുഭാശംസകൾ !

2) പേജ് 34 അഭിപ്രായവും പ്രതികരണവും(ശ്രീ അലക്സാണ്ടർ മുട്ടത്തുപാടം) ശ്രീ. ഉണ്ണികൃഷ്ണന്റെ 'രാക്ഷസൻ' കഥയെപ്പറ്റി വിമർശനം ഒരുപക്ഷെ അനുചിതവും അനാവശ്യവും ആണോ ? ഒന്നാമത് ഒരു കഥയാണ്. രണ്ടാമത് ഗാന്ധിയൻ വിചാരക്കാരായാലും തന്നെ ക്ഷമയ്ക്ക് ഒരു അതിരുണ്ട്. അത് കടന്നാൽ എന്തും തന്നെ സംഭവിക്കാം. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. 'It is the last straw which breaks the camels' track !' എപ്പോഴാണ് നമ്മുടെ സന്തുലനം അട്ടിമറിയുന്നത് എന്ന് പ്രവചിക്കാനാവുമോ ?

3) കവിത 'ചിതാഗ്നി' യെക്കുറിച്ച് ചില വരികൾ. ആധുനിക ഭൗതികതയുടെ തുടർന്നുള്ള പ്രഹരം താങ്ങാൻ, നിസ്സംഗതയെ വളർത്തിയെടുത്തേ പറ്റൂ ! ഇന്ന് നാം മനസ്സിനെ നിയന്ത്രിക്കാൻ അഭ്യസിക്കാതെ, തീയ്യിനെ പെട്രോൾ ഒഴിച്ച് ഊട്ടിക്കൊടുക്കുകയല്ലെ ചെയ്യുന്നത് ? ഇഷ്ടാനിഷ്ടങ്ങൾ മേൽ പ്രഭുത്വം സ്ഥാപിക്കാൻ ശ്രമിക്കാതെ ഒരു രക്ഷയുമില്ല. മലയാളം പഠിക്കാത്ത ഞാൻ സാധാരണയായി കവിതകൾക്ക് ശ്രദ്ധ കൊടുക്കാറില്ല. പ്രത്യേകിച്ച് ഇന്നത്തെ ചില 'ആധുനിക' കവിതകൾക്ക് !!

എക്കണത്ത് ഈശ്വരന്റെ 'എട്ടംശ പരിപാടി' ഏക തത്ത്വ പുസ്തകം 4 ലക്കം 12, പുസ്തകം 5 ലക്കം 1 (Nov Dec 2014) ഉം, ആവർത്തിച്ച പുസ്തകം 8 ലക്കം 5 ഏപ്രിൽ 2018, ഇതിനെ കുറിച്ചാണ്. എക്കണത്ത് ഈശ്വരന്റെ സരളവും ആസ്വാദകരവും ആയ സുമാർ 18 പുസ്തകങ്ങൾ (English ൽ ആണ്) പാലക്കാട് ഡിസ്ട്രിക്റ്റ് പബ്ലിക് ലൈബ്രറിയിൽ കൊടുത്തത് വായിച്ച്, ചിന്തിച്ച് ഗുണമടയുവാൻ അപേക്ഷ.

എം. എം. മേനോൻ
0491 – 2572939

പ്രിയപ്പെട്ട മുരളി,

ഏക തത്ത്വ ഡിസംബർ ലക്കം കലക്കി – കലക്കി എന്നുപറഞ്ഞാൽ പോര... കല കലക്കി ! രാജാവ് നഗ്നനാണെന്ന് പറയാൻ ചില്ലറ ധൈര്യം പോര. നിഷ്കളങ്കരായ കുട്ടികളും ധീരന്മാരും മാത്രമെ അത്തരമൊരു സാഹസത്തിനു മുതിരൂ !

നമ്മുടെ ഖജനാവ് മെലിയുന്നതിന്റെ കാരണം മുരളി അക്കമിട്ട് നിരത്തിയിട്ടുണ്ട്. രണ്ടും മൂന്നും പെൻഷൻ വാങ്ങുന്നവർ... കേട്ടാൽ ഞെട്ടിപ്പോകുന്ന ഭാരിച്ച തുക പെൻഷനുള്ളവർ, എടുത്താൽ പൊന്താത്ത വേതനവുമായി നാടിനെ സേവിയ്ക്കുന്നവർ, ആർഭാടജീവിതക്കാർ... ഇല്ല ഞാൻ വിശദീകരിയ്ക്കുന്നില്ല. ഒരിയ്ക്കൽ കൂടി മുരളിയുടെ മുഖമൊഴി ഈ അവസ്ഥയും മാറും... വായിക്കുക.

റേഷൻ കാർഡില്ലാത്തവർ, ചേരിപ്രദേശത്ത് പ്ലാസ്റ്റിക് ഷീറ്റ് വലിച്ചുകെട്ടി കുഞ്ഞുകുട്ടികളുമായി കഴിയുന്ന മനുഷ്യക്കോലങ്ങൾ... ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഒരുപാട് ചിത്രങ്ങൾ കൂടി നമുക്ക് പരിചയപ്പെടാനുണ്ട്. ഇതിനെല്ലാം അറുതി വരണ്ടേ ? വരുമായിരിയ്ക്കാം...

എം. എൽ. ശ്യാമളയുടെ 'ഭാഗവതസപ്താഹവും അന്നമഹാദാനവും ആർക്കുവേണ്ടി ? അവരുടെ മനസ്സിൽ തിളയ്ക്കുന്ന 'ലാവ' വായനക്കാർക്ക് അനുഭവപ്പെടും. ഭാരതി ഹരിദാസിന്റെ 'കണ്ണാടി' ഭൂതക്കണ്ണാടി (ഭൂതകാല കണ്ണാടി)യായി അനുഭവപ്പെട്ടു. പുത്തൻ കവിതക്കാർ അരങ്ങ് തകർക്കുന്നു. അശോപ്പി ചേർത്തല ഇപ്രാവശ്യം ഡോക്ടറുടെ റോളിലാണ് – ഡോക്ടറെ വിശ്വസിക്കാമല്ലോ, അല്ലേ ? ടി. വി. നാരായണൻ കുട്ടിയുടെ മലയാളസിനിമാരംഗത്തെ പിന്നണിഗായകരെ പറ്റിയുള്ള ലേഖനം പഠനാർഹം. തീർച്ചയായും സിനിമാപ്രേമികൾക്ക് അതൊരു കരുതൽ ധനം, മുതൽക്കൂട്ട്.

കഥകളും ലേഖനങ്ങളും മറ്റും മറ്റും കരുത്തുള്ളത്. ഏക തത്ത്വ ഈ എഴുത്തുകാരെക്കൊണ്ട് കൂടുതൽ കൂടുതൽ ധന്യമാവട്ടെ ! പറയാൻ വിട്ടു, മുരളീധരൻ കൊല്ലത്തിന്റെ 'അടയാളം' എന്ന കവിത ഹൃദയങ്ങളെ പൊള്ളിയ്ക്കുന്നു. തീക്കവിത ! സ്നേഹത്തോടെ,

മുക്കം ഭാസി
9846138693

പ്രിയപ്പെട്ട മുരളി,

ജനുവരി മാസത്തെ ഏക തത്ത്വയിൽ ശ്രീമതി. എം. എൽ. ശ്യാമള എഴുതിയ 'ഭാഗവത സപ്താഹവും അന്നമഹാദാനവും ആർക്കുവേണ്ടി?' എന്ന ലേഖനം ഏറെ ശ്ലാഘനീയമാണ്. അതിൽ അവർ പറയുന്ന കാര്യങ്ങൾ ശരിയാണുതാനും. എന്തിന് വേണ്ടിയാണോ, ആർക്കുവേണ്ടിയാണോ ഇവ നടത്തുന്നത്, അവർക്ക് അതിന്റെ യഥാർത്ഥ ഫലം സിദ്ധിക്കാറില്ലെന്നതാണ് വാസ്തവം. ഉദാഹരണത്തിന് വേലകളും, പൂരങ്ങളും പ്രതിഷ്ഠാദിനങ്ങളുമൊക്കെ വരുമ്പോൾ 'അന്നദാനം' എന്ന പേരിൽ സാമ്പത്തികമായി മുൻപന്തിയിൽ നിൽക്കുന്നവർ സംഭാ

വനകൾ നല്കാറുണ്ട്. അന്നദാനത്തിന്റെ മഹത്വം, ഒരുനേരം ഭക്ഷണം കഴിക്കാൻ ശേഷിയില്ലാത്ത ദരിദ്രർക്കും, ആലംബഹീനർക്കും ഭക്ഷണം നൽകുന്നതിലാണ്. അതിനുപകരം ഇതിന് സംഭാവന നൽകിയവർ തന്നെ കുടുംബസമേതം അമ്പലത്തിൽ പോയി, മേശമേൽ ഇലയിട്ട് സദ്യ ഉണ്ണുന്ന കണക്കെ ഭക്ഷിക്കുന്നത് ചിലയിടങ്ങളിലെങ്കിലും പതിവുണ്ട്. അന്നദാന സംഭാവനയുടെ വില തന്നെ ഇല്ലാതാക്കുന്നതാണിത്തരം ചെയ്തികൾ. ഭാഗവതസപ്താഹത്തെപ്പറ്റി പറഞ്ഞതും അക്ഷംപ്രതി ശരിയാണ്. ഒന്നും മനസ്സിലായില്ലെങ്കിലും സപ്താഹത്തിൽ പങ്കെടുക്കുന്നത് ഒരു മേനിയായി നടിക്കുന്നവരെത്രയോ പേരുണ്ട്. ഇതൊക്കെ കൊണ്ടാർക്കാണ് ഗുണം ? തുറന്നെഴുതിയ ശ്രീമതി. ശ്യാമളയ്ക്ക് അഭിനന്ദനങ്ങൾ.

എനിക്ക് പറയാനുള്ളതിൽ ഉദാഹരണങ്ങളിലൂടെ സമകാലീന പ്രശ്നങ്ങളടക്കമുള്ള കാര്യങ്ങൾ വിശദീകരിക്കുന്ന പത്രാധിപരെപ്പറ്റി പ്രത്യേകം എടുത്ത് പറയേണ്ടതില്ല. ഒരു വരിയും വിടാതെ വായിച്ചുപോകുന്ന ഒരാൾക്ക്, ഇതിലെ പലതും ജീവിതത്തിൽ പകർത്താനും ഇടവന്നേക്കും. മുക്കം ഭാസി മാഷുടെ 'ഓർമ്മച്ചിത്രങ്ങൾ' വായിച്ചാൽ സാറിന്റെ മനസ്സിലെ ഓർമ്മകൾ, വായിക്കുന്നവരുടെ ഓർമ്മ കലവറയിലേക്ക് മാറ്റാൻ പര്യാപ്തമായവയാണ്. ഏകതത്ത്വയുടെ മുന്നേറ്റത്തിനായി ധാരാളം പുത്തൻ എഴുത്തുകാർ വന്നുകാണുന്നതിൽ ഏറെ സന്തോഷമുണ്ട്. എല്ലാവരേയും മനസ്സാ അഭിനന്ദിക്കുന്നു. പുതുതായി വരുന്നവർ ഒരു പത്ത് വരിക്കാരെക്കൂടി ചേർക്കാനുള്ള ശ്രമം നടത്തുന്നതും നല്ലകാര്യമായിരിക്കുമെന്ന് സൂചിപ്പിക്കട്ടെ.

ടി. വി. നാരായണൻ കുട്ടി
9446030344

പ്രിയ മുരളീധരാ,

ഏക തത്ത്വ മാസിക കൈയിൽ കിട്ടിയാൽ ആദ്യമായി വായിക്കുന്നത് 'എനിക്ക് പറയാനുള്ളത്' എന്ന എഡിറ്റോറിയൽ ആണ്. ആനുകാലികമായി നമ്മുടെ രാജ്യത്ത് നടക്കുന്ന കാര്യങ്ങളുടെ 'നെല്ലും പതിരും' വേർതിരിച്ചുകാണിക്കാനും ആളുകളെ ഉദ്ബുദ്ധരാക്കാനും ചിന്തിപ്പിക്കാനും പ്രവർത്തിപ്പിക്കാനും ഉതകുന്ന ഈടുറ്റ ലേഖനങ്ങളാണ് 'എനിക്ക് പറയാനുള്ളത്'. ഇന്ന് നമ്മുടെ നാട്ടിൽ നടമാടി വരുന്ന അന്ധവിശ്വാസങ്ങളേയും ദുരാചാരങ്ങളേയും അനീതികളേയും അസമത്വങ്ങളേയും ശക്തിയുക്തം എതിർക്കുകയും ധർമ്മത്തിനും സത്യത്തിനും നിരക്കാത്ത പ്രവർത്തികളേയും പ്രസ്ഥാനങ്ങളേയും വ്യക്തികളേയും തള്ളിപ്പറയുകയും രാജ്യനന്മയ്ക്കുപകരിക്കുന്ന മൂല്യാധിഷ്ഠിതപദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന, തൂലിക പടവാളാക്കിയ, മാധ്യമരംഗത്തെ തലയെടുപ്പുള്ള എഴുത്തുകാരനും സാമൂഹ്യപരിഷ്കർത്താവുമായിട്ടുള്ള, ധീരനായ, ആരുടേയും മുഖം നോക്കാതെ സത്യം തുറന്നുപറയുന്ന ധിഷണാശാലിയായ മുരളീധരന് എന്റെ ഒരു 'ബിഗ് സല്യൂട്ട്'.

ഡിസംബർ ലക്കം 'എനിക്ക് പറയാനുള്ളത്' എന്ന എഡിറ്റോറിയൽ വായിച്ചു. പലവട്ടം വായിച്ചു. തുടർവായനയിൽ ഒരു കത്തെഴുതാമെന്ന് തീരുമാനിച്ചു.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എന്നും ഏകതത്ത്വ എതിരാണ് എന്ന് മുമ്പേ മനസ്സിലായിട്ടുണ്ട്. അതിനെ ഒന്നുകൂടി ഊട്ടിയുറപ്പിക്കുന്നതാണ് 'ഈ അവസ്ഥയും മാറും' എന്ന ലേഖനം.

അന്ധവിശ്വാസത്തെ നിലനിർത്തി ജ്യോതിഷിയും പുരോഹിതനും പൂജാരിയും മന്ത്രവാദിയും മനുഷ്യദൈവങ്ങളും മണിമാളികകൾ പണിത്, ശീതീകരിച്ച കാറിൽ വിലസുന്നു. ചൂഷണത്തിനിരയായവനെ വീണ്ടും ചൂഷണം ചെയ്യാൻ പുതിയ ചരടുമായി ഇക്കൂട്ടർ വരുന്നു. രാഷ്ട്രീയനേതാക്കളെല്ലാം ഇവിടെ സുഖിച്ചുവാഴുന്നു. വോട്ടുചെയ്ത പാവങ്ങൾ ദുരിതം തീരാതെ നട്ടം തിരിയുന്നു. മന്ത്രച്ചരട് വാങ്ങിക്കുമ്പോൾ ആവേശം മൂലം ഒന്നും ആലോചിക്കില്ല. എന്നതുപോലെ വോട്ടു ചെയ്യുമ്പോഴും സത്യധർമ്മാദികൾ നോക്കാതെ ആവേശഭരിതരായി ആരൊക്കെയോ പറയുന്നത് അന്ധമായി അനുസരിച്ച് വോട്ടുചെയ്യുന്നു. അതാണ് കുഴപ്പം.

നമ്മുടെ രാജ്യത്ത് ഇന്നുനടക്കുന്ന സത്യസന്ധമായ കാര്യങ്ങളുടെ നേർപ്പകർപ്പ്. വായനക്കാരനെ ഇരുത്തിച്ചിന്തിപ്പിക്കാൻ ഇത്തരം കാമ്പുള്ള മുഖലേഖനങ്ങൾ പര്യാപ്തമാണ്. അനീതിയ്ക്കും അക്രമത്തിനും അധർമ്മത്തിനുമെതിരെ പടഹധ്വനി മുഴക്കി പടവാളുമായി മുന്നോട്ടുപോകൂ, മുന്നണി പോരാളിയാവൂ മുരളീധരാ... സത്യം വിജയിക്കട്ടെ. അഭിവാദ്യങ്ങൾ !

ജോസഫ് പൂതക്കുഴി
9846751749

സ്നേഹത്തോടെ മുരളി സാറിന്,

എല്ലാം നന്ന്

ഏക തത്ത്വ ഡിസംബർ ലക്കം കിട്ടി. വൈവിധ്യമുള്ള വിഭവങ്ങളാൽ ഒരുക്കിയ ഒന്ന്. മുഖച്ചിത്രം കരുത്തിന്റെ ചിത്രം. വളർന്നുപൊന്തുന്ന ചെടിയുടെ ചിത്രം - ഗംഭീരം. എനിക്ക് പറയുവാനുള്ളത് - സത്യത്തിന്റെ എഴുത്ത്. രണ്ടുപെൻഷനുകൾ നിർത്തണം. പട്ടാളക്കാർക്ക് മദ്യം കൊടുക്കുന്നതിന്റെ ന്യായം അവർ മഞ്ഞുമലകളിൽ ജോലി ചെയ്തതിനാൽ ശീലം കൊണ്ടാണെന്നാണ്. എന്നാൽ ആ ക്വോട്ടാ മദ്യം നാട്ടിൽ വിറ്റ് കാശുണ്ടാക്കുന്നതാണ് അവരുടെ ജോലി. മന്ത്രിമാർ, എം. എൽ. എ. മാർ ഒക്കെ വാങ്ങുന്ന പെൻഷൻ ചിന്തിക്കാവുന്നതല്ല. നന്മയെ സംരക്ഷിക്കുമെന്ന വിശ്വാസം നല്ലതുതന്നെ. ആ വിശ്വാസത്തിൽ നമുക്ക് ഉറച്ചുനിൽക്കാം. ലേഖനങ്ങളെല്ലാം നന്ന്. ഭാഗവതസപ്താഹവും അന്നമഹാദാനവും ആർക്കുവേണ്ടി ? എം. എൽ. ശ്യാമളയുടെ ലേഖനം. അതിൽ പറയുന്ന പോലെ സപ്താഹം നടത്തിയാൽ നഷ്ടമൊന്നുമില്ല എന്നതാണ് സത്യം. ഒരു സപ്താഹം നടത്തിക്കഴിയുമ്പോൾ ഒരു ലക്ഷത്തിലധികം രൂപ ഭാരവാഹികളുടെ കൈകളിലാണ്. ഇതിന് പണം കിട്ടും. ഭക്തിയിൽ സർവ്വം മറക്കുന്ന മനുഷ്യൻ എന്തും നൽകും. സപ്താഹം പോലുള്ള മതപരമായ ചടങ്ങുകൾ

പലയിടത്തും ഭക്തിയിൽ പൊതിഞ്ഞാണ് വിൽപ്പന. മുക്കം ഭാസി സാറിന്റെ കണക്കൻ മാഷും കിഴുക്കും നല്ലൊരു ലേഖനം തന്നെ. ഭാരതി ഹരിദാസിന്റെ കവിത കണ്ണാടി നല്ല ഒരു കവിത തന്നെ. കഥകൾ, കവിതകൾ, ഗായകരത്നങ്ങളെ പരിചയപ്പെടുത്തൽ ഇവയൊക്കെ നല്ല പരിപാടികൾ തന്നെ. വിജ്ഞാനച്ചെപ്പ്, പൊതുവിജ്ഞാനം അങ്ങനെ ആ രീതിയിലുള്ള കാര്യങ്ങളും മികവു പുലർത്തുന്നു. എല്ലാം മികച്ചവ തന്നെ.

ടി. വി. ഹരികുമാർ
കണിച്ചുകുളങ്ങര
9446118387

ചീഫ് എഡിറ്റർ ഇ. ടി. മുരളീധരൻ എഴുതുന്ന 'എനിക്ക് പറയാനുള്ളത്' വായിച്ച് അതിനനുസൃതമായി അമ്പത് ശതമാനമെങ്കിലും പ്രവർത്തിച്ചിരുന്നെങ്കിൽ 'ദൈവത്തിന്റെ സ്വന്തം നാട്' യഥാർത്ഥത്തിൽ സ്വർഗ്ഗലോകം തന്നെയാകുമായിരുന്നു. ജ്യോതിഷികൾ, മന്ത്രവാദികൾ, പുരോഹിതർ, രാഷ്ട്രീയക്കാർ എന്നിവരെല്ലാം അദ്ദേഹത്തിന്റെ വിമർശന പട്ടികയിലുണ്ട്. അഴിമതിക്കാരേയും കൈക്കൂലിക്കാരെയും അദ്ദേഹം വെറുതെ വിട്ടിട്ടില്ല. സർക്കാർ ജീവനക്കാരെയും അടുത്തൂൺപറ്റുന്ന സർക്കാർ ജീവനക്കാരെയും കാണാതിരുന്നിട്ടില്ല. അവശ്യ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവനുസരിച്ച് ജീവനക്കാർക്കും പെൻഷൻകാർക്കും വർഷത്തിൽ രണ്ടുതവണ D.A കൊടുക്കുന്നുണ്ട്. എന്നാൽ സാധനങ്ങളുടെ വില കുറഞ്ഞാലും DA കൂട്ടിയത് കുറയ്ക്കുകയുമില്ല. എന്നാൽ പാവപ്പെട്ട കർഷകർക്ക് ഈ പറയുന്ന ആനുകൂല്യങ്ങളൊന്നുമില്ല. അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വില കുറഞ്ഞാൽ ആരും സഹായിക്കാനില്ല. 'എനിക്കു പറയാനുള്ളത്' മൂന്നു പേജിലാക്കിയിരിക്കുന്നത് ഒരു മാസം വായിക്കാനാണ്. 'ഏക തത്ത്വ' വാരികയാക്കുമായിരുന്നെങ്കിൽ ഒരു പേജിൽ കുറവേ കാണൂ.

ടി. കെ. ഉണ്ണികൃഷ്ണൻ എഴുതിയ 'കോമാളിയും' മറ്റുകഥകളും കവിതകളുമെല്ലാം ഉന്നതനിലവാരം പുലർത്തുന്നു. സി. ബി. മനോഹരി'എഴുതിയ എന്റെ പഴനിയാത്ര' വായിച്ചാൽ പഴനിക്ഷേത്ര സന്ദർശനം നടത്തിയതുപോലുണ്ട്. സൈനുദീൻ മുണ്ടക്കയം എഴുതിയ പുതുച്ചൊല്ലുകൾ' വായനക്കാർക്ക് ധാർമ്മികബോധം വളർത്തുവാൻ പര്യാപ്തമാണ്. ഉന്നതനിലവാരം പുലർത്തുന്ന ഏക തത്ത്വ'ക്ക് അഭിനന്ദനങ്ങൾ.

പി. ആർ. ജോസ്, ചൊവ്വൂർ,
9847946094

പ്രിയ പത്രാധിപർ,

ഏക തത്ത്വ ഡിസംബർ ലക്കം – 'ഗാന്ധിജിയും നെഹ്റുവും ജയിലിൽ കിടന്നത് അഴിമതി കാട്ടിയിട്ടല്ല. എന്നാൽ ഇന്നത്തെ നേതാക്കളെ നോക്കൂ...' എഡിറ്റോറിയൽ വാക്കുകൾ രാഷ്ട്രീയത്തിലും ജീവിതത്തിലും വന്ന മൂല്യച്യുതി വിളിച്ചു പറയുന്നു. സുധീർ സുലൈമാന്റേയും സുനീത് മാത്യുവിന്റേയും മനോഹരിയുടേയും യാത്രകൾ കൊല്ലം ജില്ലയെപ്പറ്റിയുള്ള ഒ. സി. പ്രമോദിന്റെ ലേഖനം മറ്റ് കഥകൾ, കവിതകൾ എല്ലാം സസന്തോഷം സ്വീകരിക്കുന്നു. ഓരോ ലക്കത്തിലൂടേയും ഉരുത്തിരിയുന്ന ആശയങ്ങൾ (കഥ, കവിത, ലേഖനം) പകരുന്ന സന്തോഷം ചെറുതല്ല. അഭിനന്ദനങ്ങൾ.

വിനയപൂർവ്വം
ശങ്കരൻ കോറോം, പയ്യന്നൂർ
9496314677

**മറുപടി**

കത്തുകളയച്ച ഏവർക്കും നന്ദി. പ്രിയ വായനക്കാർക്കും എഴുത്തുകാർക്കും ഏക തത്ത്വ കുടുംബാംഗങ്ങളുടെ പുതുവത്സരാശംസകൾ

■ കവിത

# തിരകൾ പറയുന്നത്



**ശുഭ കൊടക്കാട്**
**9400843971**

തിരകൾ തീരത്തെ പുൽകുമ്പോൾ
പറയുന്നത് ദ്വിമാന
സമവാക്യങ്ങളാകാം;
അത് പ്രതിരോധത്തിന്റെ
പുതിയ നീതിവാക്യങ്ങളുമാകാം.

കാറ്റ് ഒഴുകിയെത്തുന്ന ദിശയിൽ
എപ്പോഴും
ദിശാ സൂചികൾ
ഉണ്ടാവണമെന്നുമില്ല..
ഇവിടെയാണ് കടലിന്റെ
നിയമങ്ങൾ
കാറ്റിൽ പറത്തിക്കൊണ്ട്
കര നമ്മോട്
നഗ്നസത്യങ്ങൾ വിളിച്ചുപറയുന്നത്..

പ്രത്യയശാസ്ത്രങ്ങൾ
ചാഞ്ഞും ചരിഞ്ഞും
മഴ പോലെ പൊഴിയുന്നുണ്ടാകാം;
മഞ്ഞു പോലെ ഉരുകുന്നുണ്ടാകാം;
വെയിൽ പോലെ തീ
കോരിയിടുന്നുമുണ്ടാകണം...
അപ്പോഴും ആകാശചന്ദ്രിക
പാൽനിലാവ് ചുരത്തുന്നുണ്ടാകും.
കടലലകൾ അതേറ്റു പാടി,
കരയെ ലക്ഷ്യമാക്കി
പായുന്നുമുണ്ടാകും.

തിരകൾ തീരത്തോട്
മൊഴിയുന്നതെന്താവാം?
പുഞ്ചിരി പൊഴിച്ചു കൊണ്ട്
ഒരാലിലക്കണ്ണൻ ഒഴുകി
വരുന്നുവെന്നോ?
അധർമ്മത്തിലും ധർമ്മം
പുലരേണ്ടത്
എങ്ങനെയെന്ന് ഈ
പ്രളയകാലത്തും
കണ്ണൻ ഓതിയിട്ടുണ്ടാവണം.
അത് തീരത്തോട് പറയാനുള്ള
വെമ്പലിലാവാം
ഓരോ തിരയും തീരത്തെ പുൽകി,
ചിന്നിച്ചിതറി തിരിച്ചുപോകുന്നത്...!!

■ കവിത



**ബിതാ ദാസ്**
**8075638695**

# (വ്യാ)മോഹം

നീ പരിഭവിക്കരുത്
നിന്നോട് പറയാതെ പോയതിന്
കണ്ണു നിറയാതെ, മനസ്സിടറാതെ
നീയെന്നെ യാത്രയാക്കണം.

നമുക്കിടയിൽ
തളം കെട്ടി നിന്ന മൗനത്തെ
സഹസ്രം വാക്കുകളാൽ
തളച്ചിടണം

എന്റെ അടഞ്ഞ
കണ്ണുകൾക്ക് മുകളിൽ
നിന്റെ കൈത്തലം അമർത്തണം
തണുത്തുറഞ്ഞ നെറ്റിയിൽ തരുന്ന
അവസാന ചുംബനത്തിൽ
ഇല്ലാത്ത പ്രണയത്തിന്റെ
ആഴം ഉണ്ടാവണം

കണ്ണുകൾ
തുറക്കാനാവില്ലെങ്കിലും
ആത്മാവ്
നിന്നോട് ചേർന്ന് നിൽക്കും
നീലവിരിയിട്ട ജാലകത്തിലൂടെ
വരുന്ന കാറ്റിൽ
പവിഴമല്ലി ഗന്ധത്തോടൊപ്പം
എന്റെ സ്നേഹവും ഉണ്ടാവും

ചന്ദനത്തിരിയുടെ ഗന്ധം
തങ്ങിനിൽക്കുന്ന കോടി
നീ തന്നെ
എന്നെ പുതപ്പിക്കണം

ചിതയിലേക്കെടുക്കും നേരം
പുഞ്ചിരിച്ചു കൊണ്ട്
എന്നെ യാത്രയാക്കണം

■ കഥ

# പാസ്പോർട്ട്

*ജൂൺ 2015 – ൽ എഴുതിയ ഈ കഥയ്ക്ക് മാർച്ച് 2016–ൽ*
*കെ. എസ്. എസ്. പി. യു. രചനാ മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ചിരുന്നു.*



**സൈനുദീൻ മുണ്ടക്കയം**
**9947253006**

**ജാ**തക വശാൽ നൂറു വയസ്സുവരെ ആയുസ്സെന്ന്, ജ്യോതിഷ പണ്ഡിതനും ആചാര്യനുമായിരുന്ന വിഷ്ണുനാഥ പണിക്കർ, എഴുതിവച്ചിരിക്കുന്നു. ജാതകത്തിന്റെ ഓലകൾ ദ്രവിക്കാറായിട്ടുണ്ട്. എങ്കിലും നാരായത്തിന്റെ കോറലിൽ വേനപ്പച്ചയുടെ കറ പുരട്ടിയാൽ വ്യക്തമായി വായിക്കാം. അതുപ്രകാരം ഇനി ആയുസ്സിൽ മൂന്നു വർഷങ്ങൾ കഷ്ടിച്ചു ബാക്കിയുണ്ട്.

ചിന്താഭാരത്താൽ, കണ്ണടച്ചിരുന്ന് ഗോവിന്ദമേനോൻ ഒന്നു മയങ്ങി. മയക്കത്തിൽ ഒരു ദുഃസ്വപ്നം. താനേതോ യാത്രയിലായിരുന്നു, ദീർഘയാത്ര. ചെക്ക് പോസ്റ്റ് പോലൊരു ഭാഗത്ത് പട്ടാളക്കാർ. അവർ വണ്ടി തടഞ്ഞു. മനസ്സിലാകാത്ത ഭാഷയിൽ എന്തൊക്കെയോ ഡ്രൈവറോട് ചോദിക്കുന്നു. അയാൾ തന്നെ ചൂണ്ടി എന്തൊക്കെയോ ആംഗ്യ ഭാഷ്യയിൽ സംസാരിക്കുന്നുണ്ട്.

പട്ടാളക്കാരിലൊരുവൻ കാറിനരികിലേക്ക് വന്നു. തന്നോട് പുറത്തേക്കിറങ്ങാൻ ആവശ്യപ്പെട്ടു. ഭയാശങ്കകളോടെ പുറത്തേക്കിറങ്ങിയപ്പോൾ അയാൾ പാസ്പോർട്ട് ആവശ്യപ്പെട്ടു. അതേ മനസ്സിലായുള്ളു. പക്ഷേ പാസ്പോർട്ടില്ലല്ലോ, മാത്രമല്ല, ഇതെന്തൊരു പുതുമ, സ്വന്തം രാജ്യത്ത് സഞ്ചരിക്കാനെന്തിന് പാസ്പോർട്ട് ? വേണമെങ്കിൽ തിരിച്ചറിയാൻ കാർഡു കൊടുക്കാം. അയാൾക്കത് പോരാ. പാസ്പോർട്ട് തന്നെ വേണം. മുന്നോട്ടുള്ള യാത്ര അനുവദിക്കില്ല, മടങ്ങിപ്പോകണമത്രെ !

മടങ്ങ്വേ ? മുന്നോട്ടുവച്ച കാൽ പിന്നോട്ടെടുത്ത ചരിത്രമില്ലാത്ത തന്നെ ഇവർക്കറിയില്ല. സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ധീരനായ പടയാളിയായിരുന്നല്ലോ താൻ. ഭരണ തലത്തിലും അറിയപ്പെട്ട വ്യക്തി. ബ്രിട്ടീഷ് പട്ടാളത്തെ നേരിട്ട ചരിത്രവുമുണ്ട്. അങ്ങനെയുള്ള തന്നോടാണ് പാസ്പോർട്ട് ചോദിക്കുന്നത്. തന്റെ യാത്ര മുടക്കുന്നവനെ നേരിട്ടിട്ടു തന്നെ കാര്യം, മാറി നില്ക്കടാ, എന്ന് ആക്രോശിച്ച് മുന്നോട്ട് നടക്കാനാഞ്ഞതും മുത്തശ്ശാ എന്ന് വിളിച്ച് തോളിൽ തട്ടിയതും മയക്കത്തിൽ നിന്നുണരാൻ കാരണമായി. കണ്ണു തുറന്നപ്പോൾ പേരക്കുട്ടിയുടെ പേരക്കുട്ടിയും കൂട്ടുകാരും മുന്നിൽ നിന്ന് ചിരിക്കുന്നു.

“ങാ, എന്താ കാന്താരികളെ ?”

“മുത്തശ്ശനാരോടാ മാറി നില്ക്കടാന്നു പറഞ്ഞത് ?” കുഞ്ഞുപേരക്കുട്ടിയുടെ ചോദ്യം.

സ്വപ്നത്തിലെ കഥ ഇവരോട് പറയണോ ? വേണ്ട, അവർക്കെന്തറിയാം കുഞ്ഞുങ്ങളല്ലേ ?

“ങാ, നിങ്ങളതുകേട്ടോ ? വേറെന്തെങ്കിലും പറഞ്ഞോ ഞാൻ ?”

“ഞങ്ങളു വരുമ്പോ മുത്തശ്ശൻ ഉറങ്ങുവാരുന്നു. മുഖത്തുനോക്കിയപ്പോ ദേഷ്യപ്പെടുന്നതും സങ്കടപ്പെടുന്നതുമൊക്കെ കണ്ടു. എന്നിട്ട് മാറി നില്ക്കടാന്ന് ഒരൊച്ച. പേടിച്ചുപോയി. ആരോടാ മുത്തശ്ശാ അങ്ങനെ പറഞ്ഞത് ?”

അവർക്ക് ആകാംക്ഷ. എന്തെങ്കിലും പറഞ്ഞ് ഒഴിവാക്കാം. “ങാ, അതേയ്... ഒരു പട്ടി ഇറയത്ത് കേറി കിടക്കുന്നു. പോകാൻ പറഞ്ഞിട്ട് പോകുന്നില്ല. മുത്തശ്ശനെ നോക്കി ഗുർ... ഗുർ... എന്ന് ശബ്ദമു

ണ്ടാക്കിയപ്പോൾ പറഞ്ഞതാ മാറി നില്ക്കടാന്ന്.'' കുഞ്ഞുങ്ങൾ അത് വിശ്വസിച്ചൂന്നു തോന്നുന്നു. അവർ കളിക്കാൻ ഓടിപ്പോയി. കുഞ്ഞിക്കിളികളുടെ കലപില ശബ്ദം അകലെ തൊടിയിലായി.

ചിന്തയിലേക്ക് തിരിച്ചിറങ്ങി. ഇന്നെന്താണിങ്ങനെ ജാതകക്കാര്യവും മറ്റും മനസ്സിലേക്ക് കടന്നുവന്നത് ? ആയുസ്സിന്റെ പുസ്തകത്താളിൽ മനസ്സുടക്കിയതെന്തിനായിരിക്കും ? ഓരോ സമയത്ത് ഓരോന്ന് മനസ്സിലേക്ക് മുളപൊട്ടി വരും. കഴിഞ്ഞ കാലങ്ങൾ തന്ന കയ്പും മധുരവും താലോലിക്കാനാണ് സമയമധികവും വിനിയോഗിക്കപ്പെടുന്നത്. അല്ലാതെ മറ്റെന്ത് ചെയ്യാൻ ? ഭക്ഷണം, മരുന്നുകൾ, വിശ്രമം അതായിരിക്കുന്നു ജീവിതചര്യകൾ.

പണ്ടൊക്കെ ആളൊഴിഞ്ഞ സമയമില്ലായിരുന്നു വീട്ടിൽ. രാഷ്ട്രീയം, പൊതുപ്രവർത്തനം, സമരങ്ങൾ, പ്രതിഷേധങ്ങൾ അങ്ങനെയങ്ങനെ വിശ്രമമില്ലാത്ത ഒരുകാലം. സദാ യാത്രകൾ, പ്രസംഗങ്ങൾ... വീട്ടുകാര്യം മറന്നായിരുന്നു ജീവിതം. ചിന്നമ്മു കാര്യപ്പിടിപ്പുള്ളവളായിരുന്നതിനാൽ കുടുംബം തകർന്നില്ല. അവളത് കൊണ്ടുനടന്നു. പരാതിയും പരിഭവവും പുറത്തെടുത്തില്ല. താൻ നാടിനുവേണ്ടി യത്നിച്ചപ്പോൾ അവൾ കുടുംബം നിലനിൽത്താൻ പാടുപെട്ടു.

ഒരേയൊരു മകൾ. അവളെ വളർത്തി, പഠിപ്പിച്ചു നല്ലൊരുത്തനെ കണ്ടെത്തി ഏല്പിച്ചുകൊടുത്തു. താൻ എല്ലാത്തിനും സാക്ഷിയായി നിന്നു. അത്ര തന്നെ. കാലം ഓരോരുത്തർക്കുമായി എന്തൊക്കെ കരുതി വച്ചിട്ടുണ്ടാകുമെന്നാർക്കറിയാം. തന്നെ സംബന്ധിച്ചിടത്തോളം അര നൂറ്റാണ്ടുകാലം ഒരു യന്ത്രം കണക്കേ രാഷ്ട്രീയ പ്രവർത്തനങ്ങളുമായി ഓടിനടന്നു. ത്യാഗങ്ങൾ സഹിച്ചു. ജയിൽവാസം വരിച്ചു. അധികാരത്തിന്റെ കുറുക്കുവഴികൾ തേടിപ്പോയില്ല. പിന്നാലെ വന്നവർ ആരൊക്കെയോ മുന്നിൽ ചാടിക്കയറി സീറ്റുപിടിച്ചു. താനന്ന് കമ്പിയിൽ ഞാന്ന് യാത്ര നടത്തി. ഇരിക്കാൻ ഒരു സീറ്റ് ഒഴിവ് വരുമ്പോഴേക്കും പിന്നിൽ നിന്നൊരുത്തൻ തന്നെ തള്ളി മാറ്റി ചാടിക്കടന്നിരിക്കും. ആരോടും പരിഭവിച്ചില്ല.

രാഷ്ട്രീയത്തിലിറങ്ങിയത്, ആവേശവും ത്യാഗചിന്തയും ഉള്ളിൽ നിറച്ച് ആദർശധീരരെ പിൻപറ്റാനുള്ള മോഹത്തോടെയുമായിരുന്നു. അതല്ലാതെ നേട്ടങ്ങൾ കൊയ്യാനുള്ള വേദിയായി കണ്ടിട്ടായിരുന്നില്ല. അതുകൊണ്ടുതന്നെ നഷ്ടബോധവുമില്ല. കാൽ നൂറ്റാണ്ടാകുന്നു ആരും വരാറില്ല, കാണാറില്ല, ആർക്കും വേണ്ട, പാർട്ടിക്കിന്ന് താനൊരു പിന്തിരിപ്പനാണ്. അരുതാത്ത കാര്യങ്ങൾക്ക് തടസ്സം നിന്നവൻ എന്ന് താനും പാർട്ടി താത്പര്യങ്ങൾക്ക് എതിരായവൻ എന്ന് പാർട്ടിയും അണികളും വിശ്വസിക്കുന്നു. വിശ്വാസം അതാണല്ലോ എല്ലാം !

എല്ലാത്തിൽ നിന്നും പിൻവാങ്ങി. ഏകാന്ത തടവുകാരനെപ്പോലെ വീടിന്റെ പരിധിയിൽ ഒതുങ്ങിക്കൂടി. വിമർശിച്ചവർ നിരവധിയാണ്. പൊതുരംഗത്ത് നിന്നും ഒളിച്ചോടിയ ഭീരു, നട്ടെല്ലില്ലാത്തവൻ എന്നൊക്കെ കുറേക്കാലം പറഞ്ഞുനടന്നു. നടക്കട്ടെ, ആദർശരാഷ്ട്രീയം പണയം വയ്ക്കാനായില്ല, ആവുകയുമില്ല. അപഹാസ്യനായി, വീട്ടിലൊതുങ്ങിക്കൂടാനായിരുന്നു വിധി. ചെളി ഒരുപാട് പൂശി, തെറികൾ ഒരുപാട് കേട്ടു. മറുപടിക്കോ മറു കൃതിക്കോ പോയില്ല. മനസ്സ് മടുത്തു. ഇനി വയ്യ. നേട്ടങ്ങൾക്കായി കടിപിടി കൂടാനല്ലല്ലോ ധീരദേശാഭിമാനികൾ ഉപദേശിച്ചതും പഠിപ്പിച്ചതും. ത്യാഗത്തിന് വിലപേശാൻ തനിക്കാവില്ല.

ചിന്നമ്മു കിടപ്പിലായി. അവൾക്ക് ഇക്കാലത്തെങ്കിലും തുണയാകണമെന്ന് മനസ്സ് പറഞ്ഞു. താനതനുസരിക്കുന്നു. മറ്റുള്ളവർക്ക് തോറ്റോടലായി തോന്നാം. അതുമല്ലെങ്കിൽ അരാഷ്ട്രീയ വാദിയായി മുദ്ര കുത്താം. എന്തോ ആകട്ടെ ഒരു നിഷ്ക്രിയ ജീവിതം തിരഞ്ഞെടുത്തു. കാലം അതിന് പ്രേരിപ്പിച്ചു. ചിന്നമ്മു നാലഞ്ചുവർഷം കിടക്കയിൽ കുഴഞ്ഞുകിടന്നു. അവളെ ശുശ്രൂഷിച്ചുകൊണ്ട് നാളുകൾ, ആഴ്ചകൾ, മാസങ്ങൾ നീണ്ടുപോയി.

അഞ്ചുവർഷങ്ങൾക്കുശേഷം അവൾ ദുരിതക്കയത്തിൽ നിന്നും നീന്തി രക്ഷപ്പെട്ടു. ഇക്കാലം കൊണ്ട് മനസ്സ് പാകപ്പെട്ടു. ആവേശം കുറഞ്ഞു. പുസ്തകങ്ങൾ കൂട്ടുകാരായി. ചാരുകസേര താങ്ങായി. ഊന്നുവടി സഹയാത്രികനായി. മകളുടെ കുടുംബം വളർന്നു. പേരക്കുട്ടികൾക്കും പേരക്കുട്ടികൾ. അവരുടെ ഓട്ടവും ചാട്ടവും നിലവിളികളും കൊഞ്ചലും കുഴയലും എല്ലാമെല്ലാം തന്റെ ലോകമായി. പ്രത്യയശാസ്ത്രങ്ങൾ മറന്നുതുടങ്ങി. ഉപേക്ഷിച്ചുവച്ചിരുന്ന വിശ്വാസങ്ങൾ പലതും മനസ്സിൽ അള്ളിപ്പിടിച്ചുകയറി. അക്കൂട്ടത്തിലൊന്നായിരുന്നു ജാതകം.

ഇല്ല, പഴഞ്ചൊല്ലിൽ പതിരില്ല എന്നൊക്കെ പറയുമ്പോലെ ഓലകളിൽ രേഖപ്പെടുത്തിയിട്ടിരുന്നത് പലതും ജീവിതത്തിലൂടെ സംഭവങ്ങളായി കടന്നുപോയത് ഓർമ്മയിൽ തെളിയുന്നു. സന്യാസിയല്ല, ഗൃഹസ്തനാണോ. അതെ. ഊരുതെണ്ടിയും പൊതുക്കാര്യപ്രസക്തനും. ഭാര്യയായി വരുന്നവൾ മിടുമിടുക്കി. കുടുംബം നോക്കില്ല. നാട്ടുകാർക്ക് നല്ലവൻ. സപ്തതി കഴിഞ്ഞാൽ എല്ലാത്തിനും മാറ്റം... ഇപ്പറഞ്ഞതൊക്കെ നടന്നില്ലേ ? അങ്ങനെ വരുമ്പോൾ ആയുസ്സിന്റെ കാര്യത്തിലും ശരിയായി വരുമായിരിക്കും. ഒരു നൂറ്റാണ്ട് തികയ്ക്കുക ഒരു ഭാഗ്യം എന്നു മറ്റുള്ളോർക്കും അത്രകാലം ദുരിതഭാണ്ഡങ്ങൾ പേറണമല്ലോ എന്നു തനിക്കും. ഇനിയിപ്പോ അന്ധവിശ്വാസിയെന്നും വിളിയ്ക്കപ്പെടാം. വിളിയ്ക്കട്ടെ !

വലിയ ബുദ്ധിമുട്ടില്ലാതെ ഇന്നിവിടെ ഈ ചാരുകസേരയിൽ കിടക്കുന്നു. വീണ്ടും സ്വപ്നത്തിലെ 'പാസ്പോർട്ട്' ഒരു കനലായി മനസ്സിൽ കിടക്കുന്നു. നാടിന്റെ പോക്ക് സങ്കല്പങ്ങൾക്കതീതമാണ്. ഭാരതസ്വാതന്ത്ര്യം ഒരു സ്വപ്നമായിരുന്നു. അതുനേടാൻ ഒരുമയോടെ ഒരു മനസ്സോടെ ജനം മുന്നേറി. നയിക്കാൻ ധീരദേശാഭിമാനികളും ത്യാഗികളുമുണ്ടായി.

സ്വാതന്ത്ര്യം കയ്യെത്തും ദൂ

രത്തായപ്പോൾ മനുഷ്യൻ മർക്കടനായി. അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാട്ടമായി. ജാതികൾ തലപൊക്കി. ജാതീയത അഴിഞ്ഞാട്ടം തുടങ്ങി. വിഘടനവാദം പൊട്ടിത്തെറിയായി. സമൂഹത്തെ സംഹരിക്കാൻ തുടങ്ങി. ഭിന്നിപ്പിച്ചു ഭരിച്ച വെള്ളക്കാർ രാഷ്ട്രീയക്കാരിൽ അതൂട്ടിയുറപ്പിച്ചു. താൻ പോരിമ ഓരോ നേതാവിലും വളർന്ന വികാരമായി.

യഥാർത്ഥത്യാഗികൾ അവഗണിക്കപ്പെട്ടു. സ്വാർത്ഥമതികൾ അഴിഞ്ഞാടി. രാഷ്ട്രം പിളർന്നു ! ജാതിയുടെ പേരിൽ നിണപ്പുഴകളൊഴുകി. അതുതടയാൻ ശ്രമിച്ച മഹാത്മാവിന്റെ മാറിൽ വെടിയുണ്ടകൾ തുളച്ചുകയറി. ആളിപ്പടർന്ന തീ അണഞ്ഞുവെന്ന് അല്ലെങ്കിൽ അണച്ചുവെന്ന് ജനത്തെ വിശ്വസിപ്പിക്കാൻ ചിലർക്ക് കഴിഞ്ഞു. ഇന്നിതാ ചാരം മൂടിയ കനലുകൾ തിളങ്ങി വരുന്നു. ഭരണക്കൊതിയന്മാർ ഊതിയൂതി തിളക്കം കൂട്ടുന്നു. കെട്ടടങ്ങിയെന്ന് കരുതിയ ചൂളകൾ ആളിക്കത്താം എന്തിനെയൊക്കെ അത് വിഴുങ്ങുമോ ആവോ ?

മനസ്സുകളിൽ മതിൽക്കെട്ടുയർത്തുന്നു. അതിർത്തികളിൽ മുൾവേലികൾ കെട്ടുവാൻ തിടുക്കം കൂട്ടുന്നു. വീടുകളും ഗ്രാമങ്ങളും നഗരങ്ങളും വേലിക്കെട്ടിൽ ഒറ്റപ്പെടുമോ ? സംസ്ഥാനങ്ങളും ആ വഴി തിരഞ്ഞെടുക്കുമോ എന്തോ ? സംസ്ഥാനങ്ങളിലേക്ക് സഞ്ചരിക്കാൻ പാസ്പോർട്ടു വേണ്ടിവരുന്ന കാലം വരാം. ഇന്നത്തെ പോക്കുകണ്ടാൽ വേണ്ടിവന്നേക്കാം. തനിക്കിതുവരെ പാസ്പോർട്ടില്ലെന്ന സത്യവും ഓർമ്മയിൽ വന്നു. അപ്പുമാഷാണ് ഏക സന്ദർശകനും സഹായിയും. മാഷിനോട് പറയാം എന്ന് ചിന്തിച്ചിരിക്കേ ആളയച്ചു വരുത്തിയ മാതിരി അപ്പുമാഷ് പടി കടന്നെത്തി.

“എനിക്കൊരു പാസ്പോർട്ട് എടുക്കണം.” മുഖവുര കൂടാതെ മാഷിനോട് പറഞ്ഞു. മാഷ് അമ്പരന്നു.

“പാസ്പോർട്ടോ ? എന്തിന്, എവിടെപ്പോകാൻ ?” ഒറ്റശ്വാസത്തിൽ മാഷ് ചോദിച്ചു.

“വേണം. നിർബന്ധബുദ്ധിയോടെ ആവർത്തിച്ചു. നമ്മുടെ വീടും നാടും സംസ്ഥാനങ്ങളും മനസ്സും അന്യമാകുന്നു. അല്ലെങ്കിൽ ആയിക്കൊണ്ടിരിക്കുന്നു. ഇവിടെനിന്നും തമിഴ്നാട്ടിലേക്കോ കർണ്ണാടകത്തിലേക്കോ പോകാനും വരാനും പാസ്പോർട്ട് വേണ്ടിവരുന്ന അവസ്ഥ വന്നുചേരും. ഒരു മുൻ കരുതലായിട്ട് ഇരിക്കട്ടെ ഉടനെ ഒരപേക്ഷ കൊടുക്കാൻ താൻ സഹായിക്കണം. ഉപേക്ഷ വിചാരിക്കരുത്.”

മാഷിന് ചിരിക്കാനാണ് തോന്നിയത്. “എന്തൊക്കെയാണീ ചിന്തിച്ചുകൂട്ടുന്നത്. അങ്ങനൊന്നും വരില്ലാന്ന്. പോരാഞ്ഞിട്ട് ഗോവിന്ദമ്മാന് ഈ പ്രായത്തിൽ അതൊന്നും വേണ്ടാന്നും കൂട്ടിക്കോളൂ. ശതാബ്ദിയൊക്കെ അടുക്കാറായില്ലേ? മാപ്ലാർക്കായ്ന്നൂച്ചാൽ ഹജ്ജിന് പോകാനാണെന്നെങ്കിലും പറയാം. ഗോവിന്ദമ്മാനതിനും വഴിയില്ല.” അപ്പുമാഷ് വീണ്ടും ചിരിച്ചു.

“ചിരിക്കണ്ടടോ... എന്തായാലും പരലോകത്തേക്കു പോകാണ്ടെ വയ്യല്ലോ... അത് മറ്റൊരു ലോകമല്ലേ ? അങ്ങോട്ടു പോകാതിരിക്കാനൊക്കുമോ ?”

“ഗോവിന്ദമ്മാനെന്തൊക്കെയാണീ പറേണെ. അതിപ്പൊ ആരെങ്കിലും തടഞ്ഞാൽ പറ്റോ ?”

“പോയല്ലേ ഒക്കൂ. എടോ ഗതിയില്ലാണ്ടെ അലയുന്ന പ്രേതാത്മാക്കളുണ്ടെന്നുതാനും കേട്ടിട്ടില്ലേ ? എന്താ കാര്യം ?”

അപ്പുമാഷ് പരുങ്ങി. “അതിപ്പോ ആത്മാവിന് മോക്ഷം ലഭിക്കാത്തോണ്ടല്ലേ ?”

“അല്ലടോ, പരലോക പ്രവേശനത്തിന് പാസ്പോർട്ടില്ലാഞ്ഞിട്ടാണ് എവിടെയുമില്ലാണ്ടെ അലയുന്നത്. അതുകൊണ്ട് താനുടനെ ഒന്നേർപ്പാടാക്കിത്തന്നോളു. മറ്റെവിടേയ്ക്കും പറ്റീല്ലച്ചാൽ പരലോകത്തേക്ക് ഉപകരിക്കും. തൊടുന്യായങ്ങളൊന്നും പറയാണ്ടെ ഒന്നേർപ്പാടാക്കിത്തരൂ.”

ഗോവിന്ദമ്മാൻ ചാരുകസേരയിലേക്ക് ചാഞ്ഞു. അപ്പുമാഷ് അന്തിച്ചങ്ങനെ നിന്നു. പാസ്പോർട്ട് വേണ്ടി വരുമോ ?

●

■ കവിത



ദിലീപൻ
7034633555

# ചൂണ്ട

എന്നത്തേയും പോലെയിന്നും
ചൂണ്ടക്കൊളുത്തു മിനുക്കി
ഇരയെക്കൊരുത്ത്
കാത്തിരുന്നത്
നിന്നെക്കുരുക്കാനായിരുന്നു.

ചെറുതും വലുതുമായ
പലരും കുടുങ്ങി.

നീമാത്രം
(ബുദ്ധിമതിയായ മത്സ്യകന്യക)
നന്നായി വിശന്നിട്ടും
ഇരയ്ക്കുപിന്നിലൊളിപ്പിച്ച
തിളങ്ങുന്ന കൊളുത്ത്
തിരിച്ചറിഞ്ഞ്
ഒഴിഞ്ഞുമാറി.

വരും കാലമൊരുനാൾ
വിശപ്പ്
വിവേകത്തെത്തോൽപ്പിക്കും.

നിനക്കായി
ഈ കൊളുത്തും,
അടുപ്പത്ത് ചൂടുള്ള ചട്ടിയും,
തിളയ്ക്കുന്ന എണ്ണയും,
അരികിലായ്
നിന്നെപുരട്ടിയെടുക്കാൻ
മസാലക്കൂട്ടും
ഒരുക്കിവെച്ച്
കാത്തിരിപ്പുണ്ട് ഞാൻ.

# വേനൽ

പ്രകാശ് നാരായണൻ . പി
9048734434

വേനലിന്റെ പകലറുതിയിൽ
വിഷാദം തളം കെട്ടിനിൽക്കുന്ന
വരണ്ടമനസ്സുകൾക്കും
വിണ്ടുകീറിയ വയലുകൾക്കും
ഒരേ ഛായ
പച്ചത്തുരുത്തുകളും
തെളിനീരരുവികളും
മാഞ്ഞുപോയിരിക്കുന്നു
വിഹ്വലമായ ചിന്തകൾ...
വിഫലമായ ചിന്തകൾ...
ഓർമ്മത്തെറ്റുപോലെ
കാലം മരവിച്ചുകിടക്കുന്നു.

■ കഥ

# ദൈവങ്ങളുടെ അവകാശികൾ




**ശ്രീജ ജയചന്ദ്രൻ**
**8157925357**


**കൊ**ടും വെയിലത്ത്... ആ കൊടും ചൂടിൽ... ടാർ പായയിൽ ദൈവങ്ങളെ നിരത്തി വെച്ചിട്ടുണ്ട്... മാർബിൾ, മണ്ണ്, കവടി, പ്ലാസ്റ്റർ ഓഫ് പാരീസ് ദൈവങ്ങൾ.... ദൈവങ്ങളുടെ വിൽപ്പനക്കാരി വെറ്റിലക്കറയുള്ള പല്ലു കാട്ടി ചിരിച്ചുകൊണ്ട് മാർബിൾ ദൈവത്തെച്ചൂണ്ടി പറഞ്ഞു. ''പാഞ്ച് സൗ കാ തീൻ ലേലോ...'' അഞ്ഞൂറിന് മൂന്നെണ്ണം...

''മൂന്നെണ്ണം കൊണ്ടുപോയി എന്തു ചെയ്യാനാണ്...''

''സമ്മാനമായ് കൊടുക്കാം. ആർക്കെങ്കിലും''

''വേറെ വേറെ ദൈവങ്ങളെ കിട്ടുമോ? ഈ വിലയ്ക്ക് ?'' ഞാൻ ചോദിച്ചു. വിചിത്രജീവിയെയെന്നപോലെ അവരെന്നെ നോക്കി. പലരൂപങ്ങൾ... പല ഭാവങ്ങൾ... പല വലിപ്പങ്ങൾ.. അതും മാർബിളിൽ.... എങ്ങിനെ അവർക്ക് ലാഭമാകും ഈ കച്ചവടം! അങ്ങിനെയല്ലേ ലോകം. ലാഭമുള്ളിടത്തേ കണ്ണുപോകൂ...എന്റെ സുഹൃത്തുക്കൾ പല മതക്കാരാണ് അവർക്കുകൊടുക്കാനാണ് മൂന്നെണ്ണം ചോദിച്ചത്. വിലപേശലിനിടയിൽ ദൈവങ്ങളുടെ മുഖത്തേയ്ക്ക് ഒന്നു പാളി നോക്കി. അവിടെ ദയനീയ ഭാവങ്ങൾ.... മൂന്ന് വിവിധ മതങ്ങളുടെ മാർബിൾദൈവങ്ങളെ ബാഗിലിട്ട് ആ പൊരിവെയിലത്ത് വീട്ടിലേയ്ക്ക് നടക്കുമ്പോൾ ബാഗിലിരുന്ന് ദൈവങ്ങൾ അവരവരുടെ സങ്കടങ്ങളുടെ കെട്ടുകളഴിക്കുകയായിരുന്നു. ഇപ്പോൾ... ഈ ഞാനെന്ന മനുഷ്യനാണ്... ഈ ദൈവങ്ങളുടെ ഒരേയൊരവകാശി... അഹങ്കരിക്കാം.... ഈ അഹങ്കാരിക്ക്.... ദൈവങ്ങൾക്കും മേലെയാണവൻ... കാലം...അതാണ്... ●

# മോക്ഷം


**ആർ.സി. നായർ**
**9946241222, 9947741222**




**ഒ**രു വൃശ്ചിക പുലരി, നനുത്ത കാറ്റ്, ചെറു ചാറൽ, കുളിര്... നേരം പരപരേ വെളുത്തു തുടങ്ങി. അയ്യപ്പന്മാർ കുളിക്കാൻ പോവുകയാണ്, ചിലർ ചായക്കും... രാമേട്ടന്റെ വീട്ടിന്റെ മുന്നിൽ വണ്ടികൾ വന്ന് തുടങ്ങി, കാർ ബൈക്ക്... കാൽ നടയായും... ആർക്കും ഒന്നും മനസ്സിലാവുന്നില്ല.. കേറി ചെന്നു... ''എന്താ കാര്യം...?'' ''അല്ല... രാമേട്ടനെ കാണാനില്ല...'' ''ഇന്നലെ വൈകീട്ട് കൂടി കണ്ടതാണല്ലോ...അമ്പലത്തിൽ വിളക്ക് വെക്കാൻ പോവുന്നുണ്ടായിരുന്നു...'' ''അതേ... ഊണ് കഴിഞ്ഞു ഉറങ്ങാൻ കിടന്നതാണ്. ഇടക്ക് ഭാര്യ എഴുന്നേറ്റു നോക്കിയപ്പോൾ ആളില്ല... അറിയുന്ന സ്ഥലങ്ങൾ എല്ലാം വിളിച്ചു.. അറിയാവുന്ന പലരുമായും ബന്ധപ്പെട്ടു... ആർക്കും ഒരു വിവരവും ഇല്ല...'' ''മകൻ ..? അറിയിച്ചിട്ടുണ്ട്.. ഇപ്പോൾ എത്തും...'' ഉച്ചയോടടുത്തു മകനും എത്തി.. വീണ്ടും അന്വേഷണങ്ങൾ... ആവർത്തനങ്ങൾ. ''പോലീസിൽ അറിയിച്ചില്ലേ... ആള് പോയിട്ടുണ്ട്...''

ഒരു ജീപ്പ് ഇരമ്പി നിന്നു, പൊലീസാണ്. കാര്യങ്ങൾ തിരക്കി. അന്വേഷിക്കാം എന്നു പറഞ്ഞു. നേരം ഇരുട്ടുന്നു. 12 മണിക്കൂർ കഴിഞ്ഞു. ജനം ഒഴിയാൻ തുടങ്ങി.. അതിൽ സ്വന്തവും ബന്ധവും.. പകലിൽ നിന്നു രാത്രി, രാത്രിയിൽ നിന്നു പകൽ, പല അന്വേഷണങ്ങളും നിരാശയിൽ കലാശിച്ചു... അങ്ങകലെ പുണ്യ കാശിയിൽ കൂടി ശാന്തമായി ഒഴുകുന്ന പുണ്യ ഗംഗ... കാശിയിൽ പോയാൽ എന്തെങ്കിലും ഒന്നുപേക്ഷിക്കണം. ഒഴുകി നീങ്ങുന്ന ജഡങ്ങളുടെ ഇടയിൽ ഒരു ജഡം... കാ കാ... ''അമ്മേ കാക്കക്കു ചോറ്...'' പേരക്കുട്ടിയുടെ കൈകൾ കൊണ്ട് വെച്ച ചോറ് കൊത്തി തിന്നുന്ന കാക്ക... ''ഹായ് മുത്തച്ഛൻ...'' ●

■ കവിത

# പുതുവത്സരക്കുറിപ്പുകൾ




**മുകുന്ദൻ കുറുവട്ടൂർ**
**9048160748**


എന്തു ചെയ്യേണ്ടൂ, ഞാനിപ്പുതു-
വർഷപ്പുലരിയിൽ, എന്നാത്മ
സുഹൃത്തുക്കൾക്കാശംസകളേകയോ;
എന്നെത്തേടിയെത്തുന്നൊരാശംസാ-
വചനങ്ങൾ തൻ മാധുര്യവും
നുണഞ്ഞു
വെറുതെ ഇരിയ്ക്കയോ;
എന്റെ ഡയറിയിൽ, പുത്തൻ
പ്രതീക്ഷകളുണർത്തുന്ന
പുതുവത്സരത്തിനു സ്വാഗതം
എന്നു കുറിയ്ക്കയോ...?!
എങ്ങനെ കുറിക്കുവാൻ
കഴിയൂ,മെനിയ്ക്കാ-
മുഗ്ദ്ധ മോഹനവാക്യം,
നഗ്ന ജീവിതാനുഭവങ്ങൾ തൻ
കുരിശേറി, ഞാൻ പിടയുമ്പോൾ...!!
ഒരുവേള, ഓർത്തുനോക്കീടുകിൽ,
എന്തുപുതുവർഷം?
പോയവർഷത്തിലെ
അവസാനനാളിനും
ഇന്നീ, പുതുവർഷദിനത്തിനും തമ്മിൽ
എന്തുവ്യത്യാസം; ഒന്നുമില്ലല്ലോ
പാർത്താൽ...!
എല്ലാമിപ്പാവം മനുഷ്യന്റെ
ഓരോ പാഴ്‌വേലകൾ മാത്രം...!!
അല്ലെങ്കിൽ, ആർക്കു കഴിയുമീ
അനന്തപ്രവാഹിയാം കാലത്തെ,
കലണ്ടറിൻ ചതുരക്കളങ്ങളിൽ
ഒതുക്കുവാൻ ?!!

●

# വേഷങ്ങൾ



**ജയൻ പുതുമന**
വൈക്കം, കോട്ടയം
8330086062

തനി നാട്ടിൻപുറത്തുകാരി തങ്കമണിയെ കുമാരൻ വിവാഹം കഴിച്ചുകൊണ്ടുവന്നു. അവൻ നഗരത്തിലെ ഒരു വാടക വീട്ടിലാണ് താമസം. അച്ഛനും അമ്മയും കൂടെ ഇല്ല. താമസിക്കുന്നതിന്റെ തൊട്ട വീട്ടിൽ വയസ്സായ ഭാര്യാഭർത്താക്കന്മാരാണ് കുമാരന്റെ സഹായി – അവർ പരസ്പരം സഹായിക്കും.

തങ്കമണിയേ നഗരജീവിതത്തിലേക്ക് കൊണ്ടുവന്നപ്പോൾ കുമാരൻ നഗരജീവിതത്തിലെ ചിട്ടവട്ടങ്ങൾ അവളെ പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തു. അപരിചിതരായവരോട് അനാവശ്യമായി സംസാരിക്കരുത്. എന്തെങ്കിലും ആവശ്യം ഉണ്ടെങ്കിൽ തൊട്ട അയൽക്കാരായ വൃദ്ധ ദമ്പതികളുമായി സംസാരിക്കുക. മുറിയിലെ ഒരു സ്വിച്ച് അമർത്തിയാൽ അവരുടെ വീട്ടിൽ ബെൽ അടിക്കും. അവർ ഉടൻ വരും. അതുപോലെ അവർക്കും ഒരു സ്വിച്ച് ഉണ്ട്. അത് അമർത്തിയാൽ ഇവിടേയും ബെൽ അടിക്കും. (കുമാരൻ ഇലക്ട്രീഷനാണ്. കമ്പനിയിൽ ഷീഫ്റ്റ് ജോലിക്ക് പോകേണ്ടിയും വരും. അപ്പോൾ ഉപയോഗിക്കാനാണ് ഈ സംവിധാനം) എപ്പോഴും ഉമ്മറവാതിൽ അടച്ചിടാനും വാതിലിന്റെ അടുത്തുള്ള ജനൽ തുറന്നിടാനും അതിലൂടെ പുറത്തുവന്നവരെ നോക്കി ആവശ്യമെങ്കിൽ മാത്രം വാതിൽ തുറക്കാനും കുമാരൻ പറഞ്ഞുകൊടുത്തു. ഇത് ഗ്രാമപ്രദേശമല്ല. നഗരമാണ്. ഇത്രയുമൊക്കെ തങ്കമണിയോട് പറഞ്ഞുമനസ്സിലാക്കിയാണ് കുമാരൻ ജീവിതം തുടങ്ങിയത്.

കുമാരൻ പകൽ ജോലിക്കുപോയാൽ തങ്കമണി എന്തെങ്കിലും വായിച്ചിരിക്കും. പുരാണ പുസ്തകങ്ങളാണ് വായിക്കാറ്. അപ്പോൾ അവൾ ഉമ്മറവാതിൽ അടച്ചിടാറില്ല. ഒരുദിവസം മാന്യമായി തോന്നിക്കുന്ന ഒരു വ്യക്തി വെള്ള ഷർട്ട്, നല്ല വെളുത്ത മുണ്ട് എന്നിവയാണ് അയാളുടെ വേഷം, നിറഞ്ഞ ചിരിയോടെ വന്നു. വായനയിൽ മുഴുകിയിരിക്കുന്ന തങ്കമണി അറിഞ്ഞില്ല. അയാൾ അകത്തേക്ക് കയറി ''അല്ല ഇവിടെ കറന്റ് ഉണ്ടോ ?''

തങ്കമണി അപ്പോഴാണ് മാന്യമായി തോന്നിക്കുന്ന അയാളെ കണ്ടത്. ''ഉണ്ടല്ലോ, ഫാൻ തിരിയുന്നത് കണ്ടില്ലേ ?''

''ഓ, എന്നാൽ എന്റെ വീട്ടിലേയ്ക്ക് വരുന്ന ലൈനിലായിരിക്കും കുഴപ്പം'' എന്ന് പറഞ്ഞ് അയാൾ പോയി.

ഇയാൾ ഇടയ്ക്കിടയ്ക്ക് എല്ലാ ദിവസവും പല കാര്യങ്ങൾ പറഞ്ഞ് വരാൻ തുടങ്ങി. ഇത് അത്ര വലിയ കാര്യമായി തങ്കമണിക്ക് തോന്നിയില്ല. അവൾ അത് കുമാരനോട് പറയാനും പോയില്ല. ഒരുദിവസം അയാളുടെ പെരുമാറ്റം അതിരുകടക്കുന്നതായി തോന്നി. അപ്പോൾ കുമാരൻ പറഞ്ഞതുപോലെ തൊട്ടടുത്തുള്ളവരെ സ്വിച്ച് ഇട്ട് വിവരം അറിയിച്ചു. അവരെ കണ്ടതും മാന്യമായി അയാൾ പുറത്തേക്ക് പോയി.

തൊട്ടടുത്തുള്ള വീട്ടിലെ വൃദ്ധയായ സ്ത്രീ തങ്കമണിയോട് പറഞ്ഞു ''നീ നഗരത്തിലാണ് വന്നുചേർന്നത്. നീ പലതും ശ്രദ്ധിക്കണം. കുമാരൻ പറഞ്ഞപ്രകാരം നീ ഉമ്മറവാതിൽ അടച്ചില്ല. ഭർത്താവ് പറയുന്നതിൽ കാര്യമുള്ളത് അനുസരിക്കുന്നത് ഭാര്യയുടെ കടമയാണ്. നീ പുരാണം പ്രത്യേകിച്ച് രാമായണം വായിക്കാറുണ്ടെന്ന് പറഞ്ഞു. പക്ഷെ അതിലെ പല കാര്യങ്ങളും ശ്രദ്ധയോടെ നീ അറിഞ്ഞുവായിച്ച് മനസ്സിലാക്കിയിട്ടില്ല.''

പുരാണങ്ങൾ പാരായണം ചെയ്യുമ്പോൾ പലരും അതിലെ തത്ത്വം, അർത്ഥം ഒന്നും അറിയാതെ പാരായണം ചെയ്തുപോകുന്നു. ഒരാളുടെ വേഷം കണ്ട് അവൻ മാന്യനാണെന്ന് കരുതരുത്. ഉദാഹരണത്തിന് രാമായണത്തിൽ സന്യാസി വേഷത്തിൽ വന്ന് രാവണൻ സീതയെ പ്രലോഭിപ്പിച്ച് കൊണ്ടുപോയി. പലർക്കും സന്യാസിമാരോട് വലിയ ആദരവും ബഹുമാനവും കാണിക്കുന്നത് കാണാറുണ്ട്. ചില സന്യാസിമാർ മാത്രം അവരുടെ വേഷം, തിലകക്കുറി എന്നിവയെല്ലാം ഒരു വേഷംകെട്ടലായി തോന്നാറുണ്ട്. കേരളത്തിന് പുറത്താണ് കൂടുതലും കാണാറ്. വേഷങ്ങളിൽ മാത്രം വിശ്വസിക്കരുത്.

സന്യാസി വേഷത്തിൽ വന്നവർ എന്തെങ്കിലും ചോദിച്ചാൽ അത് നൽകാതിരിക്കുന്നത് ശരിയല്ല എന്ന തോന്നൽ ഉണ്ടാകാറുണ്ട് എന്നതുപോലെ മാന്യത തോന്നിച്ച രീതിയിലുള്ള വസ്ത്രധാരണവും ആദ്യ പെരുമാറ്റം തെറ്റില്ലാതെ തോന്നിച്ചതിനാലും തങ്കമണിക്ക് ഇങ്ങിനെ സംഭവിക്കാൻ പുറപ്പെട്ടത്.

ഒരാളുടെ വേഷങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം അയാളെ വിലയിരുത്തരുത് എന്ന സനാതന സത്യമാണ് ഈ സംഭവത്തിലൂടെ പറയുന്നത്. ഇന്നത്തെക്കാലത്ത് ഒരാളേയും അന്ധമായി വിശ്വസിക്കരുത് എന്ന പ്രായോഗിക ജീവിത ശാസ്ത്രമാണ് രാമായണത്തിലെ സീതാ സന്യാസി സംഭവം പറഞ്ഞുതരുന്നത്. ജീവിതത്തിലേക്ക് ഇറങ്ങിത്തിരിക്കുമ്പോൾ മാത്രമാണ് ഇത്തരം സംഭവങ്ങൾ അനുഭവിക്കേണ്ടിവരുന്നത്. അപ്പോൾ നമ്മൾ വായിച്ച പല നല്ല കൃതികളിലേയും സംഭവവുമായി ഒരു പുനർ മനനവായന ചെയ്ത് കാര്യങ്ങൾ പ്രവർത്തിച്ചുനോക്കുക. അപ്പോൾ വേഷംകെട്ട് ആണോ അല്ലയോ എന്ന് മനസ്സിലാക്കാം. ●



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# ഏക തത്ത്വ പുറത്തിറക്കിയ പുതിയ പുസ്തകങ്ങൾ

കോപ്പികൾക്ക് വിളിക്കുക 9446443321, 9387118131



കുട്ട്യോളുടെ ലോകം
ബാലസാഹിത്യം
മൂല കൃതി - സൂര്യ അശോക്
മലയാള പരിഭാഷ - പുഷ്പാ നവീൻ
വില - 100 രൂപ



കെനിയൻ സഫാരി - ഹക്കൂനാ മട്ടാട്ടാ
യാത്രാവിവരണം
ഡോ. ആശ ജയകുമാർ
വില - 120 രൂപ



ദേവഭൂമിയിലെ ദേവദാരുക്കൾ
യാത്രാവിവരണം
ഈശ്വർകുമാർ തരവത്ത്
വില - 100 രൂപ

# അക്വേറിയം

ശ്രീജ . ആർ
9496130546

കണ്ണാടി കൂട്ടിനുള്ളിൽ
രണ്ടു സ്വർണ്ണ കണ്ണുള്ള
രണ്ടു സ്വർണ്ണ മീനുകൾ
ഇണങ്ങിയും പിണങ്ങിയും
ഇത്തിരിപ്പോന്ന ഇടത്തിൽ
നീന്തിക്കളിക്കവേ...

കുളവും അറിയില്ലാ
പുഴയും അറിയില്ലാ
കായലും കടലും
ഒന്നും തന്നെ അറിയില്ലാ...
കണ്ണാടി കൂട് മാത്രം
കൺകണ്ട ലോകമാകവേ...

സന്ധ്യതിരിഞ്ഞപ്പോൾ
ഇടവും വലവും നീങ്ങാതെ
സ്വസ്ഥമായി
ചരൽക്കല്ലിൽ മെയ്യിരുത്തി
ചില്ലിട്ട സീമക്കപ്പുറം
സ്വർണ്ണ കണ്ണുകളെ കടത്തിവിടവേ...
ചതുര മുറിയിൽ
മേയുന്ന കണ്ണുകളിൽ
പതിഞ്ഞു പ്രതിബിംബങ്ങൾ...

പന്തല്ലാ കൈയ്യിൽ പകരം
കണ്ണിമയ്ക്കാതെ കണ്ണും നട്ടു
കുത്തിയിരിപ്പാൻ കളിക്കുന്ന കുട്ടികൾ
ഫോണിൽ ഗെയിംസുകൾക്കൊരു
അന്തമില്ലാ...

ആ മുറിക്കും ഈ മുറിക്കും
തിരക്കിൽ ചീറിപ്പായുന്ന അമ്മയുടെ
കൈയ്യിലുമുണ്ട് ഒരു ഫോൺ
അതിൽ സംസാരത്തിനോ അന്തമില്ലാ...

അയ്യോ അച്ഛനോ
പുത്തൻ ഫോണു കൊണ്ട്
പൊതിഞ്ഞ കാതുമായി
നോക്കുന്നു... ചിരിക്കുന്നു...
ഇടക്കിടെ മുഖഭാവം മാറ്റുന്നു...
അങ്ങോട്ടുമില്ലാ ഇങ്ങോട്ടുമില്ലാ
യാതൊരു അനക്കവുമില്ലാതെ
കുത്തിയിരിപ്പാണ്
ലാപ്ടോപ്പിൻ മുമ്പിൽ
പാവം നൃത്തം വെക്കുന്നു
കണ്ണിൻ കൃഷ്ണമണികൾ മാത്രം...
സന്ധ്യ രാവായി
മുറിക്കുള്ളിൽ ജീവിതം ഇതായി...

വാലും ചിറകും തുടുപ്പാക്കി
നീങ്ങുന്ന മീനുകൾ
മണ്ടനല്ലാ ചെറിയൊരു
മസ്തിഷ്കമുണ്ടുതാനും...

അവരെ കണ്ണാടിക്കൂട്ടിനുള്ളിൽ
അടച്ചിട്ടവർ
തങ്ങളെ താനേ നാല്
ചുവരിനുള്ളിൽ അടച്ചിട്ടുതാനും.
അനങ്ങാത്ത
അദ്ധ്വാനമില്ലാത്തവർക്കുപോലും
കാലം തെറ്റാതെ
തീറ്റയിടുന്ന യജമാനനെ
കലികാലം കരുണകൂടാതെ
വിഴുങ്ങുന്നതിനെ
കണ്ടുരസിക്കാനാവാതെ
പാവം മീനുകൾ
പിടയുന്നു തിരിച്ചറിവിൻെറ
ദഹനക്കേടിനാൽ...



കാത്തിരിപ്പ്
കഥകൾ
ടി. കെ. ഉണ്ണികൃഷ്ണൻ
വില - 100 രൂപ

## കുശാഗ്രബുദ്ധിക്കായൊരു ചോദ്യം...




ഉത്തരം അടുത്ത ലക്കത്തിൽ...

Published on 15/12/2019. RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 10, Issue 2, January 2020, Rs. 15/-
Postal Regn No. KL/PGT/032/2020-2022, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2020-2022

നടന്നുപോവാം, സൈക്കിളിൽ പോവാം,
ബൈക്കിൽ പോവാം, കാറിൽ പോവാം,
ബസ്സിൽ പോവാം, ട്രെയിനിൽ പോവാം,
എയ്റോപ്ലെയിനിൽ പോവാം...
ഏതിൽ പോയാലും ഏതിലേ പോയാലും
എത്താനുള്ളത് ഒരേ സ്ഥലത്തെന്ന്
തിരിച്ചറിഞ്ഞാൽ പിന്നെയെന്തിനീ തത്രപ്പാട്...
മറ്റുള്ളവർക്ക് ശല്യമാവാതെ ജീവിക്കുക...



**Centralised Book Production Centre**
For Typing, Layout, Cover Designing, Proof Reading, Printing & Publishing ന്
ഏക തത്ത്വയെ സമീപിക്കൂ, താത്പര്യപൂർവ്വം വിളിക്കൂ 9446443321